VOL NO: 07 I ISSUE 40
www.nerpatham.com
mail@nerpatham.com
2023 OCTOBER 07 I ₹10

# നേർപഥം
വാരിക

# കേരള പാഠ്യപദ്ധതി ചട്ടക്കൂട്: പ്രാധാന്യം സാമൂഹ്യ സുരക്ഷക്കോ, സ്വാർഥ താൽപര്യങ്ങൾക്കോ?

വ്യക്തിയുടെ സർവ്വതോമുഖമായ വളർച്ചയാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. മാറിയ കാലത്തിനും സാഹചര്യത്തിനുമനുസരിച്ച് പരിഷ്ക്കരണങ്ങൾ ആവശ്യമായി വരുന്നത് അതുകൊണ്ടാണ്. എന്നാൽ പുതിയ കാലത്തെ വിദ്യാർഥികളുടെ വ്യക്തിത്വത്തെ കരുപ്പിടിപ്പിക്കാനും അവരുടെ ലോകവീക്ഷണം ക്രമപ്പെടുത്താനും പുതിയ പാഠ്യപദ്ധതി എത്രത്തോളം അനുഗുണമാണ്? 2023ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട് പഠനവിധേയമാക്കുന്നു.

## മുസ്‌ലിം സ്ത്രീകൾക്കു വേണ്ടി കണ്ണീരൊഴുക്കുന്നവരുടെ ഉള്ളിലിരിപ്പ്

- സംസാരത്തിലും അമാനത്ത്!
- ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ
- നബിദിനാഘോഷവും നിൽക്കക്കള്ളിയില്ലാത്ത മുസ്‌ലിയാക്കന്മാരും



**ഹുസൈൻ സലഫിയുടെ പ്രകാശം പരത്തിയ പ്രവാചകന്മാർ എന്ന പുസ്തക പരമ്പരയിലെ 830 രൂപ വില വരുന്ന 5 പുസ്തകങ്ങൾ ഇപ്പോൾ വെറും 622 രൂപക്ക്**




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**

WISDOM BOOKS, E.K.P. Building, Calicut

www.wisdomislam.org publication@wisdomislam.org

0495 4019437 73567 66478



MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI

yono SBI | SBI Payments

SCAN & PAY

BHIM SBI Pay BHIM UPI

## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 01. | ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. | വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. | പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. | സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. | മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. | വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. | ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. | പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

0350

# നേർപഥം

വാരിക

2023 ഒക്ടോബർ 07
1445 റ.അവ്വൽ 22
പുസ്തകം 07 / ലക്കം 40






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി



10

**കേരള പാഠ്യപദ്ധതി ചട്ടക്കൂട്: പ്രാധാന്യം സാമൂഹ്യ സുരക്ഷക്കോ, സ്വാർഥ താൽപര്യങ്ങൾക്കോ?**
ഡോ. അബ്ദുല്ല ബാസിൽ സി.പി

മുഖമൊഴി
05 മുസ്‌ലിം സ്ത്രീകൾക്കു വേണ്ടി കണ്ണീരൊഴുക്കുന്നവരുടെ ഉള്ളിലിരിപ്പ്

ലേഖനം
06 പാലിക്കപ്പെടാത്ത വാഗ്ദാനങ്ങൾ
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
15 വിധിയും സ്വാതന്ത്ര്യവും
ഷാഹുൽ പാലക്കാട്

വിമർശനം
18 നബിദിനാഘോഷവും നിൽക്കക്കള്ളിയില്ലാത്ത മുസ്‌ലിയാക്കന്മാരും
മൂസ സ്വലാഹി കാര

ലേഖനം
23 പ്രൊഫഷണലുകൾ നേരിടുന്ന പ്രശ്നങ്ങൾ; പരിഹാരം അകലെയല്ല
ഡോ. ഫഹീം

ലേഖനം
26 ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ-02
സുഫ്‌യാൻ അബ്ദുസ്സലാം

ക്വുർആൻ ദർശനം
31 സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ഹദീസ് പാഠം
34 സംസാരത്തിലും അമാനത്ത്!
സിയാദ് അൽഹികമി



# 'അൽ മഹാറ' ദേശീയ വൈജ്ഞാനിക മത്സരങ്ങൾ സമാപിച്ചു

സൗദി എംബസിയുടെ സഹകരണത്തോടെ ജാമിഅഃ അൽഹിന്ദ് അൽഇസ്‌ലാമിയ്യഃയും വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതിയും സംയുക്തമായി, മൂന്നു ദിവസങ്ങളിലായി സംഘടിപ്പിച്ച 'അൽ മഹാറ' ദേശീയ വൈജ്ഞാനിക മത്സരങ്ങൾ സമാപിച്ചു.

സമാപന സമ്മേളനം സൗദി എംബസി അറ്റാഷേ ശൈഖ് ബദർ ബിൻ നാസിർ അൽഗനീം അൽ അനസി ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി. എൻ അബ്ദുല്ലത്വീഫ് മദനി ആധ്യക്ഷ്യം വഹിച്ചു.

എസ്‌സിആർടി റിസർച്ച് ഓഫീസർ ഡോ. എ. സഫീറുദ്ദീൻ, മമ്പാട് എംഇഎസ് കോളേജിലെ ചരിത്ര വിഭാഗം തലവൻ ഡോ. ഒ.പി. സ്വലാഹുദ്ദീൻ, ജാമിഅഃ അൽഹിന്ദ് അൽഇസ്‌ലാമിയ്യഃ റെക്ടർ സി. കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ, ഡയറക്ടർ ഫൈസൽ പുതുപ്പറമ്പ്, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി ടി.കെ. നിഷാദ് സലഫി, ശുറൈഹ് സലഫി, ഹംസ മദീനി, അബ്ദുൽ മാലിക് സലഫി, മുഹമ്മദലി ബാഖവി പ്രസംഗിച്ചു.

പെൺകുട്ടികളുടെ ക്വുർആൻ മനഃപാഠ മത്സരത്തിൽ യഥാക്രമം ഷെസ ഫാത്തിമ കൊളത്തൂർ, സുമയ്യ എൻ.സി ചേന്ദമംഗലൂർ, സുമയ്യ വടകര എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഹിഫ്ദ്വുൽ മുതൂൻ (നുഖ്ബതുൽ ഫിക്ർ) മത്സരത്തിൽ യഥാക്രമം മുഹമ്മദ് അനസ് കോയമ്പത്തൂർ, മുഹമ്മദ് ഫാഇസ് വല്ലപ്പുഴ, മുഹമ്മദ് ഇർഫാൻ തിരുവനന്തപുരം എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ആൺകുട്ടികളുടെ ഹിഫ്ദ്വുൽ ക്വുർആൻ മത്സരം: 1) മുഹമ്മദ് ഹിഷാം ബിൻ ശംസുദ്ദീൻ എടരിക്കോട് (ദാറുൽ ഉലൂം മൻഹലുൽ അബ്‌റാർ). 2) മുഹമ്മദ് മുബാരിസ് ബിൻ മുഹമ്മദ് കുഞ്ഞി കണ്ണൂർ, (ജാമിഅഃ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യഃ). 3) സ്വദഖ് റഹ്മി ബിൻ ഹസൻ നൈന ചെന്നൈ (അൽഅദാൻ അറബിക് കോളേജ്).

ഹിഫ്ദ്വുൽ മുതൂൻ (അൽ ഉസ്വൂലുസ്സലാസ) മൽസരം: 1) മുഹമ്മദ് നിഹാൽ ചെമ്മാട്. 2) മുഹമ്മദ് സജ്ജാദ് കണ്ണൂർ. 3) മുഹമ്മദ് റാഷിദ് മഞ്ചേരി.

അറബി പ്രബന്ധരചന മൽസരം: 1) സഫാന സലീം വടകര. 2) യൂനുസ് നജാതി വള്ളുവമ്പ്രം. 3)സ്വുഹൈബ് ഹസൻ മുബാറക്ഫൂരി, മുബാറക്ഫൂർ.

മലയാളം ഗ്രന്ഥരചന മൽസരം: 1) ജസീല എം മലപ്പുറം. 2) അജ്മൽ ഫൗസാൻ തിരുവനന്തപുരം. 3) സബീൽ ചെറുവാടി.

തസ്ഫിയ മത്സരം: 1) അബ്ദുർറഹ്മാൻ മലപ്പുറം. 2) ആസ്വിം അബ്ദുല്ലാഹ് കോഴിക്കോട്. 3) അദ്നാൻ അഹ്മദ് കൊല്ലായിൽ.

മെഗാ ക്വിസ് മത്സരം: 1) മഹ്ബൂബ മഞ്ചേരി. 2) അഹ്മദ് ജൈസിൽ, പുളിയാട്ടുകുളം. 3) ജാബിർ മുഹമ്മദ് മമ്പാട്.

അറബി കവിതരചന മത്സരം: 1) മുഹമ്മദ് ശാമിൽ തോട്ടശ്ശേരിയറ. 2) ഫദ്‌ലുറഹ്മാൻ കണ്ണൂർ. 3) മുഹമ്മദ് മുബാരിസ് കണ്ണൂർ.

വിശുദ്ധ ക്വുർആൻ പഠനവും പാരായണവും, അറബി ഭാഷാപഠനം, അതിന്റ വ്യാപനം തുടങ്ങിയ ലക്ഷ്യങ്ങളോടെ സംഘടിപ്പിച്ച മത്സരങ്ങളിൽ വിവിധ അറബിക് കോളേജ് ക്യാമ്പസുകളിൽനിന്നും മറ്റു വിദ്യാലയങ്ങളിൽനിന്നുമായി 700ൽ പരം പ്രതിഭകളാണ് മാറ്റുരച്ചത്.

# മുസ്‌ലിം സ്ത്രീകൾക്കു വേണ്ടി കണ്ണീരൊഴുക്കുന്നവരുടെ ഉള്ളിലിരിപ്പ്

'ഇസ്‌ലാം ബഹുഭാര്യത്വം അനുവദിക്കുന്നു, പുരുഷനു നൽകുന്നതിന്റെ പകുതി മാത്രമെ സ്ത്രീക്ക് അനന്തരാവകാശ സ്വത്ത് നൽകുന്നുള്ളൂ, അവളുടെമേൽ ശരീരം മുഴുവൻ മറയുന്ന വസ്ത്രം അടിച്ചേൽപിക്കുന്നു; ഇതെല്ലാം തെളിയിക്കുന്നത് ഇസ്‌ലാമിന്റെ കണ്ണിൽ സ്ത്രീകൾ പുരുഷന്മാരുടെ അടിമകളാണ് എന്നാണ്, സ്ത്രീ-പുരുഷ ബന്ധത്തെ അടിമയും ഉടമയും തമ്മിലുള്ള ബന്ധമായി ഇസ്‌ലാം തരംതാഴ്ത്തുന്നു' എന്നൊക്കെ യുക്തിവാദികളും നിരീശ്വരവാദികളും ആരോപിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. സോഷ്യൽ മീഡിയ കാലത്ത് ആരോപണങ്ങൾക്ക് പെട്ടെന്ന് വേരോട്ടം കിട്ടുമെന്നും കൂടുതൽ ആളുകളിലേക്ക് അത് എത്തിക്കാമെന്നുമുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിലായിരിക്കാം ഇത്തരം ആരോപണങ്ങൾ പല കോണുകളിൽനിന്നും ഉയർന്നുകൊണ്ടേയിരിക്കുകയാണ്. മലപ്പുറത്തെ മുസ്‌ലിം സ്ത്രീകളെ തട്ടത്തിൽനിന്നും മോചിപ്പിക്കുന്നതിൽ തങ്ങളുടെ പ്രസ്ഥാനം വഹിച്ച പങ്കിനെക്കുറിച്ച് ഒരു രാഷ്ട്രീയ നേതാവ് അഭിമാന പുരസ്സരം പറയുന്ന വീഡിയോ ശ്രദ്ധയിൽ പെടുകയുണ്ടായി. തൊഴിലാളി വർഗത്തിന്റെ അവകാശങ്ങൾക്കു വേണ്ടിയും ഭരണകൂട അഴിമതിക്കെതിരായുമൊക്കെ സമര പോരാട്ടങ്ങൾ നടത്തിയ സംഘടനയുടെ ഇപ്പോഴത്തെ പ്രധാന അജണ്ട മുസ്‌ലിം സ്ത്രീകളുടെ തട്ടം അഴിപ്പിക്കലും മറ്റുമായി മാറിയിരിക്കുന്നു!

ഇസ്‌ലാമിനെ പ്രമാണങ്ങളിൽനിന്ന് പഠിച്ചറിഞ്ഞ ഒരാൾക്കും സ്ത്രീ-പുരുഷബന്ധത്തെ അടിമയും ഉടമയും തമ്മിലുള്ള ബന്ധമായി ഇസ്‌ലാം തരംതാഴ്ത്തുന്നു എന്നു പറയാൻ കഴിയില്ല. സ്ത്രീകളോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ് ഉത്തമൻ എന്നാണ് തിരുനബി(സ്വ) പഠിപ്പിച്ചിട്ടുള്ളത്. അദ്ദേഹം അപ്രകാരം ജീവിച്ചു മാതൃക കാണിക്കുകയും ചെയ്തിട്ടുണ്ട്. നബിയുടെ മാതൃകയനുസരിച്ചു ജീവിക്കേണ്ടവനാണ് മുസ്‌ലിം.

വിമർശകർ ഇസ്‌ലാം സ്ത്രീക്ക് എതിരാണെന്നതിന് തെളിവായി ചൂണ്ടിക്കാണിക്കുന്ന നിയമങ്ങൾ യഥാർഥത്തിൽ സ്ത്രീയുടെ ക്ഷേമരക്ഷകൾക്ക് അനിവാര്യ ഉപാധികളാണെന്ന് പ്രായോഗികബുദ്ധിയോടെ ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയും. ഇസ്‌ലാമിലെ ബഹുഭാര്യത്വവും വിവാഹമോചനനിയമങ്ങളും വിധവാവിവാഹവും ഉദാഹരണം.

വാസ്തവത്തിൽ, സ്ത്രീസമുദായത്തെ കാലങ്ങളായി നിലനിന്നിരുന്ന പുരുഷന്റെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുകയാണ് ഇസ്‌ലാം ചെയ്തത്. കുടുംബിനിമാരുടെ നേരെ മർദനങ്ങൾ അഴിച്ചുവിടുന്നതിനും അവരെ അടിച്ചമർത്തുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്ന മദ്യപാനം അറേബ്യയിൽനിന്നു പിഴുതെറിയുകയും മദ്യം എന്തെന്നറിയാത്ത തലമുറകളെ സൃഷ്ടിക്കുകയും അതുവഴി സ്ത്രീവർഗത്തിന് സ്വൈര്യവും ക്ഷേമവും മോചനവും ഉറപ്പുവരുത്തുകയുംചെയ്തു ഇസ്‌ലാം.

കുലമഹിമയിൽ ഊറ്റംകൊണ്ടിരുന്ന അറബികളിൽ പലരും അപമാനബോധത്താൽ തങ്ങളുടെ സ്ത്രീസന്താനങ്ങളെ കൊന്നുകളയാൻ പോലും മടിച്ചിരുന്നില്ല. സ്ത്രീകളുടെ നേരെ ഇപ്രകാരം നിന്ദയും വെറുപ്പും പ്രകടിപ്പിച്ചുപോന്നിരുന്ന കാലത്താണ് ഇസ്‌ലാമിന്റെ കടന്നുവരവ്. അതോടെ മനുഷ്യസമൂഹത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ചും അത് സ്ത്രീവർഗത്തിനു നേടിക്കൊടുത്ത സ്വാതന്ത്ര്യത്തെയും ക്ഷേമത്തെയും സുരക്ഷിതത്വത്തെയും കുറിച്ചും മനസ്സിലാക്കുവാൻ വിമർശകർ ശ്രമിക്കുന്നില്ല, അല്ലെങ്കിൽ കണ്ടതായി ഭാവിക്കുന്നില്ല.

സ്ത്രീകളുടെ ക്ഷേമവും അവകാശങ്ങളും സുരക്ഷിതത്വവും ഇസ്‌ലാം ഉറപ്പുവരുത്തിയിട്ടുള്ളത് വെറും ഉൽബോധനങ്ങളിലൂടെയല്ല; നിയമനിർബന്ധങ്ങളിലൂടെയുമാണ്. അടുത്തകാലത്ത് മാത്രമാണ് ഇത്തരം അവകാശങ്ങൾ പല രാഷ്ട്രങ്ങളിലെയും സ്ത്രീകൾക്ക് നേടിയെടുക്കാൻ കഴിഞ്ഞതെന്ന യാഥാർഥ്യം ആർക്കാണ് നിഷേധിക്കാൻ കഴിയുക? ■



ലേഖനം

ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 36

# പാലിക്കപ്പെടാത്ത വാഗ്ദാനങ്ങൾ

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

### കല്ലുവച്ച നുണ

"1886 ഫെബ്രുവരി 20ലെ പരസ്യത്തിൽ നാല് ആൺമക്കളെപ്പറ്റി സുവാർത്തയറിയിച്ചിരുന്നു. നാലിൽ ഒരാൾ പോലും അന്ന് ജനിച്ചിരുന്നില്ല. അതിൽ വളരെ വ്യക്തമായിത്തന്നെ നാലാമത്തെ കുട്ടിയുടെ പേര് മുബാറക് എന്ന് നിർദേശിച്ചിരുന്നു" (തിരിയാഖുൽ ഖുലൂബ്, പേജ് 42).

വ്യക്തമായ നുണ പറയുകയാണ് ഖാദിയാനീ പ്രവാചകൻ! ആദ്യം ഒരു കുട്ടിയെപ്പറ്റിയുള്ള സുവിശേഷമാണെന്നായിരുന്നു പരസ്യം. പിന്നെ അത് രണ്ടാവുകയും ഇപ്പോഴത് നാലാവുകയും ചെയ്തിരിക്കുന്നു. നാലാമത്തെ കുട്ടിയുടെ പേര് പോലും നിർദേശിച്ചിട്ടുണ്ടത്രെ.

### ലാസറേ എഴുന്നേൽക്കൂ!

"ഒരിക്കൽ എന്റെ നാലാമത്തെ മകൻ മുബാറക് അഹ്മദ് മരിച്ചതായി ഞാൻ സ്വപ്നത്തിൽ കണ്ടു. കുറച്ചു ദിവസങ്ങൾക്കു ശേഷം മുബാറക് അഹ്മദ് കടുത്ത പനി ബാധിച്ച് എട്ടു തവണ ബോധരഹിതനായി. അവസാനത്തെ ബോധക്ഷയത്തിൽ അവന് ജീവൻ നഷ്ടപ്പെട്ടതായി തോന്നി. ഞാൻ പ്രാർഥിക്കാൻ തുടങ്ങി. പ്രാർഥനയിൽ മുഴുകിയിരിക്കുമ്പോൾ എല്ലാവരും പറഞ്ഞു; മുബാറക് അഹ്മദ് മരിച്ചുവെന്ന്. ഞാൻ അവന്റെ മേൽ കൈവച്ചു, ശ്വാസവും നാഡിമിടിപ്പും ഇല്ല, കണ്ണുകൾ മൃതദേഹത്തിന്റേത് പോലെ."

"കൈവച്ചതോടെ അനങ്ങുന്നതായി തോന്നി. ജീവന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. അപ്പോൾ ഞാൻ ഉച്ചത്തിൽ പറഞ്ഞു: 'മറ്യമിന്റെ പുത്രനായ യേശു മരിച്ചയാളെ ഉയിർപ്പിച്ചെങ്കിൽ, അത് ഇതിനപ്പുറം ഒന്നുമായിരുന്നില്ല. ആത്മാവ് ആകാശത്ത് എത്തുകയും മരണത്തിന്റെ മലക്ക് അത് തിരിച്ചുകൊടുക്കുകയുമായിരുന്നില്ല" (പേജ് 339).

ഈസാ നബി(അ) അല്ലാഹുവിന്റെ അനുമതി പ്രകാരം, മരിച്ചവരെ

ജീവിപ്പിച്ചതിനെ നിഷേധിക്കുവാൻ മിർസ ഈ അവസരം ഉപയോഗിക്കുകയാണ്.

"എന്റെ രക്ഷിതാവേ, മരിച്ചവരെ നീ പുനരുജ്ജീവിപ്പിക്കുകയും സ്വർഗത്തിൽനിന്ന് നിന്റെ പാപമോചനവും കാരുണ്യവും ഇറക്കിത്തരികയും ചെയ്യുന്നതെങ്ങനെയെന്ന് എനിക്ക് കാണിച്ചുതരിക. ഈ ഇൽഹാമിൽ, നമുക്ക് ഈ ദുആ ചെയ്യേണ്ടി വരുന്ന ഒരു സന്ദർഭം വരുമെന്നും അത് സ്വീകരിക്കപ്പെടുമെന്നും പറഞ്ഞിരുന്നു. അങ്ങനെ ഒരിക്കൽ നമ്മുടെ പയ്യൻ മുബാറക് അഹ്മദ് മരിച്ചുവെന്ന് എല്ലാവരും പറഞ്ഞു. നാം എഴുന്നേറ്റു പ്രാർഥിക്കുന്നതിനിടയിൽ കുട്ടിയുടെ മേൽ കൈവച്ചു, കുട്ടി ശ്വസിക്കാൻ തുടങ്ങി. ആത്മീയമായി മരിച്ച ആയിരക്കണക്കിന് ആളുകളെ അല്ലാഹു നമ്മുടെ കൈകളാൽ ഉയിർത്തെഴുന്നേൽപിക്കുമെന്നും ഈ ഇൽഹാമിനെ വ്യാഖ്യാനിക്കാം" (പേജ് 339).

"എന്റെ നാഥാ! മരണപ്പെട്ടവരെ നീ എങ്ങനെ ജീവിപ്പിക്കുന്നുവെന്ന് എനിക്ക് നീ കാണിച്ചുതരേണമേ" എന്ന് ഇബ്റാഹീം നബി(അ) അപേക്ഷിച്ചതായി ക്വുർആനിൽ (2:260) കാണാം. അത് കോപ്പിയടിച്ചിരിക്കുകയാണ് മിർസ. മരിച്ച കുട്ടിയുടെ ശരീരത്തിൽ കൈവച്ചപ്പോൾ കുട്ടി ശ്വസിക്കാൻ തുടങ്ങി എന്നു പറഞ്ഞതിലൂടെ അതിനുള്ള കഴിവ് തനിക്കുണ്ട് എന്ന് അണികളെ ധരിപ്പിക്കുകയാണു ലക്ഷ്യം. എന്നാൽ മുസ്‌ലിംകൾ അത് ചോദ്യം ചെയ്യും. അതുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടാനായി 'ആത്മീയമായി മരിച്ച ആയിരക്കണക്കിന് ആളുകളെ അല്ലാഹു നമ്മുടെ കൈകളാൽ ഉയിർത്തെഴുന്നേൽപിക്കുമെന്നും ഈ ഇൽഹാമിനെ വ്യാഖ്യാനിക്കാം' എന്ന് മുൻകൂട്ടി പറയുകയും ചെയ്തു. പിന്നെ, ഇതൊക്കെ സംഭവിച്ചതാണെന്ന് 'നേർപഥം' വായനക്കാർ തെറ്റുധരിക്കരുത്. 'ഇൽഹാം' എന്നാണ് മിർസ പറയുന്നത്. അഥവാ മനസ്സിലെ തോന്നലുകൾ! മുഹമ്മദ് നബി(സ്വ)യിലൂടെ പ്രവാചകത്വം അവസാനിപ്പിച്ച അല്ലാഹു ഏതായാലും ദിവ്യബോധനമായി ഇങ്ങനെ തോന്നിക്കില്ലെന്നുറപ്പ്.

## കാലാവധി കഴിഞ്ഞ്

പ്രവചനത്തിന്റെ അവസാനത്തെ അവധിയായ ഒമ്പതു വർഷം കഴിഞ്ഞ്, അഞ്ചു വർഷങ്ങൾക്കു ശേഷമാണ് 'സർവശ്രേഷ്ഠനായ' മുബാറക് അഹ്മദ് ജനിച്ചത്. ജനിക്കുന്നതിന് മുമ്പുതന്നെ തന്നോട് സംസാരിച്ചതായി മിർസ പുകഴ്ത്തിയ ആ 'അസാധാരണ സന്തതി' ഒമ്പതാം വയസ്സിൽതന്നെ മരിച്ചുപോയി. അതോടെ മിർസ പ്രതിരോധത്തിലായി. ഭാവിയിൽ ഉന്നതങ്ങളിലെത്തുമെന്ന് പറഞ്ഞ മകൻ ബാല്യത്തിൽ തന്നെ മരിച്ചുപോയാൽ ജനങ്ങളെ എങ്ങനെ അഭിമുഖീകരിക്കും? പക്ഷേ, മിർസാ ഗുലാം എന്ന കൗശലക്കാരൻ പതിവുപോലെ വ്യാഖ്യാന കസർത്തുമായി രംഗത്തു വന്നു. 'മജ്മൂഏ ഇശ്തിഹാറാതി'ൽ (5.11.1907) അദ്ദേഹം എഴുതിയ വിശദീകരിച്ചൊപ്പിക്കൽ നോക്കുക:

"എന്റെ മകൻ മുബാറക് അഹ്മദ് ഒമ്പതാം വയസ്സിൽതന്നെ മരിച്ചതിനെ ചൊല്ലി ശത്രുക്കൾ ആക്ഷേപിക്കുന്നു. എന്നാൽ വർഷങ്ങൾക്കു മുമ്പുതന്നെ അവന്റെ മരണത്തെപ്പറ്റി രണ്ടുതവണ അല്ലാഹു വഹ്‌യറിയിച്ചിരുന്നു. ശത്രുക്കൾ സന്തോഷിക്കുകയും നിന്നെ ആക്ഷേപിക്കുകയും ചെയ്യുമെന്നും എന്നാൽ അവരുടെ ഒടുക്കം ഏറെ നിന്ദ്യമായിരിക്കുമെന്നും അവൻ പറഞ്ഞു. തന്റെ അഹ്‌ലുബൈതിനെ ശക്തമായ പരീക്ഷണങ്ങളിലൂടെ ശുദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വഹ്‌യ് വന്നു..."

"നബി തിരുമേനിയുടെ ആൺമക്കൾ മരിച്ചപ്പോഴും ശത്രുക്കൾ പറഞ്ഞിരുന്നു, ഇയാൾ അബ്തർ ആയിപ്പോയെന്ന്. ഒടുവിൽ അദ്ദേഹത്തിന്റെ ആത്മീയ സന്തതികളാൽ അറേബ്യ നിറഞ്ഞു. അതേ വിജയം എനിക്കും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു" (വാല്യം 3, പേജ് 586-588).

വീണിടത്തു കിടന്ന് ഉരുളുന്ന ഈ പ്രവാചകത്വവാദി തന്നെ മഹാനായ നബി(സ്വ)യോട് ഉപമിച്ചത് ശ്രദ്ധിക്കുക. നബി(സ്വ) ഒരിക്കലും തനിക്കു പിറക്കാനിരിക്കുന്ന മക്കളെക്കുറിച്ച് മിർസയെ പോലെ വീമ്പു പറഞ്ഞിട്ടില്ല.

## പാലിക്കാത്ത വാഗ്ദാനങ്ങൾ

മുബാറക് അഹ്മദിന്റെ രോഗശമനത്തിനു വേണ്ടി മിർസാ ഖാദിയാനി മനമുരുകി പ്രാർഥിച്ചു. അല്ലാഹു രോഗശമനവും പൂർണാരോഗ്യവും നൽകാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തുവത്രെ. പക്ഷേ, ആ വാഗ്ദാനവും പാലിക്കപ്പെട്ടില്ല. മുസ്‌ലിംകൾ വിശ്വസിക്കുന്ന അല്ലാഹു വാഗ്ദാനം ലംഘിക്കുന്നവനല്ല, പാലിക്കുന്നവനാണ്. അക്കാര്യം ക്വുർആൻ ഒന്നിലധികം സ്ഥലങ്ങളിൽ എടുത്തു പറയുന്നുണ്ട്.

**"എന്റെ നാഥാ! മരണപ്പെട്ടവരെ നീ എങ്ങനെ ജീവിപ്പിക്കുന്നുവെന്ന് എനിക്ക് നീ കാണിച്ചുതരേണമേ" എന്ന് ഇബ്റാഹീം നബി(അ) അപേക്ഷിച്ചതായി ക്വുർആനിൽ (2:260) കാണാം. അത് കോപ്പിയടിച്ചിരിക്കുകയാണ് മിർസ. മരിച്ച കുട്ടിയുടെ ശരീരത്തിൽ കൈവച്ചപ്പോൾ കുട്ടി ശ്വസിക്കാൻ തുടങ്ങി എന്നു പറഞ്ഞതിലൂടെ അതിനുള്ള കഴിവ് തനിക്കുണ്ട് എന്ന് അണികളെ ധരിപ്പിക്കുകയാണു ലക്ഷ്യം. എന്നാൽ മുസ്‌ലിംകൾ അത് ചോദ്യം ചെയ്യും. അതുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടാനായി 'ആത്മീയമായി മരിച്ച ആയിരക്കണക്കിന് ആളുകളെ അല്ലാഹു നമ്മുടെ കൈകളാൽ ഉയിർത്തെഴുന്നേൽപിക്കുമെന്നും ഈ ഇൽഹാമിനെ വ്യാഖ്യാനിക്കാം' എന്ന് മുൻകൂട്ടി പറയുകയും ചെയ്തു.**

**1907 സെപ്റ്റംബർ 16നാണ് മുബാറക് അഹ്മദ് മരിച്ചത്. പറയപ്പെട്ട രണ്ടു സ്വപ്നങ്ങൾ സെപ്റ്റംബർ 17നും വിശദീകരണം സെപ്റ്റംബർ 24 നുമാണ് എന്നാണ് അൽഹകം വാരികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്ന് തദ്കിറയിൽ കാണാം. ഇത്തരം പ്രകടമായ വൈരുധ്യങ്ങളൊന്നും ബുദ്ധി പണയംവച്ച അണികളെ ചിന്തിപ്പിക്കില്ല എന്നതിലാണ് അവരുടെ നേതൃത്വത്തിന്റെ ഏക സമാധാനം.**

തദ്കിറയൽനിന്ന്: "1907 ഓഗസ്റ്റ് 27: മകൻ മിയാൻ മുബാറക് അഹ്മദിന് കടുത്ത പനിബാധിച്ചു. ചിലപ്പോൾ ബോധരഹിതനാവുമായിരുന്നു അവൻ. അവനെപ്പറ്റി ഇന്ന് ഇൽഹാം അവതരിച്ചു: 'സ്വീകരിച്ചിരിക്കുന്നു. ഒമ്പത് ദിവസമായ പനി മാറിയിരിക്കുന്നു.' അല്ലാഹു മിയാൻ സാഹിബിനെ സുഖപ്പെടുത്തട്ടെ എന്ന പ്രാർഥനയാണ് സ്വീകരിച്ചെന്ന് പറഞ്ഞത്. ഏതു ദിവസമാണ് പനി തുടങ്ങിയതെന്ന് വ്യക്തമായി ഓർത്തില്ല. പക്ഷേ, ദൈവം തന്റെ കൃപയാലും ഔദാര്യത്താലും മിയാന്റെ ആരോഗ്യത്തെക്കുറിച്ചും ഒമ്പതാം ദിവസം പനി വിട്ടതിനെപ്പറ്റിയും സന്തോഷവാർത്ത നൽകി. ഒമ്പതാം ദിവസം എന്നത് വ്യക്തമായിട്ടില്ല, ആക്കാൻ കഴിയില്ല. പക്ഷേ, ഗുരുതരമായ പനി ആരംഭിച്ച ദിവസം രോഗത്തിന്റെ തുടക്കമാകുമെന്ന് അറിയുന്നു. അല്ലാഹുവിനാണ് നന്നായി അറിയുക" (പേജ് 616-617).

അടിക്കുറിപ്പിൽ വിശദീകരിക്കുന്നു: "കഴിഞ്ഞ ഓഗസ്റ്റിൽ, മുബാറക് അഹ്മദിന് ഗുരുതരമായ പനി ബാധിച്ചു. പലപ്പോഴും ബോധക്ഷയം ഉണ്ടാകുകയും താപനില നൂറ്റിഅഞ്ച് ഡിഗ്രിയിലെത്തുകയും മരണഭയം മൂലം നിരാശനായ അവസ്ഥയിലാവുകയും ചെയ്തു. ഈ അവസ്ഥയിലാണ് ഒമ്പത് ദിവസം പനി പിടിച്ചത്. 1907 ആഗസ്റ്റ് 30ന് പനി പൂർണമായും മാറി. മുബാറക് തോട്ടത്തിൽ നടക്കാൻ പോയി. വീണ്ടും കുറച്ചുദിവസം പനിച്ചു. 1907 സെപ്തംബർ 14ന് കുട്ടി പൂർണമായും സുഖം പ്രാപിച്ചു. ഞാൻ പൂർണമായും ആരോഗ്യവാനാണെന്ന് കുട്ടിതന്നെ പറഞ്ഞു. കളിക്കാൻ തുടങ്ങി. പക്ഷേ, സർവശക്തനായ അല്ലാഹുവിന്റെ വാക്കുകൾ പുലരണമല്ലോ. അവന്റെ ജനത്തിന് ഒരു ദിവസം മുമ്പ് അല്ലാഹു അറിയിച്ചിരുന്നു ഈ മകൻ എത്രയും വേഗം അല്ലാഹുവിന്റെ അടുത്തേക്കുതന്നെ ചെന്നു ചേരുമെന്ന്"(പേജ് 617).

ഈസാനബി(അ) മരിച്ചയാളെ പുനരുജ്ജീവിപ്പിച്ചതുപോലെ തന്റെ കരസ്പർശം കൊണ്ട് മകന്റെ രോഗം സുഖപ്പെട്ടു എന്ന് കാണിക്കാനാണ് തീയതികൾ പരാമർശിച്ചുകൊണ്ടുള്ള ഈ വിശദീകരണം. ആഗസ്റ്റ് 27 മുതൽ സെപ്തംബർ 16 വരെയുള്ള ദിവസങ്ങൾക്കിടയിലാണ് പ്രാർഥന സ്വീകരിച്ചതും സുഖമായതും മരിച്ചതും എന്നു പറയുന്നു. എന്നാൽ മരണം അല്ലാഹു നേരത്തെ അറിയിച്ച പ്രകാരമാണെന്ന അവകാശവാദം അപാരമായ തൊലിക്കട്ടിയുടെ നിദർശനമാണ്.' അല്ലാഹുവിന്റെ' അറിയിപ്പ് എന്തായിരുന്നു?

'(എ) ഏതാണ്ട് ആഗസ്റ്റ് മാസത്തിൽ താൻ ബഹശ്തി മക്ബറയിൽ ഒരു ഖബ്ർ കുഴിപ്പിക്കുന്നതായി ഹസ്രത്ത് സ്വപ്നം കണ്ടു.'

'(ബി) അദ്ദേഹം പറഞ്ഞു: ചിലപ്പോൾ പിതാവിനെ സ്വപ്നം കണ്ടാൽ മകനും മകനെ സ്വപ്നം കണ്ടാൽ പിതാവും ആയിരിക്കും ഉദ്ദേശ്യം. ഒരിക്കൽ ഞാൻ സ്വപ്നത്തിൽ ഇവിടെ (ബഹശ്തി മക്ബറ) വന്ന് ശവക്കുഴി തോണ്ടുന്നവരോട് പറഞ്ഞു; എന്റെ ഖബ്ർ മറ്റുള്ളവരിൽനിന്ന് വേറിട്ടായിരിക്കണം. ഇതാ എനിക്കുള്ളത് എന്റെ മകന് നിവൃത്തിയായിരിക്കുന്നു' (പേജ് 617).

അടിക്കുറിപ്പിൽ, മുബാറക് അഹ്മദിന്റെ ഖബ്ർ മറ്റുള്ള ഖബറുകളിൽനിന്ന് കുറച്ച് ദൂരെയാണെന്ന് എഴുതിയിരിക്കുന്നു.

'മിയാൻ മുബാറക് അഹ്മദ് വെള്ളം നിറച്ച ഒരു മൺകുടത്തിൽ ഇറങ്ങുന്നതും മുങ്ങിപ്പോകുന്നതും സ്വപ്നത്തിൽ കണ്ടു. ഏറെ അന്വേഷിച്ചെങ്കിലും ഒരു വിവരവും ലഭിച്ചില്ല. മുമ്പോട്ടു പോയപ്പോൾ വേറെ ഒരാൺകുട്ടി ഇരിക്കുന്നത് കണ്ടു'(പേജ് 618). ഇതായിരുന്നു വത്രെ മറ്റൊരു സ്വപ്നദർശനം.

1907 സെപ്റ്റംബർ 16നാണ് മുബാറക് അഹ്മദ് മരിച്ചത്. പറയപ്പെട്ട രണ്ടു സ്വപ്നങ്ങൾ സെപ്റ്റംബർ 17നും വിശദീകരണം സെപ്റ്റംബർ 24 നുമാണ് എന്നാണ് അൽഹകം വാരികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്ന് തദ്കിറയിൽ കാണാം. ഇത്തരം പ്രകടമായ വൈരുധ്യ



ങ്ങളൊന്നും ബുദ്ധി പണയംവച്ച അണികളെ ചിന്തിപ്പിക്കില്ല എന്ന തിലാണ് അവരുടെ നേതൃത്വത്തി ന്റെ ഏക സമാധാനം.

1907ൽ മുബാറകിന്റെ എട്ടാംവ യസ്സിൽ തന്നെ, അവന്റെ വിവാഹം അബ്ദുസ്സത്താർ ഷായുടെ മകൾ മറിയം ബീഗവുമായി നടത്തിയി രുന്നു. പക്ഷേ, ധന്യമാവേണ്ടിയി രുന്ന ആ ജീവിതം വളരെ ചെറുപ്പ ത്തിലേ പൊലിഞ്ഞുപോയി. ഈ പയ്യന്റെ മരണം നേരത്തെ അറി യിക്കപ്പെട്ടിരുന്നുവെങ്കിൽ ഇത്ര ചെറുപ്പത്തിൽ തന്നെ അവന്റെ വിവാഹം നടത്തുമായിരുന്നുവോ? തന്റെ പ്രവചന സാക്ഷാത്കാരമാ യി മുബാറക് അഹ് മദിനെ തന്നെ യായിരുന്നു മിർസാ ഖാദിയാനി കരുതിയിരുന്നത്.

**മൂന്നിനെ നാലാക്കുന്നവൻ**

1886 ഫെബ്രുവരി 20ലെ പര സ്യത്തിൽ 'അർഥം പിടികിട്ടിയില്ല' എന്ന വിശദീകരണത്തോടെ 'മൂ ന്നിനെ നാലാക്കുന്നവൻ' എന്നൊ രു 'ഇൽഹാമീ വാക്യ'മുണ്ടായിരു ന്നു. അതിനെപ്പറ്റി പിൽക്കാലത്ത് മിർസാ ഖാദിയാനി ഇങ്ങനെ വ്യ ക്തമാക്കുകയുണ്ടായി:

"മൂന്ന് ആൺമക്കളെ അല്ലാഹു എനിക്ക് നൽകിയിട്ടുണ്ട്. ഇനി നാ ലാമതൊരാൾകൂടി മൂന്നിനെ നാ ലാക്കുന്നവനായി ജനിക്കുമെന്ന് സുവിശേഷം അറിയിക്കപ്പെട്ടിരി ക്കുന്നു. ആ കുട്ടിയെ കാത്തിരിക്കു കയാണ് ഞാൻ" (സമീമയെ അൻ ജാമെ ആഥം, പേജ് 15).

മൂന്നിനെ നാലാക്കുന്ന (സത്യ ത്തെ കളവാക്കുന്ന എന്നു പാഠഭേ ദം) മിർസാ സന്തതികളെ പരിചയ പ്പെടാം. മിർസാ ബശീർ അഹ്മദ് 'സീറതുൽ മഹ്ദി'യിൽ വിവരി ക്കുന്നു:

"ഉമ്മയുടെ നിവേദനം: മൂന്നി നെ നാലാക്കുന്നവനാണ് വാഗ്ദത്ത പുത്രനെന്ന് അല്ലാഹു അറിയിച്ചി രുന്നു. അല്ലാഹുവിന്റെ വാക്കു കൾ എത്ര മഹത്തരമാണെന്ന് മസീഹ് പറയാറുണ്ടായിരുന്നു. നമ്മുടെ ഇപ്പോഴുള്ള എല്ലാ കു ട്ടികളും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ മൂന്നിനെ നാ ലാക്കുന്നവരാണ്. ആദ്യഭാര്യയി ലെ രണ്ടു മക്കളെയും മരണപ്പെട്ട ബശീർ ഒന്നാമനെയും കൂട്ടിയാൽ മഹ്മൂദ് അഹ്മദ് മൂന്നിനെ നാലാ ക്കുന്നവനാകുന്നു. മരിച്ച ബശീറി നെ ഒഴിച്ചുനിർത്തി ജീവിച്ചിരിക്കു ന്നവരെയെല്ലാം കൂട്ടി നിന്നെയും (ബശീർ അഹ്മദ്), ആദ്യഭാര്യയി ലെ കുട്ടികളെ ഒഴിവാക്കി മരിച്ച വരും ജീവിച്ചിരിക്കുന്നവരുമായ ബാക്കി ആൺമക്കളെ കണക്കി ലെടുത്തുകൊണ്ട് ശരീഫ് അഹ്മ ദിനെയും, എന്റെ ജീവിച്ചിരിക്കുന്ന മക്കളെ മാത്രം എണ്ണിക്കൊണ്ട് മു ബാറക് അഹ്മദിനെയും ഈ ഇൽഹാമീ വാക്യത്തിന്റെ സാ ക്ഷാത്കാരമായി മസീഹ് ഗണിച്ചി രുന്നു" (ഭാഗം 1, പേജ് 13).

വല്ലാത്ത ജാതി കണക്കുത ന്നെ! ഇക്കണക്കിന് മിർസായുടെ മക്കളെ രണ്ടിനെ മൂന്നാക്കുന്നവ രും മൂന്നിനെ രണ്ടാക്കുന്നവരു മൊക്കെയായി ഗണിച്ചൊപ്പിക്കാ വുന്നതാണ്.

> **'ഇൽഹാമീ വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടേണ്ടതുണ്ടെന്ന് നാം കരുതി. പക്ഷേ, അല്ലാഹു നിനച്ചത് മറിച്ചായിരുന്നു.' എന്താണ് ഇപ്പറഞ്ഞതിനർഥം? ഇൽഹാമിലൂടെ അല്ലാഹു നൽകിയ വാഗ്ദാനങ്ങൾ അവൻ പാലിച്ചില്ല എന്ന്, അല്ലാഹു നിനച്ചത് മറ്റൊന്നാണ് എന്ന്! അഥവാ അല്ലാഹു വാക്കു പാലിച്ചില്ല എന്ന്. മിർസക്ക് വഹ്യ് നൽകുന്നതും വാഗ്ദാനം നൽകുന്നതും അല്ലാഹുവല്ല എന്നു വ്യക്തമാകാൻ ഇതിൽപരം തെളിവായി മറ്റെന്തു വേണം?**

"മുബാറക് അഹ്മദിനോട് അതിരറ്റ സ്നേഹമായിരുന്നു മസീ ഹിന്. അവൻ രോഗിയായപ്പോൾ മരുന്നും മറ്റുമായി അടുത്തുതന്നെ അദ്ദേഹം കഴിച്ചുകൂട്ടി. സ്വതവേ ധൈര്യശാലിയായിരുന്ന ഹകീം നൂറുദ്ദീൻ സാഹിബ് പോലും അവ ന്റെ മരണാസന്ന ഘട്ടത്തിൽ വല്ലാ തെ പതറിപ്പോയിരുന്നു. നാഡി പരിശോധിച്ച അദ്ദേഹം കസ്തൂ രി കൊണ്ടുവരാൻ പറഞ്ഞു. ആ ശബ്ദം ഇടറിയിരുന്നു. താക്കോലെ ടുത്ത് മസീഹ് മേശ തുറന്നുകഴി ഞ്ഞില്ല. മുബാറക് അന്ത്യശ്വാസം വലിച്ചു. ഹകീം സാഹിബ് ബോ ധരഹിതനായി നിലംപതിച്ചു. മു ബാറകിനോട് മസീഹിനുണ്ടായി രുന്ന സ്നേഹാതിരേകവും ഈ മരണം അദ്ദേഹത്തിനേൽപിക്കുന്ന ആഘാതവും ഹകീം സാഹിബിന് നന്നായറിയാമായിരുന്നു. മസീഹാ കട്ടെ വികാരക്ഷോഭം കാണിക്കാ തെ പേനയും കടലാസുമെടുത്ത് കുറെ കത്തുകളെഴുതി."

"അല്ലാഹുവിന്റെ തൃപ്തിയനു സരിച്ച് മുബാറക് അഹ്മദ് മരിച്ചു. ക്ഷമയും സഹനവും കൈവെടി യാതിരിക്കുക. അവനെ സംബന്ധി ച്ച ചില ഇൽഹാമീ വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടേണ്ടതുണ്ടെ ന്ന് നാം കരുതി. പക്ഷേ, അല്ലാഹു നിനച്ചത് മറിച്ചായിരുന്നു.' ബശീ റുദ്ദീൻ മഹമൂദ് അഹ്മദ് ആ ദിവ സത്തെ ഓർത്തെടുത്തുകൊണ്ട് ഖുത്ബയിൽ പറഞ്ഞു" (അൽഫ സൽ, 17.10.1932).

എങ്ങനെയുണ്ട്? 'ഇൽഹാമീ വാഗ്ദാനങ്ങൾ പൂർത്തീകരിക്ക പ്പെടേണ്ടതുണ്ടെന്ന് നാം കരുതി. പക്ഷേ, അല്ലാഹു നിനച്ചത് മറിച്ചാ യിരുന്നു.' എന്താണ് ഇപ്പറഞ്ഞതി നർഥം? ഇൽഹാമിലൂടെ അല്ലാഹു നൽകിയ വാഗ്ദാനങ്ങൾ അവൻ പാ ലിച്ചില്ല എന്ന്, അല്ലാഹു നിനച്ചത് മറ്റൊന്നാണ് എന്ന്! അഥവാ അല്ലാ ഹു വാക്കു പാലിച്ചില്ല എന്ന്. മിർസ ക്ക് വഹ്യ് നൽകുന്നതും വാഗ്ദാനം നൽകുന്നതും അല്ലാഹുവല്ല എന്നു വ്യക്തമാകാൻ ഇതിൽപരം തെളി വായി മറ്റെന്തു വേണം?

# കേരള പാഠ്യപദ്ധതി ചട്ടക്കൂട്: പ്രാധാന്യം സാമൂഹ്യ സുരക്ഷക്കോ, സ്വാർഥ താൽപര്യങ്ങൾക്കോ?


ഡോ. അബ്ദുല്ല ബാസിൽ സി.പി
: 87141 74330

**വ്യക്തിയുടെ സർവ്വതോമുഖമായ വളർച്ചയാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. മാറിയ കാലത്തിനും സാഹചര്യത്തിനുമനുസരിച്ച് പരിഷ്ക്കരണങ്ങൾ ആവശ്യമായി വരുന്നത് അതുകൊണ്ടാണ്. എന്നാൽ പുതിയ കാലത്തെ വിദ്യാർഥികളുടെ വ്യക്തിത്വത്തെ കരുപ്പിടിപ്പിക്കാനും അവരുടെ ലോകവീക്ഷണം ക്രമപ്പെടുത്താനും പുതിയ പാഠ്യപദ്ധതി എത്രത്തോളം അനുഗുണമാണ്? 2023ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട് പഠനവിധേയമാക്കുന്നു.**

> കേവലം ജോലി കിട്ടാനുള്ള കോച്ചിങ് അല്ല സ്കൂൾ വിദ്യാഭ്യാസമെന്നും അത് കുട്ടികളുടെ ലോകവീക്ഷണത്തെയും ജീവിതവീക്ഷണത്തെയുംവരെ സ്വാധീനിക്കുന്നതാണെന്നുമുള്ള തിരിച്ചറിവോടെ രക്ഷിതാക്കളും സാംസ്കാരിക സംഘടനകളും ഇവ്വിഷയത്തിൽ ഇടപെടേണ്ടത് അനിവാര്യമാണ്.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ 'കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023' ഈയിടെ പ്രകാശനം ചെയ്യപ്പെടുകയുണ്ടായി. അടുത്ത തലമുറയെ നിർമിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം എന്നതുകൊണ്ട് വളരെ ഗൗരവത്തോടെ വേണം നാം അതിലെ വിഷയങ്ങളെ കൈകാര്യം ചെയ്യാൻ. കേവലം ജോലി കിട്ടാനുള്ള കോച്ചിങ് അല്ല സ്കൂൾ വിദ്യാഭ്യാസമെന്നും അത് കുട്ടികളുടെ ലോകവീക്ഷണത്തെയും ജീവിതവീക്ഷണത്തെയുംവരെ സ്വാധീനിക്കുന്നതാണെന്നുമുള്ള തിരിച്ചറിവോടെ രക്ഷിതാക്കളും സാംസ്കാരിക സംഘടനകളും ഇവ്വിഷയത്തിൽ ഇടപെടേണ്ടത് അനിവാര്യമാണ്. ഏതെങ്കിലും ആശയങ്ങളുടെയോ തിയറികളുടെയോ പരീക്ഷണശാലകളല്ല സ്കൂളുകളെന്നും വിദ്യാർഥികൾ പരീക്ഷണ വസ്തുക്കളല്ലെന്നും തിരിച്ചറിയേണ്ടതുണ്ട്. ജെൻഡർ ന്യൂട്രാലിറ്റിയുമായും പൊളിറ്റിക്സുമായും ബന്ധപ്പെട്ട ചർച്ചയെ നിസ്സാരവത്കരിച്ച് അതൊരു യൂണിഫോമുമായി ബന്ധപ്പെട്ട വിഷയം മാത്രമാണെന്ന് തെറ്റിദ്ധരിച്ചവർക്ക് സിലബസ് ചട്ടക്കൂട് വന്നതോടെ കാര്യം ബോധ്യമായി എന്നാണ് മനസ്സിലാകുന്നത്.

ആണും പെണ്ണും തമ്മിലുള്ള എല്ലാ വ്യത്യാസങ്ങളെയും പൂർണമായി അപ്രസക്തമാക്കുക എന്ന ആശയമാണ്



ലിംഗനിഷ്പക്ഷത. അത് കേവലം യൂണിഫോമിലോ വസ്ത്രധാരണത്തിലോ ഒതുങ്ങുന്നതല്ല. യൂണിസെക്സ് ടോയിലറ്റുകളിലേക്കും ജെൻഡർ ന്യൂട്രൽ പ്രോനൗണുകളിലേക്കുംവരെ വ്യാപിക്കുന്ന വിശാലമായ ഒരു ആശയമാണ് അത്. അത്തരം വിശാലമായ ഒരു വിഷയത്തെയാണ് നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ കേവലമൊരു പെണ്ണിന് പാന്റ്സ് ധരിക്കാമോ എന്ന നിലയ്ക്ക് ചർച്ച ചെയ്യപ്പെട്ടത്.

ജെൻഡർ ന്യൂട്രാലിറ്റി നടപ്പിലാക്കിയതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ട് എന്ന് വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടിട്ടില്ല. ആണും പെണ്ണും ശാരീരികമായും മാനസികമായും മനഃശാസ്ത്രപരമായും സാമൂഹികമായും വ്യത്യസ്തകൾ ഉള്ളവരാണ്. ആ വ്യത്യസ്തകളെ പരിഗണിച്ചുകൊണ്ടുതന്നെയായിരിക്കണം അവരുടെ ഇടപെടലുകളും കടമകളും അവകാശങ്ങളും. അതിനെ പൂർണമായി നിരാകരിക്കുന്നതിലൂടെ സംഭവിക്കുന്നത് ന്യായമായ അവകാശങ്ങളും സ്വകാര്യതകളും പോലും ഇല്ലാതാവലാണ്.


ഇപ്പോൾ പുറത്തിറക്കിയ ചട്ടക്കൂട് തീർത്തും ജനാധിപത്യവിരുദ്ധവും സ്ത്രീവിരുദ്ധവും ശാസ്ത്രവിരുദ്ധവും സാമൂഹ്യവിരുദ്ധവുമാണ്. അത്തരം ഭാഗങ്ങൾ തിരുത്തപ്പെടാതെ പാഠപുസ്തക രചനയിലേക്ക് കടന്നാൽ അത് സമൂഹത്തോട് ചെയ്യുന്ന ദ്രോഹമായിരിക്കും.

**1. ജനാധിപത്യവിരുദ്ധം**

വലിയരൂപത്തിലുള്ള ചർച്ചകളും സംവാദങ്ങളും പൊതുജനാഭിപ്രായ ശേഖരണവും ഇതിന് മുന്നോടിയായി നടന്നിരുന്നു. ഇതിന് മുമ്പ് ഇറക്കിയ പൊതുജന ചർച്ചക്കായുള്ള രേഖയിൽ ഉണ്ടായിരുന്ന

**ആണും പെണ്ണും തമ്മിലുള്ള എല്ലാ വ്യത്യാസങ്ങളെയും പൂർണമായി അപ്രസക്തമാക്കുക എന്ന ആശയമാണ് ലിംഗനിഷ്പക്ഷത. അത് കേവലം യൂണിഫോമിലോ വസ്ത്രധാരണത്തിലോ ഒതുങ്ങുന്നതല്ല. യൂണിസെക്സ് ടോയിലറ്റുകളിലേക്കും ജെൻഡർ ന്യൂട്രൽ പ്രോനൗണുകളിലേക്കുംവരെ വ്യാപിക്കുന്ന വിശാലമായ ഒരു ആശയമാണ് അത്. അത്തരം വിശാലമായ ഒരു വിഷയത്തെയാണ് നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ കേവലമൊരു പെണ്ണിന് പാന്റ്സ് ധരിക്കാമോ എന്ന നിലയ്ക്ക് ചർച്ച ചെയ്യപ്പെട്ടത്. ജെൻഡർ ന്യൂട്രാലിറ്റി നടപ്പിലാക്കിയതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ട് എന്ന് വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടിട്ടില്ല.**

**ജെൻഡർ സാമൂഹ്യ നിർമിതിയാണെന്ന ഈ ആശയവും അതുമായി ബന്ധപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങളും ഒരു അടിത്തറയും ഇല്ലാത്തതാണെന്ന് മാത്രമല്ല, വലിയ സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമാണ്. ഇത്തരം ആശയങ്ങൾ നടപ്പിലാക്കിയ പാശ്ചാത്യ നാടുകളിൽ അതിന്റെ പരിണതികൾ അവരനുഭവിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഒരു തരത്തിലുള്ള പഠനമോ ഗവേഷണമോ ഇല്ലാതെ നാമത് കുട്ടികളിലേക്ക് അടിച്ചേൽപിക്കുന്നത്!**



പല കാര്യങ്ങളും പലയിടത്തും വലിയ ചർച്ചകൾക്ക് വിധേയമായിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ജെൻഡറുമായി ബന്ധപ്പെട്ട പരാമർശങ്ങളും സമീപനങ്ങളുമായിരുന്നു. ജെൻഡർ എന്നത് ഒരു സാമൂഹ്യ നിർമിതിയാണെന്നാണ് മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് നിയമസഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. അതാണ് ഈ വിഷയത്തിലെ സർക്കാരിന്റെയും കരിക്കുലം കമ്മറ്റിയുടെയും പൊതുനയം എന്നാണ് മനസ്സിലാകുന്നത്.

ജെൻഡർ സാമൂഹ്യ നിർമിതിയാണെന്ന ഈ ആശയവും അതുമായി ബന്ധപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങളും ഒരു അടിത്തറയും ഇല്ലാത്തതാണെന്ന് മാത്രമല്ല, വലിയ സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമാണ്. ഇത്തരം ആശയങ്ങൾ നടപ്പിലാക്കിയ പാശ്ചാത്യ നാടുകളിൽ അതിന്റെ പരിണതികൾ അവരനുഭവിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഒരു തരത്തിലുള്ള പഠനമോ ഗവേഷണമോ ഇല്ലാതെ നാമത് കുട്ടികളിലേക്ക് അടിച്ചേൽപിക്കുന്നത്!

പ്രസ്തുത രേഖയിൽ ഇടംപിടിച്ച ഈ ആശയങ്ങൾ ഒരുതരത്തിലും യഥാർഥ്യങ്ങൾക്ക് നിരക്കുന്നതല്ലെന്നും അത് കുട്ടികളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും പലയിടങ്ങളിൽ രക്ഷിതാക്കളും അധ്യാപകരും പൊതുപ്രവർത്തകരും രാഷ്ട്രീയ നേതാക്കളുമെല്ലാം ആവർത്തിച്ച് സൂചിപ്പിച്ചിരുന്നു. ചാനൽ ചർച്ചകളിൽ അത്തരം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ അനുകൂലികളായ പ്രതിനിധികൾക്ക് കൃത്യമായ മറുപടികൾ പറയാനാവാതെ പ്രയാസപ്പെട്ടതും എല്ലാവരും കണ്ടതാണ്. കരിക്കുലം കമ്മിറ്റിയിലുള്ള ശീതൾ ശ്യാം എന്ന വ്യക്തിക്ക് ഇവ്വിഷയത്തിൽ നടന്ന ഒരു സംവാദത്തിൽ ജെൻഡർ എന്താണ് എന്നുപോലും വിശദീകരിക്കാൻ സാധിക്കാതെ പോയതും ഏറെ ചർച്ചയായതാണ്. എന്നിട്ടും ഇപ്പോൾ ചട്ടക്കൂട് പുറത്തുവന്നപ്പോൾ അതിലുള്ള ആശയങ്ങളും പരാമർശങ്ങളും അതേപടി ആവർത്തിച്ചിരിക്കുന്നു!

വിമർശനങ്ങൾ വന്നതുകൊണ്ട് അപ്പടി പിൻവലിക്കണമെന്നല്ല, മറിച്ച് ആ വിമർശനങ്ങളെ സർക്കാർ പഠിച്ചിരുന്നോ, എങ്കിൽ അതിന്റെ യാഥാർഥ്യം എന്താണ്, എന്തൊക്കെയാണ് അതിനുള്ള ശാസ്ത്രീയ അടിത്തറകൾ എന്നൊക്കെ വിശദീകരിക്കേണ്ട ബാധ്യത സർക്കാരിനുണ്ടായിരുന്നു. ജെൻഡറുമായി ബന്ധപ്പെട്ട വ്യത്യസ്ത അഭിപ്രായങ്ങളെ കേൾക്കാനോ, ചർച്ച ചെയ്യാനോ തയ്യാറാവേണ്ടത് അനിവാര്യമാണ്. ഇനി, എതിരഭിപ്രായങ്ങളെയൊന്നും സ്വീകരിക്കാൻ പറ്റില്ല എന്ന നിലപാടായിരുന്നെങ്കിൽ എന്തിനായിരുന്നു ചർച്ചകൾ എന്നപേരിൽ ഒരുപാട് സമയവും അധ്വാനവും കളഞ്ഞത്? ‘ഞങ്ങളുടെ ആശയങ്ങൾ ഞങ്ങൾ ഉൾപെടുത്തിയിരിക്കുന്നു’ എന്ന് പ്രഖ്യാപിച്ചാൽ മതിയായിരുന്നല്ലോ!

**2. സ്ത്രീവിരുദ്ധം**

പൊതുവിൽതന്നെ ഒട്ടേറെ പീഡനങ്ങൾക്കും പ്രയാസപ്പെടുത്തലുകൾക്കും സ്ത്രീകൾ സമൂഹത്തിൽ ഇരയാക്കപ്പെടുന്നു എന്നത് ഒരു യാഥാർഥ്യമാണ്. ദിനേന പത്രമാധ്യമങ്ങളിലൂടെ സ്ത്രീപീഡന വാർത്തകൾ കേൾക്കുമ്പോൾ അസ്വസ്ഥത അനുഭവപ്പെടുന്നവരും അതിന് പരിഹാരം വേണമെന്ന് ചിന്തിക്കുന്നവരുമാണ് എല്ലാവരും. ഇത്തരം അതിക്രമങ്ങളിൽനിന്നും ചെറിയ രൂപത്തിലെങ്കിലും സ്ത്രീകൾക്ക് സംരക്ഷണം ലഭിക്കാനാണ് സ്ത്രീകൾക്ക് പൊതുവിടങ്ങളിലടക്കം പ്രത്യേക പരിഗണനകളും വേർതിരിച്ചുള്ള ഇടങ്ങളും റിസർവേഷനുകളും നടപ്പിലാക്കിയിട്ടുള്ളത്. സ്ത്രീകൾക്ക് മാത്രമായുള്ള ശുചിമുറികൾ, താമസസൗകര്യങ്ങൾ, ഹോസ്റ്റലുകൾ, സ്വകാര്യ ഇടങ്ങൾ എന്നിവയെല്ലാം സ്ത്രീ സുരക്ഷയെ മുന്നിൽ കണ്ട് നാം ഉണ്ടാക്കിയെടുത്തതാണ്. അതുമൂലം ഒരു പരിധിവരെയെങ്കിലും ഞരമ്പുരോഗികളായ പുരുഷന്മാരുടെ അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കാനും സാധിക്കുന്നുണ്ട്.

എന്നാൽ പാഠ്യപദ്ധതിയിൽ പറയുന്ന ‘വികസിക്കേണ്ട ജെൻഡർ സ്പെക്ട്രത്തെ പറ്റിയുള്ള ധാരണ’കൾ പ്രകാരം ഇനി ഏതൊരു പുരുഷനും താൻ സ്ത്രീയാണെന്ന് സ്വയം അവകാശപ്പെട്ടതുകൊണ്ട് മാത്രം സ്ത്രീ

കളുടെ ഇടങ്ങളിലേക്ക് ഇടിച്ചുകയറാനാകും! കാരണം ജെൻഡർ തിയറികൾ പ്രകാരം ഒരു മനുഷ്യന്റെ ലിംഗത്വം നിർണയിക്കുന്നത് അവന്റെ ലൈംഗിക അവയവങ്ങളോ ക്രോമസോമുകളോ ബീജമോ ഒന്നും നോക്കിയല്ല, ഓരോരുത്തർക്ക് സ്വയം തോന്നുന്നത് എന്തോ, അതാണ് അവരുടെ ലിംഗത്വം! അഥവാ പൂർണമായും പുരുഷശരീരവും ലൈംഗിക അവയവങ്ങളും ഉണ്ടെങ്കിൽ പോലും ഒരു വ്യക്തി 'ഞാൻ സ്ത്രീയായാണ് എനിക്ക് അനുഭവപ്പെടുന്നത്' എന്ന് പ്രഖ്യാപിച്ചാൽ മാത്രം മതി, അയാളെ സ്ത്രീയായി കണക്കാക്കാൻ!

സ്ത്രീയോ പുരുഷനോ എന്ന് നിർണയിക്കുന്നത് ജീവശാസ്ത്രപരമായ മാനദണ്ഡങ്ങൾ വെച്ചല്ലെന്നും അത് ഓരോരുത്തരും സ്വയം പ്രഖ്യാപിക്കുന്നതിനുസരിച്ചാണെന്നും അംഗീകരിച്ചാൽ നമ്മുടെ നാട്ടിലെ സ്ത്രീകളുടെ അവസ്ഥ എന്തായിരിക്കും! ഒരാളുടെയും തോന്നലുകൾ നമുക്ക് അളക്കാനോ, ഇന്നതാണെന്ന് പറയാനോ സാധ്യമല്ല. സ്ത്രീയാണെന്ന് സ്വയം അനുഭപ്പെടുന്നുവെന്ന് ഒരാൾ പറഞ്ഞാൽ അത് അംഗീകരിച്ചുകൊടുക്കാതെ നിവൃത്തിയുമില്ല. അപ്പോൾ പിന്നെ ആർക്കും എപ്പോഴും സ്വയം പറയുന്നുവെന്നതുകൊണ്ട് മാത്രം ആണും പെണ്ണുമാകാം! സ്ത്രീയുടെ സ്വകാര്യ ഇടങ്ങളിലേക്ക് കൂസലില്ലാതെ കയറിച്ചെല്ലാം!

ഇത് കേവലമായ ഒരു സാധ്യതയെ പറ്റിയുള്ള ഊഹമല്ല; പാശ്ചാത്യരാജ്യങ്ങളിൽ ഇത് സംഭവിച്ചു കഴിഞ്ഞു. പുരുഷന്മാർ സ്ത്രീയാണെന്ന് സ്വയം പറഞ്ഞതിന്റെ പേരിൽ മാത്രം സ്ത്രീകളുടെ കായിക ഇനങ്ങളിൽ പങ്കെടുക്കാൻ യോഗ്യത നേടുകയും അതിൽ മെഡലുകൾ നേടുകയും ചെയ്യുന്നത് അവിടങ്ങളിൽ സ്ഥിരം കാഴ്ചയായിരിക്കുന്നു! പെണ്ണാണെന്ന് സ്വയം പറഞ്ഞതിന്റെ പേരിൽ സ്ത്രീകളുടെ ജയിലിൽ അടക്കപ്പെട്ട ഒരു വ്യക്തി അവിടെയുള്ള രണ്ട് സഹതടവുകാരികളെ ഗർഭിണികളാക്കിയത് മലയാള മാധ്യമങ്ങളടക്കം റിപ്പോർട്ട് ചെയ്തത് ഏതാനും മാസങ്ങൾക്ക് മുൻപാണ്.

ഈയിടെ സ്കോട്ട്ലാന്റിൽ രണ്ട് സ്ത്രീകളെ ബലാത്സംഗം ചെയ്ത ഒരു വ്യക്തി, കോടതിയിൽ എത്തിയപ്പോഴേക്ക് താൻ പെണ്ണാണെന്ന് സ്വയം പ്രഖ്യാപിച്ചത് ഏറെ ചർച്ചയായിരുന്നു. സ്ത്രീയാണെന്ന് പറഞ്ഞതുകൊണ്ട് അവിടെ നിലനിൽക്കുന്ന നിയമമനുസരിച്ച് അയാളെ സ്ത്രീകളുടെ ജയിലിലേക്ക് അയക്കണം. ഒരു 'ബലാത്സംഗി'യെ സ്ത്രീകളുടെ ജയിലിലേക്ക് അയക്കുന്നതിനെ പറ്റി ആലോചിച്ചു നോക്കൂ! അവിടെയുള്ള ഫെമിനിസ്റ്റുകൾ പോലും അതിനെതിരെ രംഗത്ത് വരികയാണുണ്ടായത്.

**പാഠ്യപദ്ധതിയിൽ പറയുന്ന 'വികസിക്കേണ്ട ജെൻഡർ സ്പെക്ട്രത്തെ പറ്റിയുള്ള ധാരണ'കൾ പ്രകാരം ഇനി ഏതൊരു പുരുഷനും താൻ സ്ത്രീയാണെന്ന് സ്വയം അവകാശപ്പെട്ടതുകൊണ്ട് മാത്രം സ്ത്രീകളുടെ ഇടങ്ങളിലേക്ക് ഇടിച്ചുകയറാനാകും! കാരണം ജെൻഡർ തിയറികൾ പ്രകാരം ഒരു മനുഷ്യന്റെ ലിംഗത്വം നിർണയിക്കുന്നത് അവന്റെ ലൈംഗിക അവയവങ്ങളോ ക്രോമസോമുകളോ ബീജമോ ഒന്നും നോക്കിയല്ല, ഓരോരുത്തർക്ക് സ്വയം തോന്നുന്നത് എന്തോ, അതാണ് അവരുടെ ലിംഗത്വം! അഥവാ പൂർണമായും പുരുഷശരീരവും ലൈംഗിക അവയവങ്ങളും ഉണ്ടെങ്കിൽ പോലും ഒരു വ്യക്തി 'ഞാൻ സ്ത്രീയായാണ് എനിക്ക് അനുഭവപ്പെടുന്നത്' എന്ന് പ്രഖ്യാപിച്ചാൽ മാത്രം മതി, അയാളെ സ്ത്രീയായി കണക്കാക്കാൻ!**

### 3. ശാസ്ത്രവിരുദ്ധം

ഒരു കുഞ്ഞ് ജനിക്കുമ്പോൾ തന്നെ അതിന്റെ ലിംഗനിർണയം നടക്കുന്നുവെന്നതാണ് ശാസ്ത്രം. മാതാവിന്റെ അണ്ഡവും പിതാവിന്റെ ബീജവും തമ്മിൽ സംയോജിക്കുമ്പോൾതന്നെ സെക്സ് ക്രോമസോമുകൾ ഏതാണെന്ന് നോക്കി കുട്ടിയുടെ ലിംഗം നിർണയിക്കാൻ സാധിക്കും. പിന്നീട് വരാൻ സാധ്യതയുള്ള ഒരു കാര്യം ഭ്രൂണത്തിന്റെ വളർച്ചയുടെ 4-6 ആഴ്ചയിൽ സംഭവിക്കേണ്ട എസ്. ആർ. വൈ ജീനിന്റെ പ്രവർത്തനക്ഷമതയാണ്. അതുകൂടി സംഭവിക്കുന്നതോടെ കുട്ടി ആണോ പെണ്ണോ എന്നത് നിശ്ചയിക്കപ്പെട്ടുകഴിഞ്ഞു; ഇതാണ് ശാസ്ത്രം.

എന്നാൽ ഇങ്ങനെ നിശ്ചയിക്കപ്പെട്ടത് എന്താണെങ്കിലും ഓരോ വ്യക്തിയും സ്വയം പറയുന്നതാണ് അയാളുടെ ലിംഗത്വം എന്നതാണ് ജെൻഡർ പൊളിറ്റിക്സ് മുന്നോട്ടുവെക്കുന്ന ആശയം! ഒന്നാലോചിച്ചു നോക്കൂ, ഒരു വ്യക്തിയുടെ എല്ലാ കോശങ്ങളിലും രേഖപ്പെട്ടു കിടക്കുന്നത് അവൻ ആണാണെന്നാണെങ്കിലും, അവന് സ്വയം പെണ്ണാണെന്ന് തോന്നിയാൽ അവനെ പെണ്ണായി അംഗീകരിക്കണമത്രെ! പിന്നെ വസ്തുനിഷ്ഠമായ ശാസ്ത്രീയ പഠനങ്ങൾക്ക് എന്ത് അടിസ്ഥാനമാണുള്ളത്? ഇങ്ങനെയെങ്കിൽ എന്തിനെയാണ് മനുഷ്യന് നിഷേധിച്ചുകൂടാത്തത്? ജൈവശാസ്ത്രപരമായും വസ്തുതാപരമായും ആണായ ഒരാൾക്ക് പെണ്ണാണെന്ന് പറയാമെങ്കിൽ, അത് അംഗീകരിക്കണമെങ്കിൽ, ഒരു മനുഷ്യന് താൻ പട്ടിയോ പൂച്ചയോ ആണെന്ന് പറഞ്ഞുകൂടേ? അതും അംഗീകരിച്ചല്ലേ പറ്റൂ! ഒരു അറുപത് വയസ്സുകാരന് താൻ അഞ്ചുവയസുള്ള പിഞ്ചുകുഞ്ഞാണെന്ന് പറഞ്ഞുകൂടേ? വസ്തുതകൾക്കല്ലല്ലോ ഇവിടെ പ്രാധാന്യം, ഓരോരുത്തർക്ക്

സ്വയം എന്തായി തോന്നുന്നു എന്നതല്ലേ?

**4. സമൂഹവിരുദ്ധം**

സമൂഹത്തിന്റെ നിലനിൽപിന് അത്യാവശ്യമായ വ്യവസ്ഥകളെ തകിടം മറിക്കുന്ന ആശയങ്ങളാണ് ജെൻഡർ സ്പെക്ട്രം എന്ന പേരിൽ പാഠ്യപദ്ധതിയിൽ ഇടം പിടിച്ചിട്ടുള്ളത്. നിലനിൽക്കുന്ന എതിർവർഗ ലൈംഗിക സ്വഭാവികതയെ (ഹെറ്ററോനോർമേറ്റിവിറ്റി) തകർക്കുക എന്നത് ജെൻഡർ പൊളിറ്റിക്സിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ പെട്ടതാണ്. അതുമുഖേന ഇവിടെയുള്ള കുടുംബ സംവിധാനങ്ങളുടെ ആണിക്കല്ലിനാണ് ഇളക്കം തട്ടുക. കുടുംബ സംവിധാനത്തെ അസ്ഥിരപ്പെടുത്തി, തങ്ങളുടെ അജണ്ടകൾ നടപ്പിലാക്കുന്നവർക്ക് എന്തിനാണ് വിദ്യാഭ്യാസ വകുപ്പ് കുടപിടിക്കുന്നത് എന്നത് ഗൗരവത്തിൽ ആലോചിക്കേണ്ട കാര്യമാണ്.

ഈ ആശയങ്ങൾ സ്കൂൾ സിലബസിൽ ഉൾപെടുത്തിയാൽ, വരുംതലമുറയിൽ അതുണ്ടാക്കുന്ന അസ്തിത്വപ്രതിസന്ധി രൂക്ഷമായിരിക്കും. ഈ ആശയങ്ങൾ നടപ്പിലാക്കുകയും പാഠ്യപദ്ധതിയിൽ ഉൾപെടുത്തുകയും ചെയ്ത യൂറോപ്യൻ രാജ്യങ്ങളിൽ കൂടുതൽ കുട്ടികൾ ജെൻഡറുമായി ബന്ധപ്പെട്ട കൺഫ്യൂഷനിൽ പെടുകയാണെന്ന് സൂചിപ്പിക്കുന്ന കണക്കുകൾ ഒരുപാടാണ്. ആണാണോ പെണ്ണാണോ എന്ന് തിരിച്ചറിയാൻ സാധിക്കാത്ത, തന്റെ ശരീരത്തിന് വിരുദ്ധമായ ജെൻഡറാണോ തന്റേത് എന്ന തോന്നൽ കൊണ്ടുനടക്കുന്ന കുട്ടികളുടെ എണ്ണം ഓരോ വർഷവും കൂടിവരികയാണ്. അത് നിയന്ത്രിക്കാനോ അതിൽ അഭിപ്രായം പറയാനോ പോലും മാതാപിതാക്കൾക്ക് നിയമപരമായി അർഹതയുമില്ല.

ജനനം തൊട്ടുതന്നെ കുട്ടി തന്റെ ലിംഗത്വ സ്വത്വത്തെ ഊട്ടിയുറപ്പിക്കുന്ന ജീവിതശൈലിയും രീതികളും വസ്ത്രധാരണങ്ങളും ശീലിക്കുന്നത് കൊണ്ടാണ് നമ്മുടെ സമൂഹത്തിൽ ഇത്തരം പ്രശ്നങ്ങൾ ഇപ്പോൾ വ്യാപകമല്ലാത്തത്. എന്നാൽ ജെൻഡർ ന്യൂട്രാലിറ്റിയുടെ പേരിൽ അതെല്ലാം അപ്രസക്തമാക്കിയാൽ നമ്മുടെ നാട്ടിലും വീട്ടിലും വരാൻ പോകുന്നതും ഇത്തരം ഒരു പുതുതലമുറയായിരിക്കും എന്നതിൽ സംശയമില്ല. അതുകൊണ്ടാണ് ഇതിനെ പ്രാരംഭ ഘട്ടത്തിൽതന്നെ എതിർത്തു തോൽപിക്കാൻ സാമൂഹിക പ്രതിബദ്ധതയുള്ളവർ രംഗത്ത് വരുന്നത്.



**ഇത്രമേൽ ഭീകരമാണ് ജെൻഡർ ന്യൂട്രാലിറ്റിയുടെ മറവിൽ ഒളിച്ചുകടത്തുന്ന ലിബറൽ ജെൻഡർ പൊളിറ്റിക്സ് എന്ന് അതിന്റെ വക്താക്കൾക്ക് പോലും ധാരണയില്ല എന്നതാണ് വസ്തുത. പുരോഗമനം എന്ന പേരിൽ കൊണ്ടുവരുന്നതായതുകൊണ്ട് എന്തിനെയും വാരിപ്പുൽകുക എന്നതിനപ്പുറം ഇതിന്റെ വരും വരായ്കകളെക്കുറിച്ചോ പ്രശ്നങ്ങളെക്കുറിച്ചോ അവർ ബോധവാന്മാരല്ല. ഇടതു വിദ്യാർഥി പ്രസ്ഥാനം പരസ്യമായി ക്യാംപസ് ചുവരുകളിൽ അശ്ലീലം വരച്ചിടുമ്പോഴും, ഒരു സെക്ഷ്വൽ ലിബറേഷൻ ആണ് തങ്ങളുടെ ലക്ഷ്യം എന്ന് വിളിച്ചുകൂവുമ്പോഴും യൂറോപ്പിൽ സെക്ഷ്വൽ ലിബറേഷന് ശേഷം എന്ത് സംഭവിച്ചു എന്നോ, അവിടെയുള്ള സ്ത്രീ സുരക്ഷയും സാമൂഹിക സുരക്ഷയും എത്രമേൽ സംരക്ഷിപ്പെട്ടു എന്നോ പരിശോധിക്കാൻ അവർക്കായിട്ടില്ല.**

ഇത്രമേൽ ഭീകരമാണ് ജെൻഡർ ന്യൂട്രാലിറ്റിയുടെ മറവിൽ ഒളിച്ചുകടത്തുന്ന ലിബറൽ ജെൻഡർ പൊളിറ്റിക്സ് എന്ന് അതിന്റെ വക്താക്കൾക്ക് പോലും ധാരണയില്ല എന്നതാണ് വസ്തുത. പുരോഗമനം എന്ന പേരിൽ കൊണ്ടുവരുന്നതായതുകൊണ്ട് എന്തിനെയും വാരിപ്പുൽകുക എന്നതിനപ്പുറം ഇതിന്റെ വരും വരായ്കകളെക്കുറിച്ചോ പ്രശ്നങ്ങളെക്കുറിച്ചോ അവർ ബോധവാന്മാരല്ല. ഇടതു വിദ്യാർഥി പ്രസ്ഥാനം പരസ്യമായി ക്യാംപസ് ചുവരുകളിൽ അശ്ലീലം വരച്ചിടുമ്പോഴും, ഒരു സെക്ഷ്വൽ ലിബറേഷൻ ആണ് തങ്ങളുടെ ലക്ഷ്യം എന്ന് വിളിച്ചുകൂവുമ്പോഴും യൂറോപ്പിൽ സെക്ഷ്വൽ ലിബറേഷന് ശേഷം എന്ത് സംഭവിച്ചു എന്നോ, അവിടെയുള്ള സ്ത്രീ സുരക്ഷയും സാമൂഹിക സുരക്ഷയും എത്രമേൽ സംരക്ഷിപ്പെട്ടു എന്നോ പരിശോധിക്കാൻ അവർക്കായിട്ടില്ല.

ഇത്തരം കണക്കുകളും ശാസ്ത്രീയ വസ്തുതകളും ചർച്ചയായിട്ടും, പുനർവിചിന്തനത്തിനു തയ്യാറാകാതെ ഇതുമായി മുന്നോട്ടു പോകുന്ന വിദ്യാഭ്യാസവകുപ്പിന്റെ പ്രതിബദ്ധത സമൂഹത്തോടാണോ, അതോ ചില പ്രത്യേക ആശയക്കാരോടാണോ എന്ന് വ്യക്തമാക്കേണ്ടതുണ്ട്.

ലേഖനം



# വിധിയും സ്വാതന്ത്ര്യവും

ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു? 10

ഷാഹുൽ പാലക്കാട്
:97478 90521

**E58. രക്തസാക്ഷികളെ കുറിച്ചുള്ള പ്രവചനം**

അനസ്(റ) നിവേദനം: സൈദ്(റ), ജഅ്ഫർ(റ), ഇബ്നു റവാഹ(റ) എന്നിവരുടെ (യുദ്ധത്തിലുള്ള) മരണവാർത്ത പ്രവാചകൻ(സ്വ) ജനങ്ങളെ അറിയിച്ചു. ആ വാർത്ത വന്നെത്തും മുമ്പുതന്നെ കണ്ണുകൾ നനഞ്ഞുകൊണ്ട് പ്രവാചകൻ(സ്വ) രക്തസാക്ഷികളായവരുടെ പേരുകൾ പറഞ്ഞു. ശേഷം ഖാലിദ് ഇബ്നു വലീദ്(റ) നേതൃത്വം ഏറ്റെടുക്കുകയും വിജയിക്കുകയും ചെയ്തു എന്നും പ്രവാചകൻ പറഞ്ഞു. (ബുഖാരി).

യുദ്ധഭൂമിയിൽനിന്നും ഒരുപാട് അകലെയുള്ള മദീനയിലേക്ക് യുദ്ധത്തെ സംബന്ധിച്ച വിവരമെത്താൻ ഏറെ സമയമെടുക്കും. എന്നാൽ അറിയിപ്പുമായി ആരെങ്കിലും എത്തും മുമ്പുതന്നെ വന്നെത്താൻ പോകുന്ന വാർത്ത ജനങ്ങൾക്ക് പ്രവാചകൻ(സ്വ) അറിയിച്ചുകൊടുത്തു എന്നാണ് ഈ നിവേദനത്തിൽ പറയുന്നത്. പ്രവാചകനെ നേരിൽ അനുഭവിച്ച മനുഷ്യർക്ക് അദ്ദേഹത്തിന്റെ പ്രവാചകത്വം ബോധ്യപ്പെടുന്ന നിരവധി സമാന സന്ദർഭങ്ങൾ കാണാം. അദ്ദേഹം ദൈവദൂതനാണെങ്കിൽ മാത്രം അദ്ദേഹത്തിൽനിന്നും പ്രകടമാകേണ്ട കാര്യങ്ങൾ കാണപ്പെട്ടു എന്നത് പ്രവാചകത്വത്തെ തെളിയിക്കുന്നുണ്ട്.

**E59. അമ്മാറിന്റെ രക്തസാക്ഷ്യം**

ഇക്‌രിമ(റ) നിവേദനം: "മദീനാ പള്ളിയുടെ നിർമാണ വേളയിൽ ഞങ്ങൾ കല്ലുകൾ ചുമക്കുകയാണ്. ഓരോ തവണയും ഓരോ കല്ലു വീതം ചുമന്ന് കൊണ്ടുവരും. എന്നാൽ അമ്മാറാകട്ടെ രണ്ടു കല്ലുകൾ വീതമാണ് ചുമക്കുന്നത്. ആ നേരം പ്രവാചകൻ(സ്വ) അതുവഴി കടന്നുവന്നു. അമ്മാറിന്റെ തലയിൽ നിന്നും മണ്ണ് തട്ടിക്കളഞ്ഞുകൊണ്ടു പ്രവാചകൻ(സ്വ) പറഞ്ഞു: 'അമ്മാർ! അല്ലാഹുവിന്റെ കാരുണ്യം താങ്കൾക്ക് ഉണ്ടാകട്ടെ. ഒരു കൂട്ടം കലാപകാരികളുടെ കൈകളാൽ താങ്കൾ കൊല്ലപ്പെടും'' (ബുഖാരി).

നാലാം ഖലീഫ അലിയ്യുബ്നു അബീതാലിബി(റ)ന് എതിരെ കലാപം നയിച്ച ഒരുകൂട്ടം കലാപകാരികളുമായി ഹിജ്റ വർഷം 25ന് (എഡി 657) നടന്ന സിഫ്ഫീൻ യുദ്ധത്തിൽവച്ച് അലിയുടെ സൈന്യാംഗമായിരുന്ന അമ്മാറിനെ എതിർപക്ഷക്കാരായ കലാപകാരികൾ വധിക്കുകയുണ്ടായി. നബി(സ്വ) യുടെ പ്രമുഖ അനുയായികളിൽ ഒരാളായിരുന്നു അമ്മാർ. (https://en.m.wikipedia.org/wiki/Ammar ibn Yasir).

**E60. ഹസൻ ഇബ്നു അലി(റ)യെ കുറിച്ച്**

പ്രവാചകൻ(സ്വ) ഒരിക്കൽ തന്റെ പ്രസംഗ പീഠത്തിനരികിൽനിന്നും തന്റെ പേരക്കുട്ടിയായ ഹസൻ ഇബ്നു അലിയെ കൈയിലെടുത്ത് ഉയർത്തി അനുയായികളോട് പറഞ്ഞു: 'എന്റെയീ കുഞ്ഞ് ഒരു നേതാവാണ്! അല്ലാഹു അവന്റെ കരങ്ങളിലൂടെ മുസ്‌ലിംകളുടെ രണ്ടു സംഘങ്ങൾക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്' (ബുഖാരി).

ക്രിസ്താബ്ദം 661ൽ ഹസൻ(റ) തനിക്കു ലഭിച്ച ഖിലാഫത്ത് ജനങ്ങളുടെ സമാധാനം കാംക്ഷിച്ച് മുആവിയക്ക് വിട്ടുകൊടുത്തതോടെ മുസ്‌ലിംകളിലെ രണ്ടു സംഘങ്ങൾ തമ്മിലുണ്ടായ സംഘർഷത്തിന് താൽക്കാലികമായ വിരാമമുണ്ടായി!

**E61. ഈജിപ്ത് കീഴടക്കൽ**

അബൂദർറുൽ ഗിഫ്ഫാരി(റ) യിൽനിന്നും നിവേദനം; പ്രവാചകൻ(സ്വ) പറഞ്ഞിരിക്കുന്നു: "നിശ്ചയമായും നിങ്ങൾ ഈജിപ്ത് ജയിച്ചടക്കും. നിങ്ങൾ ഈജിപ്ത് ജയിച്ചടക്കുമ്പോൾ തദ്ദേശവാസികളോട് നല്ല രീതിയിൽ സഹവസിക്കണം. കാരണം അവരുമായി കരാറും കുടുംബബന്ധവും ഉണ്ട്/അല്ലെങ്കിൽ കരാറും വിവാഹബന്ധവുമുണ്ട്. ഒരു ഇഷ്ടികയുടെ സ്ഥാനത്തിനുവേണ്ടി അവിടെ രണ്ടു പേർ തർക്കിക്കുന്നത് കണ്ടാൽ താങ്കൾ അവിടെനിന്നും പുറത്ത് പോകണം." അബൂദർറ്(റ) പറയുന്നു: "അബ്ദുർ റഹ്മാൻ ഇബ്നു ഹസനയും അദ്ദേഹത്തിന്റെ സഹോദരൻ റബീഅയും ഒരു ഇഷ്ടികയുടെ സ്ഥാനത്തിന്റെ പേരിൽ തർക്കിക്കുന്നത് ഞാൻ കണ്ടു. അപ്പോൾ ഞാൻ അവിടെനിന്നും പുറത്തുപോയി" (മുസ്‌ലിം).

എഡി 642ൽ രണ്ടാം ഖലീഫ ഉമറി(റ)ന്റെ ഭരണകാലത്ത് സൈന്യാധിപൻ അംറുബ്നുൽ ആസ്വി(റ)ന്റെ നേതൃത്വത്തിൽ മുസ്‌ലിംകൾ ഈജിപ്ത് ജയിച്ചടക്കുന്നു. ഈജിപ്ത് കീഴടക്കുമ്പോൾ ഹദീസ് റിപ്പോർട്ട് ചെയ്യുന്ന അബൂദർറ്(റ) ജീവിച്ചിരിക്കുന്നുണ്ട്. അദ്ദേഹം പ്രവാചകന്റെ പ്രവചനം നിറവേറുന്നതായും പ്രവാചകൻ(സ്വ) പറഞ്ഞതുപോലെ രണ്ടാളുകൾ ഒരു ഇഷ്ടികയുടെ കാര്യത്തിൽ തർക്കിക്കുന്നതായും കാണുന്നു. അദ്ദേഹം പ്രവാചക കൽപനയെ അക്ഷരംപ്രതി അനുസരിച്ച് അവിടെനിന്നും പുറത്തു പോകുന്നു. https://en.m.wikipedia.org/wiki/Muslim conquest of Egypt

**കേവല ചർച്ചകളിൽ വിധിവിശ്വാസം തർക്കവിഷയമാകുന്നത് ഇസ്‌ലാം വിലക്കുന്നു. സങ്കീർണമായ വിധിയെയും ഇച്ഛാസ്വാതന്ത്ര്യത്തെയും ഒരുപോലെ ഇസ്‌ലാം മുന്നോട്ട് വെക്കുന്നു. compatibilism എന്ന ആധുനിക തത്ത്വചിന്തയിലെ ആശയം നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രവാചകന് പറയാൻ കഴിഞ്ഞത് എങ്ങനെയാകും? സത്യമല്ലെങ്കിൽ മനുഷ്യന് ഉൾക്കൊള്ളാൻ പരിമിതിയുണ്ടെന്നറിഞ്ഞിട്ടും വിധിവിശ്വാസത്തെ സംബന്ധിച്ച് ആവർത്തിച്ച് പറയാൻ ക്വുർആനിന് കഴിഞ്ഞത് എങ്ങനെയാണ്? ലോകം ഈ ക്വുർആൻ വിവരണങ്ങളുമായി കൃത്യമായും ഒത്തുപോകുന്നത് എന്തുകൊണ്ടായിരിക്കും? അത് ദൈവികമാണ് എന്നതല്ലാതെ ഈ സമസ്യകൾക്ക് ഉത്തരമാകുന്നില്ല.**

**E65. ഖിലാഫത്തിന്റെ അവസാനവും തിരിച്ചുവരവും**

"അല്ലാഹു ഉദ്ദേശിക്കുന്ന കാലത്തോളം എന്റെ പ്രവാചകത്വം തുടരും. അതിനുശേഷം എന്റെ പ്രവാചകത്വത്തെ പിൻപറ്റുന്ന, ആ മാതൃക അതേപടി പിന്തുടരുന്ന ഖിലാഫത്ത് നിലവിൽ വരും. അതിനുശേഷം രാജഭരണമാകും ഉണ്ടാവുക. അതിനുശേഷം ലോകത്ത് ധിക്കാരികളുടെ ദുർഭരണമാകും ഉണ്ടാവുക. അതിനുശേഷം എന്റെ പ്രവാചകത്വത്തെ പിന്തുടർന്ന അതേ ഖിലാഫത്ത് വീണ്ടും വരും" (അഹ്മദ്).

ഹിജ്റ വർഷം 10ൽ (എഡി 632) നബി(സ്വ) മരണപ്പെട്ടതോടെ പ്രവാചകത്വം അവസാനിച്ചു. അതിനുശേഷം മുപ്പതു വർഷത്തോളം നബി(സ്വ)യുടെ മാതൃക പിൻപറ്റുന്ന ഖിലാഫത്ത് ലോകം കണ്ടു. അബൂബക്ർ(റ), ഉമർ(റ), ഉസ്മാൻ(റ), അലി(റ) എന്നിവരും അവർക്കുശേഷം വളരെ ചുരുങ്ങിയ കാലം അലി(റ)യുടെ മകൻ ഹസനും പ്രവാചകമാതൃയിൽ ഭരിച്ചു.https://en.m.wikipedia.org/wiki/Caliphate

അതിനുശേഷം മുആവിയയുടെ ഭരണം, ഉമവി ഭരണം, അബ്ബാസീ ഭരണം എന്നിങ്ങനെ രാജഭരണം നിലവിൽ വരികയുണ്ടായി. പിൽക്കാലത്ത് യുറോപ്യൻ അധിനിവേശങ്ങൾ ആരംഭിച്ചു. പിന്നെ ആ ധിക്കാരികളുടെ തേർവാഴ്ച ലോകം കണ്ടു. https://en.m.wikipedia.org/wiki/Imperialism. വീണ്ടും ഒരു ഖിലാഫത്ത് വരും എന്നത് കൂടി ഈ പ്രവചനത്തിൽ പുലരാൻ ബാക്കിയുണ്ട്.

**E66. വിധിയും സ്വാതന്ത്ര്യവും**

കേവല യുക്തികൊണ്ട് മാത്രം ചിന്തിച്ചാൽ വൈരുധ്യമെന്ന് തോന്നാവുന്ന ഒന്നാണ് വിധിയും സ്വാതന്ത്ര്യവും. സർവ പ്രത്യയശാസ്ത്രങ്ങളിലും ഭൗതിക വാദത്തിലും ഈ പ്രതിസന്ധിയുണ്ട്. ബാഹ്യ കാരണങ്ങളാണ് നിങ്ങളുടെ തീരുമാനങ്ങളെ നിശ്ചയിക്കുന്നത് എങ്കിൽ നിങ്ങൾക്ക് സ്വതന്ത്രമായ തീരുമാന ശക്തിയുണ്ടെന്ന് എങ്ങനെ പറയാനാകും? മസ്തിഷ്കത്തിന്റെ അകത്ത് നടക്കുന്ന ന്യൂറോ കെമിക്കൽ പ്രവർത്തനങ്ങളാണ് നിങ്ങൾ മറ്റൊരാളെ കൊല്ലാൻ കാരണമായത് എങ്കിൽ നിങ്ങളെ അതിനു കുറ്റം പറയാനാകുമോ? ഇടമുറിയാത്ത കാര്യ-കാരണങ്ങളുടെ ശൃംഖല മാത്രമാണ് പ്രപഞ്ചമെങ്കിൽ ബില്യൺ വർഷങ്ങൾക്ക് മുമ്പുതന്നെ നിങ്ങൾ മറ്റൊരാളെ കൊല്ലാനുള്ള വിധി പ്രപഞ്ചത്തിൽ ഉണ്ടെന്നാകുന്നു. ഈ പ്രതിസന്ധിയെ തുറന്ന് സമ്മതിക്കുന്നതാണ് നാസ്തികനും ന്യൂറോ സയന്റിസ്റ്റുമായ സാം ഹാരിസ് രചിച്ച 'ഫ്രീ വിൽ' എന്ന കൃതി. അതിൽ അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നത് കാണാം:

"ഒരു താൽപര്യം ജനിക്കുന്നതുവരെ എന്ത് താൽപര്യപ്പെടണം എന്നു നിർണയിക്കുന്നത് പോലും നാമല്ല. ഇത് മനസ്സിലാക്കിയാൽ നമ്മുടെ ചിന്തകളുടെ രചയിതാക്കൾ നാമല്ല എന്ന് മനസ്സിലാകും. നമ്മുടെ പ്രവൃത്തികൾക്ക് ഉത്തരവാദി നാമല്ല എന്ന് തിരിച്ചറിയാം. സാധാരണ, ജനങ്ങൾ മനസ്സിലാക്കുന്ന പോലെയല്ല ഇതൊന്നും" (Sam Harris, Free Will).

മനുഷ്യന് ശാസ്ത്രീയമായി സ്വതന്ത്ര ഇച്ഛാശക്തിയില്ലെങ്കിൽ പിന്നെ എങ്ങനെ ചെയ്യുന്ന കർമങ്ങൾക്ക് മനുഷ്യൻ ഉത്തരവാദിയാകും? ഈ പ്രതിസന്ധിക്ക് ആധുനിക ലോകം കാണുന്ന മറുപടി തത്ത്വചിന്തയിൽ Compatibilism എന്ന് അറിയപ്പെടുന്നു. അഥവാ മനുഷ്യൻ സ്വന്തം കർമങ്ങളെ സംബന്ധിച്ച് ബോധവാനായി അവൻ താൽപര്യപ്പെടുന്നത് ചെയ്യുന്നു. അതിന് മനുഷ്യ നിയന്ത്രിതമല്ലാത്ത ബാഹ്യകാരണം ഉണ്ടെന്നത് അവന്റെ ഇച്ഛാശക്തിക്ക് വിരുദ്ധമല്ല. അതിനാൽ മനുഷ്യന് ഇച്ഛാശക്തിയുണ്ടെന്നും അതേസമയം അവന്റെ കർമങ്ങൾ മുൻ നിശ്ചയിക്കപ്പെട്ടതാണെന്നും നാം തീർപ്പാക്കുന്നു. ചുരുക്കത്തിൽ വിധിയും സ്വാതന്ത്ര്യവും ഒരുപോലെ നിലനിൽക്കുന്നു. കേവല യുക്തിയാൽ വൈരുധ്യമെന്ന് തോന്നാമെങ്കിലും ഇവ രണ്ടും നിഷേധിക്കാൻ മനുഷ്യനാവില്ല എന്നിടത്ത് ആധുനിക ബുദ്ധിജീവികൾ ചെന്ന്നിൽക്കുന്നു. എന്നാൽ ഇതേ ആശയം തന്നെ നൂറ്റാണ്ടുകൾക്ക് മുന്നേ പറഞ്ഞുവെക്കാൻ കഴിഞ്ഞ ഒരേയൊരു ദർശനം ഇസ്‌ലാം മാത്രമാണ്. ഇസ്‌ലാം കൃത്യമായും മുൻ നിശ്ചയ സ്വഭാവം മനുഷ്യനും പ്രപഞ്ചത്തിനുമെല്ലാം ഉണ്ടെന്ന് പ്രഖ്യാപിക്കുന്നു:

"സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്ത (രക്ഷിതാവിന്റെ). വ്യവസ്ഥ നിർണയിച്ചു മാർഗദർശനം നൽകിയവനും" (87:2,3).

"തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥ പ്രകാരമാകുന്നു..." (54:49).

അതേസമയം മനുഷ്യന് ഇച്ഛാസ്വാതന്ത്ര്യമുണ്ടെന്നും അവന്റെ തിരഞ്ഞെടുപ്പുകൾക്ക് പ്രാധാന്യമുണ്ടെന്നും ക്വുർആൻ പറയുന്നത് കാണാം.

"പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ" (18:29).

"അവർ ആ പറഞ്ഞതും അവർ പ്രവാചകന്മാരെ അന്യായമായി കൊലപ്പെടുത്തിയതും നാം രേഖപ്പെടുത്തിവെക്കുന്നതാണ്. കത്തിയെരിയുന്ന നരകശിക്ഷ ആസ്വദിച്ചുകൊള്ളുക എന്ന് നാം (അവരോട്) പറയുകയും ചെയ്യും. നിങ്ങളുടെ കൈകൾ മുൻകൂട്ടി ചെയ്തുവെച്ചതുകൊണ്ടും അല്ലാഹു അടിമകളോട് അനീതി കാണിക്കുന്നവനല്ല എന്നതുകൊണ്ടുമാണ് അത്" (3:182).

"തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു" (76:3).

"നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് മാത്രമാണ് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നത്. തീർച്ചയായും ധർമനിഷ്ഠ പാലിക്കുന്നവർ സ്വർഗത്തോപ്പുകളിലും സുഖാനുഗ്രഹങ്ങളിലുമായിരിക്കും" (52:16,17).

അഥവാ വിധിയും സ്വാതന്ത്ര്യവും ഇസ്‌ലാമിലുണ്ട്. മനുഷ്യന്റെ തിരഞ്ഞെടുപ്പുകൾക്ക് അനുസരിച്ചാണ് അവന്റെ പരലോകമിരിക്കുന്നത്. എന്നാൽ കേവല യുക്തികൊണ്ട് മുൻനിശ്ചയത്വത്തെ പ്രകൃതിയിൽ മനുഷ്യൻ അറിയുന്നില്ല. അറിഞ്ഞെങ്കിൽ തന്നെ അത് സ്വതന്ത്ര ഇച്ഛയുമായി വൈരുധ്യത്തിലാകുന്നതായി മനുഷ്യൻ കരുതുന്നു. എന്നാൽ കേവല യുക്തിയുടെ പരിമിതിക്ക് അപ്പുറം ഇവയെ സംബന്ധിച്ച് സംസാരിക്കാൻ ഇസ്‌ലാമിന് കഴിയുന്നു എന്നതുതന്നെ ഇസ്‌ലാമിന്റെ ദൈവികതക്കുള്ള തെളിവാണ്. ഇസ്‌ലാം വിധിയെ സംബന്ധിച്ചും തിരഞ്ഞെടുക്കാനുള്ള മനുഷ്യസ്വാതന്ത്ര്യത്തെ കുറിച്ചും ഒരുപോലെ സംസാരിക്കുന്നു. തത്ത്വചിന്തയിൽ compatibilists ചെയ്യുന്നത് ഇതുതന്നെയാണ്. വിധിയെയും സ്വാതന്ത്ര്യത്തെയും ഒരുപോലെ അംഗീകരിക്കുന്നു.

മനുഷ്യയുക്തിക്ക് ഇത് കേവലമായി ഉൾക്കൊള്ളാൻ കഴിയില്ല എന്ന പരിമിതിയെ കുറിച്ച് കൂടി ഇസ്‌ലാം സാരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. മനുഷ്യന് ഉൾക്കൊള്ളാൻ കഴിവില്ലാത്ത ഒന്നിനെ അത് സത്യമല്ലെങ്കിൽ പ്രവാചകൻ(സ്വ) എന്തിന് പരിചയപ്പെടുത്തണം?

പ്രവാചകൻ പറയുന്നത് നോക്കുക: "ഇതിനാലാണ്(വിധി) ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. ഇതിനാലാണ് (വിധി) ഞാൻ അയക്കപ്പെട്ടത്. ഈ വിഷയം സംസാരിച്ച് നിങ്ങൾക്ക് മുമ്പുള്ള ജനം നാശമടഞ്ഞിരിക്കുന്നു. ഇതിന്മേൽ നിങ്ങൾ തർക്കിക്കരുത് എന്ന് ഞാൻ വിധിക്കപ്പെട്ടിരിക്കുന്നു" (തിർമിദി).

കേവല ചർച്ചകളിൽ വിധിവിശ്വാസം തർക്കവിഷയമാകുന്നത് ഇസ്‌ലാം വിലക്കുന്നു. സങ്കീർണമായ വിധിയെയും ഇച്ഛാസ്വാതന്ത്ര്യത്തെയും ഒരുപോലെ ഇസ്‌ലാം മുന്നോട്ട് വെക്കുന്നു. compatibilism എന്ന ആധുനിക തത്ത്വചിന്തയിലെ ആശയം നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രവാചകന് പറയാൻ കഴിഞ്ഞത് എങ്ങനെയാകും?

സത്യമല്ലെങ്കിൽ മനുഷ്യന് ഉൾക്കൊള്ളാൻ പരിമിതിയുണ്ടെന്നറിഞ്ഞിട്ടും വിധിവിശ്വാസത്തെ സംബന്ധിച്ച് ആവർത്തിച്ച് പറയാൻ ക്വുർആനിന് കഴിഞ്ഞത് എങ്ങനെയാണ്? ലോകം ഈ ക്വുർആൻ വിവരണങ്ങളുമായി കൃത്യമായും ഒത്തുപോകുന്നത് എന്തുകൊണ്ടായിരിക്കും? അത് ദൈവികമാണ് എന്നതല്ലാതെ ഈ സമസ്യകൾക്ക് ഉത്തരമാകുന്നില്ല. ■



# നബിദിനാഘോഷവും നിൽക്കക്കള്ളിയില്ലാത്ത മുസ്‌ലിയാക്കന്മാരും

മൂസ സ്വലാഹി കാര
:97473 45768

ലോകാനുഗ്രഹിയായി നിയോഗിക്കപ്പെട്ട നബി(സ്വ)യുടെ ഉത്തമജീവിതത്തെ അപമാനിക്കുംവിധം ചിലർ അവിടുത്തെ ജനന മാസത്തെ ആഘോഷമയമാക്കുകയും അതിന് പ്രത്യേക പവിത്രത കൽപിക്കുകയും ചെയ്തുവരുന്നത് മതവിരുദ്ധമായ കാര്യമാണ്. വിശുദ്ധ ക്വുർആനെ വിശദീകരിച്ച് വിശുദ്ധിയുടെ പാഠങ്ങൾ പഠിപ്പിക്കുകയും സ്വർഗത്തിലേക്കടുപ്പിക്കുന്നതും നരകത്തിൽനിന്ന് അകറ്റുന്നതുമായ കാര്യങ്ങൾ വ്യക്തമാക്കിത്തരികയും ചെയ്ത നബി(സ്വ) റബീഉൽ അവ്വൽ മാസത്തിൽ പ്രത്യേകമായി ഒരു നിമിഷം പോലും ആനന്ദിക്കാത്തതിനാൽ വിശ്വാസികൾക്ക് ഇവരുടെ ആഘോഷത്തെ സ്വീകരിക്കാൻ കഴിയില്ല. അല്ലാഹു പറയുന്നു: "നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക..."(ക്വുർആൻ 59:7).

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ, നബി(സ്വ)യോട് ഇണങ്ങിജീവിച്ച പത്‌നിമാർ, അവിടുത്തോട് സഹവസിച്ച സഹചാരികൾ, അവരെ പിൻപറ്റിയവർ, പ്രബല മദ്ഹബുകളുടെ ഇമാമുമാർ, ഹദീസ് പണ്ഡിതന്മാർ, അഹ്‌ലുസ്സുന്ന വൽജമാഅയുടെ നിലപാട് രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥങ്ങൾ... ഇതിലെവിടെയും മീലാദാഘോഷത്തിന്റെ വക്താക്കൾക്ക് പിടിവള്ളിയില്ലെന്നത് പച്ചപ്പരമാർഥമാണ്. ഒരു കാര്യം പുണ്യപ്രവർത്തനമാകണമെങ്കിൽ ഇഖ്‌ലാസ് (കീഴ്‌വണക്കം), ഇത്തിബാഅ് (പ്രവാചകാനുധാവനം) എന്നിവ നിർബന്ധമാണ്.

**ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ, നബി(സ്വ) യോട് ഇണങ്ങി ജീവിച്ച പത്നിമാർ, അവിടുത്തോട് സഹവസിച്ച സഹചാരികൾ, അവരെ പിൻപറ്റിയവർ, പ്രബല മദ്ഹബുകളുടെ ഇമാമുമാർ, ഹദീസ് പണ്ഡിതന്മാർ, അഹ്ലുസ്സുന്ന വൽജമാഅയുടെ നിലപാട് രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥങ്ങൾ... ഇതിലെവിടെയും മീലാദാഘോഷത്തിന്റെ വക്താക്കൾക്ക് പിടിവള്ളിയില്ലെന്നത് പച്ചപ്പരമാർഥമാണ്. ഒരു കാര്യം പുണ്യപ്രവർത്തനമാകണമെങ്കിൽ ഇഖ്‌ലാസ് (കീഴ്‌വണക്കം), ഇത്തിബാഅ് (പ്രവാചകാനുധാവനം) എന്നിവ നിർബന്ധമാണ്.**

അല്ലാഹു പറയുന്നു: "...അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ" (18:110).

ആഇശ(റ)യിൽനിന്ന്; നബി(സ്വ)പറഞ്ഞു: "നമ്മുടെ കൽപനയില്ലാതെ ഒരു കർമം ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്" (മുസ്‌ലിം).

നബികുടുംബത്തോട് കപടസ്നേഹം പ്രകടിപ്പിച്ച് ഇസ്‌ലാമിനെ നശിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയ ശിയാ വിഭാഗത്തിലെ ഫാത്വിമിയാക്കളിലെ ഉമർ മുല്ല എന്ന വ്യക്തി ഹിജ്റ മുന്നൂറിനു ശേഷം ഉണ്ടാക്കുകയും അറുനൂറിനുശേഷം മുദ്വഫ്ഫർ രാജാവ് കൊഴുപ്പിക്കുകയും ചെയ്ത ആഘോഷമാണിത്. മതത്തെ കുഴപ്പത്തിലാക്കണമെന്ന ശിയാക്കളുടെ താൽപര്യവും അവരുടെ സന്തതികളായ സൂഫികൾ സമൂഹത്തിൽ നിന്നാഗ്രഹിച്ച പ്രസിദ്ധിയും മറ്റു മതസ്ഥരുടെ സ്വാധീനവും ഇതിന്റെ വ്യാപനത്തിന് കാരണമായിത്തീർന്നു. ഈ ആഘോഷത്തിലെ സമസ്ത-ശിയാ ഐക്യം അവർതന്നെ തുറന്നെഴുതുന്നു:

"മീലാദുന്നബി പോലെയുള്ള പുണ്യാത്മാക്കളുടെ ജന്മദിനം ആഘോഷിക്കലും ചരമദിനം അനുസ്മരിക്കലും സുന്നീ-ശിയാ വിശ്വാസ പ്രകാരം പുണ്യകർമ്മങ്ങളാണ്" (അൽമുബാറക് /1989 ആഗസ്ത് 16/ പേജ് 5).

"അതായത് റസൂലുല്ലാഹി(സ) റബീഉൽ അവ്വൽ 12നു ജനിച്ചു എന്നാണല്ലോ നമ്മുടെ അഭിപ്രായം. ശിയാക്കൾക്ക് ഇത് റബീഉൽ അവ്വൽ 17 ആണ്. അതിനാൽ പ്രവാചക ജന്മദിനത്തെ കുറിച്ചുള്ള സുന്നീ, ശിയാ തർക്കത്തിന് ഇടം കൊടുക്കാത്ത രീതിയിൽ റബീഉൽ അവ്വൽ 12ഉം 17ഉം ഉൾപ്പെടുന്ന വിധത്തിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷം..." (സത്യധാര/ 2015 ഡിസംബർ 1-15/പേജ് 15).

പുത്തനാചാരങ്ങളോടുള്ള ഇസ്‌ലാമിന്റെ സമീപനം എത്ര കർശനവും ഗൗരവമേറിയതുമാണ്! ആഇശ(റ)യിൽനിന്ന്; നബി(സ്വ) പറയുന്നു: "നമ്മുടെ ഈ കാര്യത്തിൽ(മതത്തിൽ) ആരെങ്കിലും അതിലില്ലാത്തത് പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്" (ബുഖാരി, മുസ്‌ലിം).

ജാബിറി(റ)ൽനിന്ന്: "നബി(സ്വ) തന്റെ ഖുതുബയിൽ പറയാറുണ്ടായിരുന്നു: "പുതുതായി ഉണ്ടാക്കപ്പെട്ടതെല്ലാം വഴികേടാണ്. എല്ലാ വഴികേടും നരകത്തിലാണ്"(നസാഈ).

'സുന്നിവോയ്സ്' 2023 സെപ്തംബർ 1-30ലും 'സുന്നിഅഫ്കാർ' 2023 സെപ്തംബർ 16ലും വന്ന ലേഖനങ്ങളിൽ സമസ്തയുടെ മുഖ്യാഘോഷത്തെ തെളിവുകൾകൊണ്ട് സമർഥിക്കാൻ കഴിയാതെ ലേഖകർ കുഴങ്ങുന്നതു കാണാം. ഇത് പുത്തനാഘോഷമാണെന്നതിന്റെ കാരണങ്ങളെ ക്ഷയിപ്പിക്കാനുള്ള ഇവരുടെ പാഴ്ശ്രമങ്ങളെ നമുക്കൊന്ന് വിശകലനം ചെയ്യാം:

"നബിദിനത്തെ നിസ്സാരപ്പെടുത്താൻ മുജാഹിദുകൾ എഴുതിവിടാറുള്ള ദുർവാദമാണ് അമ്പിയാക്കളുടെ ജന്മദിനത്തെ കുറിച്ച് ഹദീസുകളിൽ ഒന്നും പറഞ്ഞിട്ടില്ലെന്നത്...ഇതൊരിക്കലും ശരിയല്ല. തിങ്കൾ, വെള്ളി ദിവസങ്ങളുടെ പ്രത്യേകത തന്നെ പ്രവാചകന്മാരുടെ ജനനദിനമാണെന്നതാണ്" (പേജ് 39, 40).

പ്രത്യേകമായി പറയപ്പെട്ട ദിവസങ്ങളെ അവഗണിക്കുക എന്ന സ്വഭാവം യഥാർഥ മുജാഹിദുകൾക്കില്ല. നോമ്പ് എന്ന അധ്യായത്തിൽ ഉദ്ധരിക്കപ്പെട്ട ഹദീസ്





**സമസ്ത നബിദിനം ആഘോഷിക്കുന്നത് ഇതര മതസ്ഥരെ അനുകരിച്ചാണെന്നത് അവർതന്നെ സമ്മതിച്ചതാണ്: "ചില മതങ്ങൾ മത സ്ഥാപകരുടെയും മറ്റും ജന്മദിനം ആഘോഷിച്ചുവരുന്നു. ബുദ്ധമത വിശ്വാസികൾ ബുദ്ധന്റെ ജന്മദിനം ഒരു പ്രധാന ആഘോഷമായി കാണുന്നു. ക്രിസ്തുവിന്റെ ജന്മദിനം ക്രിസ്തുമസ്സും ലോകം മുഴുവൻ കൊണ്ടാടപ്പെടുന്നു. ഗുരുനാനാക്ക് ജനിച്ച ദിവസം സിഖുക്കാരും ആഘോഷിക്കുന്നു. മുസ്‌ലിംങ്ങൾ പ്രവാചകൻ(സ)യുടെ ജന്മദിനം ലോകമെങ്ങും സമുചിതമായി ആഘോഷിക്കുന്നു'' (സന്തുഷ്ട കുടുംബം മാസിക /2014 ജനുവരി /പേജ് 41).**

പ്രകാരം നബി(സ്വ)യുടെ ജനനം തിങ്കളാഴ്ചയും ശിയാ വിശ്വാസത്തിലത് വെള്ളിയാഴ്ചയുമാണ്. തിങ്കൾ, വ്യാഴം ദിവസങ്ങളിലെ നോമ്പിന്റെ കാരണം പറഞ്ഞ നബി(സ്വ)യും അത് കേട്ട അബൂക്വതാദ(റ), അബൂഹുറയ്‌റ(റ) എന്നിവരും ഇമാമുമാരായ മുസ്‌ലിം(റഹ്), അബൂ ദാവൂദ്(റഹ്), അഹ്മദ്(റഹ്) തുടങ്ങിയവരും ഈ ഹദീസിനെ 'നബിദിനം' എന്ന നിലയ്ക്ക് പഠിപ്പിച്ചിട്ടില്ല. സമൂഹത്തെ തെറ്റിദ്ധരിപ്പിച്ച് കാര്യം സാധിക്കേണ്ട ഗതികേടിലാണ് ലേഖകനുള്ളത്.

മുസ്‌ലിയാർ എഴുതുന്നു: "മൗലിദാഘോഷം അമുസ്‌ലിംങ്ങളുടെ സമ്പ്രദായമായാണ് വഹാബികൾ പരിചയപ്പെടുത്തുന്നത്... എന്നാൽ, ഇത് വസ്തുതകൾക്ക് നിരക്കാത്ത ആരോപണം മാത്രമാണ്" (പേജ് 40).

സമസ്ത ഇതാഘോഷിക്കുന്നത് ഇതര മതസ്ഥരെ അനുകരിച്ചാണെന്നത് അവർതന്നെ സമ്മതിച്ചതാണ്: "ചില മതങ്ങൾ മത സ്ഥാപകരുടെയും മറ്റും ജന്മദിനം ആഘോഷിച്ചുവരുന്നു. ബുദ്ധമത വിശ്വാസികൾ ബുദ്ധന്റെ ജന്മദിനം ഒരു പ്രധാന ആഘോഷമായി കാണുന്നു. ക്രിസ്തുവിന്റെ ജന്മദിനം ക്രിസ്തുമസ്സും ലോകം മുഴുവൻ കൊണ്ടാടപ്പെടുന്നു. ഗുരുനാനാക്ക് ജനിച്ച ദിവസം സിഖുക്കാരും ആഘോഷിക്കുന്നു. മുസ്‌ലിംങ്ങൾ പ്രവാചകൻ(സ)യുടെ ജന്മദിനം ലോകമെങ്ങും സമുചിതമായി ആഘോഷിക്കുന്നു" (സന്തുഷ്ട കുടുംബം മാസിക /2014 ജനുവരി /പേജ് 41).

അല്ലാഹുവിനെയും നബി(സ്വ)യെയും പിൻപറ്റിയവർക്കാണ് വിജയിക്കാനാവുക. ക്വുർആൻ പറയുന്നു: "അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ" (24:52).

മുസ്‌ലിയാക്കന്മാരുടെ വിശ്വാസത്തിൽ ഈ ദിവസം എന്താണെന്ന് അവർതന്നെ പറയട്ടെ: "മൗലിദ് ആഘോഷം മൂല്യമുള്ള ഇബാദത്ത്" (സുന്നിഅഫ്കാർ/ 2023 സെപ്റ്റംബർ-16 / പേജ് 23).

"നബിദിനത്തിന്റെ ഭാഗമായി ഇസ്‌ലാം പഠിപ്പിക്കാത്തതൊന്നും മുസ്‌ലിംകൾ ചെയ്യാറില്ല. മൗലിദിന്റെ സദസ്സുകളിൽ നടക്കുന്നതെല്ലാം ഇസ്‌ലാം അംഗീകരിച്ച കാര്യങ്ങൾ തന്നെയാണ്. അതിനാൽ അതെല്ലാം പുണ്യമുള്ളതുമാണ്" (സുന്നിവോയ്സ് /പേജ് 41).

ലൈലതുൽ ക്വദ്‌റിനെക്കാൾ പുണ്യമാക്കപ്പെട്ട രാവായും രണ്ട് പെരുന്നാളിനെക്കാൾ വലിയ ആഘോഷമായുമൊക്കെ ഇതിനെ കാണുന്നവർക്ക് എന്തും എഴുതിവിടാമല്ലോ! പ്രമാണങ്ങളിൽ ഒരു വാക്ക് കൊണ്ടുപോലും സൂചിപ്പിക്കാത്ത ഈ ആഘോഷമെങ്ങനെ മൂല്യമുള്ള ഇബാദത്താകും? ഇത്രയധികം പുണ്യമാക്കപ്പെട്ടതാണെങ്കിൽ അല്ലാഹുവിന്റെ തൃപ്തി നേടിയ നബി(സ്വ)യും അനുചരന്മാരും ഇതൊഴിവാക്കുമായിരുന്നോ? നിഷിദ്ധമാക്കപ്പെട്ട രൂപത്തിൽ പള്ളികൾ അലങ്കരിക്കുന്നതും മ്യൂസിക്കിന്റെ അകമ്പടിയോടെ സിനിമാഗാനങ്ങൾക്കും തെറ്റായ ആശയങ്ങൾ നിറഞ്ഞ പാട്ടുകൾക്കും അങ്ങാടിയിൽ ചാടിക്കളിക്കലാണോ മൂല്യമുള്ള ഇബാദത്ത്? പ്രകോപനമുണ്ടാക്കും വിധം തെരുവിലിറങ്ങി വഴി തടസ്സപ്പെടുത്തുന്നതാണോ പുണ്യകർമം? നിർമിത സ്വലാത്തുകൾ, ദിക്‌റുകൾ, മാലപ്പാട്ടുകൾ, ബൈത്തുകൾ എന്നിവ ഒറ്റക്കും ഒരുമിച്ചും ചൊല്ലുന്നത് ഏതർഥത്തിലാണ് ഇബാദത്താവുക? ഇബ്‌നു അബ്ബാസ്(റ)പറയുന്നു: "ബിദ്അത്തുകൾക്ക് ജീവൻ നൽകിയും സുന്നത്തുകളെ നിർജീവമാക്കിയുമല്ലാതെ പുതുതായി ഉണ്ടാക്കപ്പെട്ടവ ജനങ്ങളിലേക്ക് എത്തുന്നില്ല" (അൽ ഇഹ്തിസ്വാം).

മുസ്‌ലിയാർ തന്റെ കളവ് തുടരുന്നത് കാണുക: "മുജാഹിദ് സ്ഥാപക നേതാക്കൾ പോലും മൗലിദാഘോഷത്തെ മുസ്‌ലിംങ്ങളുടെ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ദിവസമായാണ് പരിചയപ്പെടുത്തിയിരുന്നത്" (സുന്നിവോയ്സ് /പേജ് 40).

ഒരു നിലയ്ക്കും ഇവർക്ക് തെളിയിക്കാൻ കഴിയാത്ത കളവാണിത്. 1936ലെ 'അൽമുർശിദി'ൽ ഇ.കെ മൗലവിയും 1937ൽ ഇ.കെ കുഞ്ഞമ്മദ് കുട്ടി മൗലവിയും 1938ൽ അബൂഅഹ്മദ് റഷീദും ഈ മാസത്തിൽ നടക്കുന്ന അനാചാരങ്ങളെ എതിർത്തും ഓർക്കപ്പെടേണ്ടവ ചൂണ്ടിക്കാട്ടിയും എഴുതപ്പെട്ട ലേഖനങ്ങൾ കട്ടുമുറിച്ച് വായിച്ച് ജനങ്ങളെ കബളിപ്പിക്കുകയാണിവർ. https://fb.watch/nkJNkXCaGp/?mibextid=Nif5oz എന്ന ലിങ്ക് ഉപയോഗിച്ചും, 'സമസ്തയും അഹ്‌ലുസ്സുന്നയും ഒരു താരതമ്യം' എന്ന, വിസ്ഡം ബുക്സ് പുറത്തിറക്കിയ പുസ്തകം വായിച്ചും ഇതിന്റെ സത്യാവസ്ഥ മനസ്സിലാക്കാം.

മുസ്‌ലിയാർ എഴുതുന്നു: "പ്രത്യേക എണ്ണമോ സമയമോ നിർണിതമല്ലാത്ത ഇബാദത്തുകൾക്ക് സമയവും എണ്ണവും നിശ്ചയി

ക്കൽ ബിദ്അത്താണത്രെ. നബിദിനാഘോഷം ബിദ്അത്താണെന്ന കള്ളം പറയാൻ മൗലവിമാർക്കുള്ള പ്രധാന രേഖയാണിത്" (സുന്നി വോയ്സ്/പേജ് 42).

മുസ്‌ലിയാർ ഇതിന് പറഞ്ഞ ഉദാഹരണം കൂടി കാണുക: "രാവിലെ 7 മണിക്ക് മതപഠനം ആരംഭിക്കുകയും 9 മണിക്ക് അവസാനിപ്പിക്കുകയും ചെയ്യുന്നു. വെള്ളി ഒഴിവ് നൽകുന്നു. മതപഠനമെന്നത് വ്യാപകമായി കൽപ്പിക്കപ്പെട്ട കാര്യമാണല്ലോ. പക്ഷേ, അതിന്റെ പ്രയോഗവൽക്കരണത്തിൽ നാം സമയവും ദിവസവും നമ്മുടെ സൗകര്യത്തിന് നിശ്ചയിക്കുന്നു. ഇതൊരിക്കലും ഇസ്‌ലാം വിലക്കിയിട്ടില്ല. എന്നാൽ മൗലവിമാരുടെ പുതിയ ഉസൂൽ പ്രകാരം ഇന്ന് ലോകത്ത് നടക്കുന്ന മദ്റസ സംവിധാനം തന്നെ ബിദ്അത്താണെന്ന് പറയേണ്ടി വരും" (പേജ് 42,43).

അനുസരണവും അനുധാവനുമാകുന്ന പ്രവാചക സ്നേഹം എണ്ണംവെച്ചും സമയബന്ധിതമായും അല്ലാതെയും ധാരാളമുണ്ട്. എണ്ണവും രൂപവും സമയവും വ്യക്തമാക്കപ്പെട്ടതിനെ മാറ്റാനും എപ്പോഴും ചെയ്യാവുന്ന നന്മകൾക്ക് ശ്രേഷ്ഠത തീരുമാനിക്കാനും നമുക്ക് സ്വാതന്ത്ര്യമുണ്ടെങ്കിൽ മതത്തിന്റെ പൂർണതക്ക് എന്ത് സ്ഥാനമാണുള്ളത്? റബീഉൽ അവ്വൽ മാസത്തിന്റെ പവിത്രത, ഇത്ര എണ്ണം സ്വലാത്ത്, നേരം കണക്കാക്കി അന്നദാനവും മധുര പലഹാര വിതരണവും ദിക്റും ദുആകളും... ഇവയെല്ലാം പുണ്യകരമാക്കിയത് ആരാണ്? ഇത് ബിദ്അത്തല്ലാതെ മറ്റെന്താണ്? അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: കർമങ്ങൾ ഏറ്റവും നഷ്ടകരമായിത്തീർന്നവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ഐഹികജീവിതത്തിലെ തങ്ങളുടെ പ്രയത്നം പിഴച്ചുപോയവരത്രെ അവർ. അവർ വിചാരിക്കുന്നതാകട്ടെ തങ്ങൾ നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ്" (18:103,104).

മുസ്‌ലിയാർ പറഞ്ഞതുപോലെ 'മദ്റസയുടെ പ്രയോഗവൽക്കരണത്തിൽ നാം സമയവും ദിവസവും നമ്മുടെ സൗകര്യത്തിന് നിശ്ചയിക്കുന്നു'ണ്ട്. എന്നാൽ ഇന്ന ദിവസം ഇന്ന സമയത്ത് മദ്റസ നടത്തൽ സുന്നത്താണെന്നും പുണ്യകരമാണെന്നും വാദിച്ചാൽ അത് ബിദ്അത്തുതന്നെ! അങ്ങനെ മുജാഹിദുകളാരും വിശ്വസിക്കുന്നില്ല.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹ്) പറയുന്നു: "മതനിയമങ്ങൾ ഹൃദയങ്ങളെ പരിപോഷിപ്പിക്കുന്നതാണ്. മനസ്സുകൾ പുത്തനാചരങ്ങൾ കൊണ്ട് നന്നായാൽ നബിചര്യയുടെ മേന്മ അതിൽ അവശേഷിക്കില്ല. അപ്പോൾ അത് മ്ലേച്ഛ ഭക്ഷണംകൊണ്ട് തടിച്ച് കൊഴുത്തതാകും" (ഇക്തിദാഹു സ്വിറാത്തുൽ മുസ്തഖീം).

ആയത്തിനെ കോട്ടിമാട്ടി മുസ്‌ലിയാർ ശിർക്കിനെ വെള്ളപൂശുന്നത് കാണുക: "പ്രവാചകർ(സ)യുടെ പൊരുത്തം ആഗ്രഹിക്കൽ ശിർക്കാണത്രെ. നബി(സ)യോടുള്ള വിരോധത്തിന്റെ അങ്ങേയറ്റമാണിത്... അല്ലാഹുവല്ലാത്തവരുടെ പൊരുത്തം ആഗ്രഹിക്കാൻ പാടില്ല, അത് നബി(സ)യുടേതാണെങ്കിൽ പോലും ശിർക്കാണെന്നാണ് മൗലവിമാരുടെ പുതിയ കണ്ടെത്തൽ . എന്നാൽ മതപരമായി ഇതിനും യാതൊരു അടിസ്ഥാനവുമില്ല. ഖുർആൻ പറയുന്നു: അല്ലാഹുവും അവന്റെ റസൂലുമത്രെ അവർ തൃപ്തിപ്പെടുത്തുവാൻ ഏറ്റവും അർഹരായവർ" (പേജ് 44,45).

സൂറതുത്തൗബയിലെ 62-ാം വചനത്തിൽ കപടന്മാരുടെ അവസ്ഥ തുറന്നുകാണിച്ചതിനെയാണ് മുസ്‌ലിയാർ അസ്ഥാനത്ത് ഉപയോഗിച്ചിരിക്കുന്നത്. എന്ത് അഭൗതികതയാണ് മുസ്‌ലിയാരേ ഇതിലുള്ളത്? ഈ ആയത്തിനെ വിവരിച്ച് നബി(സ്വ)യെ കുറിച്ച് എന്തും പാടിപ്പറയാമെന്ന് അഹ്‌ലുസ്സുന്നയുടെ ഏത് ഇമാമാണ് പറഞ്ഞത്? പുരോഹിതന്മാർ നേരിടുന്ന പ്രമാണദാരിദ്ര്യത്തിന്റെ അടയാളമാണ് ഇത് ബോധ്യപ്പെടുത്തുന്നത്. അല്ലാഹുവിന്റെ കൽപനകൾക്ക് വിരുദ്ധമായി പ്രവർത്തിച്ച് അവന്റെ തൃപ്തി നേടാൻ സാധിക്കുമെന്ന് കരുതുന്നവരോട് എന്തു പറയാൻ!

മീലാദിനോടനുബന്ധിച്ച് ഓതപ്പെടുന്ന മൻഖൂസ് മൗലിദും മറ്റു ബൈത്തുകളും ശിർക്കും അതിലേക്ക് എത്തിക്കുന്നതുമായ വരികൾ കൊണ്ട് അലംകൃതമാണെന്നതിന് ചില തെളിവുകൾ കാണുക:

'എന്റെ നേതാവേ, അറ്റമില്ലാത്ത പാപങ്ങൾ ഞാൻ ചെയ്തു. തങ്ങളോട് ആ കാര്യത്തിൽ ഞാൻ ആവലാതി പറയുന്നു.'

'നേതാക്കളിൽ സയ്യിദരേ, താങ്കളെ ലക്ഷ്യമാക്കി ഞാൻ മുന്നിട്ടത് രക്ഷ ആഗ്രഹിച്ചതുകൊണ്ടാണ്. എന്റെ ഉദ്ദേശ്യം അവിടുന്ന് പരാജയപ്പെടുത്തരുതേ.'

'എനിക്കെത്തിയ പ്രയാസവും

**പ്രമാണങ്ങളിൽ ഒരു വാക്ക് കൊണ്ടുപോലും സൂചിപ്പിക്കാത്ത നബിദിനാഘോഷമെങ്ങനെ മൂല്യമുള്ള ഇബാദത്താകും? ഇത്രയധികം പുണ്യമാക്കപ്പെട്ടതാണെങ്കിൽ അല്ലാഹുവിന്റെ തൃപ്തി നേടിയ നബി(സ്വ)യും അനുചരന്മാരും ഇതൊഴിവാക്കുമായിരുന്നോ? നിഷിദ്ധമാക്കപ്പെട്ട രൂപത്തിൽ പള്ളികൾ അലങ്കരിക്കുന്നതും മ്യൂസിക്കിന്റെ അകമ്പടിയോടെ സിനിമാഗാനങ്ങൾക്കും തെറ്റായ ആശയങ്ങൾ നിറഞ്ഞ പാട്ടുകൾക്കും അങ്ങാടിയിൽ ചാടിക്കളിക്കലാണോ മൂല്യമുള്ള ഇബാദത്ത്? പ്രകോപനമുണ്ടാക്കും വിധം തെരുവിലിറങ്ങി വഴി തടസ്സപ്പെടുത്തുന്നതാണോ പുണ്യകർമം? നിർമിത സ്വലാത്തുകൾ, ദിക്റുകൾ, മാലപ്പാട്ടുകൾ, ബൈത്തുകൾ എന്നിവ ഒറ്റക്കും ഒരുമിച്ചും ചൊല്ലുന്നത് ഏതർഥത്തിലാണ് ഇബാദത്താവുക?**

അനീതിയും കഠിനമായ ബലഹീനതയും താങ്കൾ അറിഞ്ഞുവല്ലോ. അവിടുന്ന് സഹായിച്ചാലും.'

'അവിടുത്തോടുള്ള സ്നേഹമല്ലാതെ എനിക്ക് മാർഗമില്ല. താങ്കളുടെ ഔദാര്യവൈശിഷ്ട്യം കൊണ്ട് അനുഗ്രഹിച്ചെങ്കിൽ ഞാൻ വിജയിച്ചേനെ.'

അടിമകളായ നാം റബ്ബിൽനിന്നാഗ്രഹിക്കേണ്ടതെല്ലാം നബി(സ്വ)യോട് ചോദിക്കുന്നു. നമ്മെക്കാൾ അദ്ദേഹത്തെ അറിഞ്ഞവരും അടുത്തവരുമായ സ്വഹാബികൾ ഒരിക്കൽപോലും ഇങ്ങനെ ചെയ്തിട്ടില്ല; ഇത്തരം പുകഴ്ത്തലുകൾ നടത്തിയിട്ടില്ല. ക്വുർആനിന്റെ താക്കീതിനെ ഇവർ പേടിക്കുന്നില്ലേ? അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തെറ്റിച്ചുകളയാൻ വേണ്ടി അവർ അവന്ന് ചില സമൻമാരെ ഉണ്ടാക്കിവെച്ചിരിക്കുന്നു. പറയുക: നിങ്ങൾ സുഖിച്ചുകൊള്ളൂ. നിങ്ങളുടെ മടക്കം നരകത്തിലേക്ക് തന്നെയാണ്" (14:30).

ഉമർ(റ)വിൽനിന്ന്; നബി(സ്വ) പറഞ്ഞു: "ക്രൈസ്തവർ മർയമിന്റെ പുത്രൻ ഈസയെ പ്രശംസിച്ചതുപോലെ നിങ്ങൾ എന്നെ പ്രശംസിക്കരുത്. നിശ്ചയം, ഞാൻ അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമാണെന്ന്പറയുക" (ബുഖാരി).

മുസ്‌ലിയാർ വീണ്ടും എഴുതുന്നു: "അല്ലാഹുവും റസൂലും കൽപ്പിക്കാത്തതെല്ലാം ബിദ്അത്താണെന്ന വാദമാണ് വിശ്വാസികളെ പല നന്മകളിൽനിന്നും പിന്തിരിപ്പിക്കാനുള്ള ഉപായമായി മൗലവിമാർ ജൽപിക്കുന്നത്" (സുന്നിവോയ്സ്/പേജ് 46).

മതത്തിന്റെ അടിസ്ഥാന തത്ത്വത്തെയാണ് ഇയാൾ പൊളിക്കുന്നത്. ഒരു പ്രവൃത്തി ഇബാദത്താകണമെ ങ്കിൽ അത് പ്രമാണങ്ങളിലൂടെ സ്ഥിരപ്പെടണം. സുന്നത്താകണമെങ്കിൽ നബി(സ്വ)യുടെ പ്രവൃത്തികൊണ്ടോ വാക്കുകൊണ്ടോ അനുവാദംകൊണ്ടോ സ്ഥിരപ്പെട്ടതാകണം. നബി(സ്വ) പറഞ്ഞത് 'നമ്മുടെ ഈ മത കാര്യത്തിൽ' (ഫീ അംറിനാ ഹാദാ) പുതുതായി ഉണ്ടാക്കപ്പെട്ടത് തള്ളിക്കളയണം എന്നാണ്. അല്ലാഹുവിനെ അനുസരിക്കാനുള്ള മനസ്സുള്ളവർക്കേ ഇത് തിരിയുകയുള്ളൂ. അല്ലാഹു പറയുന്നു: "തന്റെ രക്ഷിതാവിങ്കൽനിന്നുള്ള സ്പഷ്ടമായ തെളിവനുസരിച്ച് നിലകൊള്ളുന്ന ഒരാൾ സ്വന്തം ദുഷ്പ്രവൃത്തി അലംകൃതമായി തോന്നുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്ത ഒരുവനെ പോലെയാണോ?"(47:14).

മുസ്‌ലിയാർ എഴുതിയതിലെ വലിയൊരു തമാശ കാണുക: "എന്നാൽ മൗലിദ് സദസ്സുകൾ പുണ്യമുള്ളതാണെന്ന് പറയാൻ ആധുനിക മൗലവിമാർക്ക് വിമ്മിട്ടമാണ്. പക്ഷേ, സ്വന്തം നേതാക്കന്മാരുടെ മൗലിദുകൾ (സ്മരണകൾ) വലിയ പുണ്യവും! ഉമർ മൗലവിയുടെ സ്മരണകൾ പുണ്യകർമമായി പരിചയപ്പെടുത്തുന്നത് കാണുക: ആറ് പതിറ്റാണ്ടുകളുടെ സംഭവബഹുലമായ ആദർശ ജീവിതത്തിലെ കൈപ്പും മധുരവും ഇടകലർന്ന സ്മരണകൾ. നിങ്ങൾ വായിക്കൂ അറിവു നേടൂ. ഇത് ഒരു പുണ്യ കർമ്മമായി സ്വീകരിക്കുമാറാകട്ടെ"(പേജ് 46).

> **മരണപ്പെട്ട ഒരാളെ സ്മരിക്കലും മൗലിദാഘോഷവും തമ്മിലെന്തു ബന്ധം? സ്മരിക്കുവാൻ പ്രത്യേക ദിവസം നിശ്ചയിക്കുകയും ആ ദിവസത്തിൽ സ്മരിക്കുന്നത് പുണ്യകരമാണ് എന്ന് വിശ്വസിക്കുകയും ചെയ്യുന്നവരല്ല മുജാഹിദുകൾ. അല്ലാഹുവിന്റെ ദീനിനെ സേവിക്കാൻ പണ്ഡിതന്മാർ ചെയ്ത കാര്യങ്ങളെ സമൂഹത്തിന് പ്രചോദനമാകും വിധം ക്രോഡീകരിക്കുന്നതും സംരക്ഷിക്കുന്നതും പ്രതിഫലാർഹമാണ്.**

ചെറിയ കുട്ടികളുടെ വികൃതി സ്വഭാവമാണ് മുസ്‌ലിയാർ ഇവിടെ കാണിച്ചത്. നബിദിനാഘോഷത്തെയും ഈ വാക്കുകളെയും സാമ്യപ്പെടുത്തിയതിലൂടെ ചിന്തിക്കാത്ത അണികളെ കളിപ്പിക്കാൻ കഴിഞ്ഞേക്കും. മരണപ്പെട്ട ഒരാളെ സ്മരിക്കലും മൗലിദാഘോഷവും തമ്മിലെന്തു ബന്ധം? സ്മരിക്കുവാൻ പ്രത്യേക ദിവസം നിശ്ചയിക്കുകയും ആ ദിവസത്തിൽ സ്മരിക്കുന്നത് പുണ്യകരമാണ് എന്ന് വിശ്വസിക്കുകയും ചെയ്യുന്നവരല്ല മുജാഹിദുകൾ. അല്ലാഹുവിന്റെ ദീനിനെ സേവിക്കാൻ പണ്ഡിതന്മാർ ചെയ്ത കാര്യങ്ങളെ സമൂഹത്തിന് പ്രചോദനമാകും വിധം ക്രോഡീകരിക്കുന്നതും സംരക്ഷിക്കുന്നതും പ്രതിഫലാർഹമാണ്.

സമസ്തയുടെ കള്ള ഔലിയാക്കളെപ്പറ്റി എഴുതിപ്പിടിപ്പിച്ച അന്തംകെട്ട കഥകളല്ല ഓർമകളുടെ തീരത്ത് എന്ന പുസ്തകത്തിലുള്ളത്. മാല കിതാബുകളെ നിങ്ങൾ പരിചയപ്പെടുത്തുന്ന പോലെ ഇത് വായിച്ചാൽ സ്വർഗത്തിൽ പോകാമെന്ന് പറയുന്നുമില്ല.

ഇമാം ശാത്വബി(റഹ്) പറയുന്നു: "നബി(സ്വ) ഉണർത്തിയതും താക്കീത് തന്നതും വഴികേടാണെന്ന് വ്യക്തമാക്കിയതും നേർവഴിയിൽനിന്ന് പുറത്താകുന്നതും പണ്ഡിതന്മാർ വേർത്തിരിച്ചതുമായ ബിദ്അത്തുകളെ എനിക്ക് സാധിക്കുന്ന രീതിയിൽ അകറ്റാൻ വേണ്ടി ഞാൻ പരിശോധിച്ചുകൊണ്ടേയിരുന്നു" (അൽഇഹ്തിസ്വാം)

അഹ്‌ലുസ്സുന്നയുടെ ഇമാമുമാർ പകർന്നുതന്ന ഇത്തരം ഉപദേശങ്ങളെ ഉൾക്കൊണ്ട് സ്വഹാബത്തിന്റെ പേരിലടക്കം പറഞ്ഞുപരത്തിയ കളവുകൾ പിൻവലിച്ച് പ്രമാണങ്ങളിലേക്കു മടങ്ങിയാൽ നിങ്ങൾക്കു നന്ന്. ■

ലേഖനം

# പ്രൊഫഷണലുകൾ നേരിടുന്ന പ്രശ്നങ്ങൾ; പരിഹാരം അകലെയല്ല

**ഡോ. ഫഹീം**
: 97456 88007



പുറംമോടികളില്ലാതെ ജീവിതത്തിലേക്ക് നമുക്കൊന്നു കണ്ണോടിച്ചുനോക്കാം. ഒന്ന് സമാധാനത്തോടെ ഭക്ഷണം കഴിക്കാനോ വിശ്രമിക്കാനോ സമയം കണ്ടെത്താൻ കഴിയാത്ത രീതിയിലുള്ള ഷെഡ്യൂളുകൾ. പലതുമോർത്ത് ഇടയ്ക്കിടെ ഞെട്ടിയുണരുന്ന രാത്രികൾ. തന്റെ കരിയർ പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുന്നതായി മനസ്സിലെ സ്ക്രീനിൽ പലപ്പോളായി തെളിഞ്ഞ് വരുന്നതുമൂലമുണ്ടാകുന്ന ഉൾക്കിടിലങ്ങൾ. ജോലിസ്ഥലത്ത് തന്റെ ഇമേജ് പടുത്തുയർത്താനും കൂടുതൽ ഇൻകം ജനറേറ്റ് ചെയ്യാനും തിരക്കുകളിൽനിന്ന് തിരക്കുകളിലേക്ക് എടുത്തുചാടാൻ വിധിക്കപ്പെട്ടവർ. സ്കൂൾ പഠനം, എൻട്രൻസ് പരീക്ഷ, പ്രൊഫഷണൽ ഡിഗ്രി, പലതരത്തിലുള്ള ട്രൈനിങ്ങുകൾ തുടങ്ങി കരിയർ പടുത്തുയർത്തുകയും പണം സമ്പാദിക്കുകയും മാത്രമാണ് ജീവിത ലക്ഷ്യമെന്ന തരത്തിൽ തനിക്കു ചുറ്റും മുഴങ്ങിക്കേൾക്കുന്ന ആശയങ്ങൾ ഹൃദയത്തിലേക്ക് ആവാഹിച്ചുകൊണ്ടു പ്രയാണം ചെയ്യുന്നവർ...

നീറിപ്പുകയുന്ന കുടുംബ പ്രശ്നങ്ങളുള്ള പല പ്രൊഫഷണലുകളും അത് പുറത്തുകാണിക്കാതെ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നവരാണ്. തന്റെ മക്കൾ ലഹരിയിലേക്കും കടിഞ്ഞാണില്ലാത്ത ലോകത്തേക്കും ഒഴുകിപ്പോകുമോയെന്ന ഭയം എല്ലാവരുടെയും മനസ്സിൽ തളംകെട്ടിനിൽക്കുന്നുണ്ട്.

പ്രൊഫഷണലുകളുടെ ലോകത്തുകൂടി സഞ്ചരിച്ചാൽ പലതരം ആളുകളെ നമുക്ക് കാണാൻ സാധിക്കും. സോഷ്യൽ സ്റ്റാറ്റസിലും വീടിലും കാറിലും ബാങ്ക് ബാലൻസിലും മക്കളുടെ വിദ്യാഭ്യാസത്തിലും പെരുമ നടിക്കുന്നവർ. സോഷ്യൽ മീഡിയയുടെയും വിനോദത്തിന്റെയും അതിരുകളില്ലാത്ത ലോകത്തേക്ക് ഇറങ്ങിച്ചെല്ലുന്നവർ. ആരെയൊക്കെയോ ആകർഷിക്കാൻവേണ്ടി അണിഞ്ഞൊരുങ്ങുന്നവർ. സോഷ്യൽ മീഡിയയിൽ മുളപൊട്ടുന്ന വളച്ചൊടിച്ചതും പശ്ചാത്തലം മനസ്സിലാക്കാതെയുമുള്ള ഇസ്‌ലാം വിമർശനങ്ങളുടെയും ബോധപൂർവം സൃഷ്ടിച്ചെടുത്ത ഇസ്‌ലാംവിരുദ്ധ പൊതുബോധത്തിന്റെയും സ്വാധീനവലയത്തിനാൽ ഇസ്‌ലാമിക മൂല്യങ്ങളിൽനിന്ന് പുറംതിരിഞ്ഞു നടക്കുന്നവർ...

**പ്രൊഫഷണലുകളുടെ ലോകത്തുകൂടി സഞ്ചരിച്ചാൽ പലതരം ആളുകളെ നമുക്ക് കാണാൻ സാധിക്കും. സോഷ്യൽ സ്റ്റാറ്റസിലും വീടിലും കാറിലും ബാങ്ക് ബാലൻസിലും മക്കളുടെ വിദ്യാഭ്യാസത്തിലും പെരുമ നടിക്കുന്നവർ. സോഷ്യൽ മീഡിയയുടെയും വിനോദത്തിന്റെയും അതിരുകളില്ലാത്ത ലോകത്തേക്ക് ഇറങ്ങിച്ചെല്ലുന്നവർ. ആരെയൊക്കെയോ ആകർഷിക്കാൻവേണ്ടി അണിഞ്ഞൊരുങ്ങുന്നവർ. സോഷ്യൽ മീഡിയയിൽ മുളപൊട്ടുന്ന വളച്ചൊടിച്ചതും പശ്ചാത്തലം മനസ്സിലാക്കാതെയുമുള്ള ഇസ്‌ലാം വിമർശനങ്ങളുടെയും ബോധപൂർവം സൃഷ്ടിച്ചെടുത്ത ഇസ്‌ലാംവിരുദ്ധ പൊതുബോധത്തിന്റെയും സ്വാധീനവലയത്തിനാൽ ഇസ്‌ലാമിക മൂല്യങ്ങളിൽനിന്ന് പുറംതിരിഞ്ഞു നടക്കുന്നവർ...**



തിരക്കുകളിൽനിന്ന് തിരക്കുകളിലേക്ക് ഓടിക്കൊണ്ടിരിക്കുന്ന പ്രൊഫഷണൽ സുഹൃത്തേ, ഒരൽപ സമയത്തേക്ക് നമുക്ക് നമ്മെക്കുറിച്ചൊന്ന് ചിന്തിച്ചു നോക്കാം...

നമ്മുടെ മനസ്സ് ഇപ്പോഴും അസ്വസ്ഥമല്ലേ? സന്തോഷങ്ങൾ സ്റ്റാറ്റസ് വീഡിയോകളിൽ മാത്രമായി ഒതുങ്ങുകയല്ലേ? ജീവിതത്തെ ഒരൽപംകൂടി യഥാർഥ്യബോധത്തോടെ നമുക്കു നോക്കിക്കണ്ടുകൂടേ? നമ്മുടെ മനസ്സിലെ കനലണയാത്തതെന്തുകൊണ്ടാണ്?

ഉത്തരം ലളിതമാണ്! പ്രപഞ്ചനാഥനെയും അവൻ നിർണയിച്ചുതന്ന ജീവിത ലക്ഷ്യത്തെയും വിസ്മരിച്ച് നാം മാറി സഞ്ചരിക്കാൻ തീരുമാനിച്ചത്തിന്റെ പരിണിതഫലം തന്നെയാണ് നമ്മെ ഈ അവസ്ഥയിൽ കൊണ്ടെത്തിച്ചത്.

ക്വുർആൻ പറയുന്നതു നോക്കൂ: "എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക..." (ക്വുർആൻ 20:124).

ക്വുർആൻ ഉയർത്തിക്കാണിച്ച പരിഹാരമാർഗത്തിലേക്ക് നമുക്കും നടന്നടുക്കാം:

"...ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (ക്വുർആൻ 13:28).

പല അറിവുകളും നേടിയിട്ടുണ്ടെങ്കിലും 'ഇത് (ക്വുർആൻ) സത്യമാണെന്ന് അവർക്ക് വ്യക്തമാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽ തന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്' എന്ന ക്വുർആനിക വചനത്തിന്റെ ആശയതലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ദൈവിക മാർഗ

ദർശനത്തെക്കുറിച്ചുള്ള ദൃഢബോധ്യത്തിലേക്ക് ഉയരാൻ നാം എന്തുകൊണ്ട് സമയം കണ്ടെത്തുന്നില്ല?

'തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുന്നു' എന്ന് ഖുർആൻ പറയുമ്പോൾ ആ മാർഗദർശനം കൃത്യമായി മനസ്സിലാക്കാനും അതനുസരിച്ച് ജീവിതത്തെ പരിവർത്തിപ്പിക്കാനുമുള്ള ഒരവസരവും പാഴാക്കാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതില്ലേ?

കുടുംബകലഹങ്ങളുടെ കൈപ്പുനീര് രുചിച്ചു ജീവിതം തള്ളിനീക്കുന്ന പലർക്കും മധുരമുള്ള കുടുംബജീവിതം പകർന്നു നൽകുന്ന, കരിയർ കരിക്കുലത്തിൽ ഇടംപിടിക്കാത്ത, കുടുബജീവിതത്തിന് കെട്ടുറപ്പു നൽകുന്ന ഉപദേശങ്ങൾ നൽകാൻ മനുഷ്യ മനസ്സുകളെ സംവിധാനിച്ച സർവലോക രക്ഷിതാവിനേ സാധിക്കുകയുള്ളൂ.

"അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്നപക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കും" (ഖുർആൻ 65:2).

"വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്നപക്ഷം അവന്ന് അവന്റെ കാര്യത്തിൽ അല്ലാഹു എളുപ്പമുണ്ടാക്കിക്കൊടുക്കുന്നതാണ്" (ഖുർആൻ 65:4).

കുടുംബപ്രശ്നങ്ങളുടെ നടുവിൽ നിൽക്കുന്ന ആളുകളെ അഭിസംബോധന ചെയ്തുകൊണ്ട് ഖുർആൻ നൽകുന്ന പ്രതീക്ഷയുടെ കുളിർകാറ്റുകളായെത്തുന്ന ഇത്തരം വചനങ്ങൾക്കായി ഹൃദയകവാടങ്ങൾ നമുക്കൊന്ന് തുറന്നുകൊടുത്തുകൂടേ?



**പ്രൊഫഷണലുകളുടെ ജീവിതത്തിലെ വിവിധ വിഷയങ്ങളെ ഇസ്‌ലാമികമായി അപഗ്രഥിക്കുന്ന 'Proface 3.0' നിങ്ങൾക്കൊരു സുവർണാവസരമാണ്. ധാർമികതയിലൂന്നിയ, പ്രൊഫഷണലുകളുടെ ജീവിതത്തെ സ്പർശിക്കുന്ന വിവിധ സെഷനുകൾ, കുടുംബ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഫാമിലി കൗൺസിലിങ്, കുട്ടികൾക്കായി പ്രത്യേകം വേദികൾ, കൗമാർക്കാർക്ക് ദിശാബോധം നൽകാൻ പ്രത്യേക പ്രോഗ്രാമുകൾ തുടങ്ങി ധാർമിക മൂല്യങ്ങൾ പകർന്നുനൽകുന്ന ഒരു വലിയ പ്രോഗ്രാം നിങ്ങൾക്കായി ഒരുക്കുകയാണ്.**

"അതിനാൽ സത്യവിശ്വാസികളായ ബുദ്ധിമാൻമാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾക്ക് ഒരു ഉൽബോധനം അവതരിപ്പിച്ചിരിക്കുന്നു" (65:10) എന്ന്ഖുർആൻ പറയുന്നത് നമ്മോടുകൂടിയാണ്.

"ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ഖുർആൻ 3:185) എന്ന യാഥാർഥ്യം തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ നാം ഇനിയും വൈകിപ്പോകരുത്. ഹൃദയമിടിപ്പുകൾ അടിച്ചുതീരുന്നതിനു മുമ്പായി പലതും നമുക്കു ചെയ്തുതീർക്കേണ്ടതായുണ്ട്.

പ്രൊഫഷണലുകളുടെ ജീവിതത്തിലെ വിവിധ വിഷയങ്ങളെ ഇസ്‌ലാമികമായി അപഗ്രഥിക്കുന്ന 'Proface 3.0' നിങ്ങൾക്കൊരു സുവർണാവസരമാണ്.

ധാർമികതയിലൂന്നിയ, പ്രൊഫഷണലുകളുടെ ജീവിതത്തെ സ്പർശിക്കുന്ന വിവിധ സെഷനുകൾ, കുടുംബ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഫാമിലി കൗൺസിലിങ്, കുട്ടികൾക്കായി പ്രത്യേകം വേദികൾ, കൗമാർക്കാർക്ക് ദിശാബോധം നൽകാൻ പ്രത്യേക പ്രോഗ്രാമുകൾ തുടങ്ങി ധാർമിക മൂല്യങ്ങൾ പകർന്നുനൽകുന്ന ഒരു വലിയ പ്രോഗ്രാം നിങ്ങൾക്കായി ഒരുക്കുകയാണ്. കുടുംബസമേതം രജിസ്റ്റർ ചെയ്യാൻ മറക്കരുത്. ഒരു ഒഴിവുദിവസം ക്രിയാത്മകമായി ചെലവഴിക്കാൻ, ഇരുലോകത്തിനും വേണ്ടി ചില തിരുത്തലുകൾക്ക് തയ്യാറാകാൻ നിങ്ങളെടുക്കുന്ന തീരുമാനം നന്മകളുടെ ലോകത്ത് കൂടുതൽ ഉത്സാഹത്തോടെ പ്രയാണം ചെയ്യാൻ നിങ്ങളെ പ്രാപ്തരാക്കിയേക്കാം. ■



# ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ 02

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

**സുപ്രീംകോടതി വിധികൾക്ക് പുതിയ വ്യാഖ്യാനം?!**

കർണാടകയുടെ നടപടിക്ക് സാധൂകരണം നൽകുന്നതിനായി ഇന്ത്യൻ ഭരണഘടന പ്രതിനിധാനം ചെയ്യുന്ന സെക്കുലറിസത്തിന് പുതിയ വ്യാഖ്യാനങ്ങൾ ചമയ്ക്കുകയാണ് ഹേമന്ദ് ഗുപ്ത. ‘പന്ത്-നിരപേക്ഷ്’ എന്ന പദമാണ് ഭരണഘടനയുടെ ഹിന്ദി പതിപ്പിൽ നൽകിയിരിക്കുന്നതെന്നും കേവലം വിവിധ മതങ്ങളുടെ ആരാധനാപരമോ ആചാരപരമോ ആയ കാര്യങ്ങൾ മാത്രമാണ് അതിൽ അടങ്ങിയിട്ടുള്ളതെന്നും അതുകൊണ്ട് രാജ്യത്തിന് ആവശ്യമായ ‘പൊതുയിടങ്ങളിലെ ധർമ നിയമങ്ങൾ’ ഉണ്ടാക്കുവാൻ സർക്കാറിന് അവകാശമുണ്ടെന്നുമാണ് അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിന്റെ ചുരുക്കം. അദ്ദേഹത്തിന്റെ ഈ നിരീക്ഷണം സ്ഥാപിക്കുന്നതിനായി അദ്ദേഹം മുൻകാലങ്ങളിൽ സുപ്രീംകോടതി വിധി പ്രസ്താവിച്ച ചില കേസുകളെയാണ് ആശ്രയിച്ചത്. പ്രസ്തുത വിധികളിന്മേലുള്ള അദ്ദേഹത്തിന്റെ വാദങ്ങളാണ് താഴെ നൽകുന്നത്:

**കേശവാനന്ദ ഭാരതി വിധി**

1976ലെ 42ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് ‘സെക്കുലർ’ എന്ന വാക്ക് ഭരണഘടനയുടെ ആമുഖത്തിൽ സ്ഥാനം പിടിച്ചത്. എന്നാൽ അതിന് മുമ്പുതന്നെ ‘സെക്കുലർ’ ആശയം ഭരണഘടനയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 1970ലെ കേശവാനന്ദ ഭാരതി v/s സ്റ്റേറ്റ് ഓഫ് കേരള കേസിന്റെ വിധിയിൽ സുപ്രീം കോടതി, ഭരണഘടനയുടെ അടിസ്ഥാന സവിശേഷതകളായ മതനിരപേക്ഷത (Secularism), ജനാധിപത്യം (Democracy), വ്യക്തിസ്വാതന്ത്ര്യം (Freedom of Individual) എന്നിവ യാതൊരു മാറ്റവുമില്ലാതെ എല്ലായ്പ്പോഴും ഭരണഘടനയിൽ നിലനിൽക്കുമെന്ന് വിധിച്ചതായി കാണാം. പ്രസ്തുത കേസിൽ വിധി പറഞ്ഞ ജസ്റ്റിസ് എച്ച്.ആർ.ഖന്ന തന്റെ വിധിക്ക് ഉപോദ്ബലകമായി ഉദ്ധരിച്ചത് ഇന്ത്യൻ എക്സ്പ്രസ് പത്രാധിപരും പ്രമുഖ ഗാന്ധിയനുമാ

**'മൂന്ന് വിപ്ലവങ്ങളാണ് ഒരു രാജ്യത്തിന് ആവശ്യമായിട്ടുള്ളത്. സ്വാതന്ത്ര്യം ലഭിച്ചതോടെ രാഷ്ട്രീയ വിപ്ലവം അവസാനിച്ചിരിക്കുന്നു. ജനനം, മതം, ആചാരം, സമൂഹം തുടങ്ങിയ മധ്യകാലഘട്ട കാഴ്ചപ്പാടുകളിൽ (Medievalism) നിന്നും മാറി ശക്തമായ സാമൂഹിക നിയമങ്ങളിലൂടെയും വ്യക്തിഗത സ്വാതന്ത്ര്യത്തിലൂടെയും സെക്കുലർ വിദ്യാഭ്യാസത്തിലൂടെയുമുള്ള സാമൂഹിക വിപ്ലവമാണ് കാലം ആവശ്യപ്പെടുന്നത്. ആദിമ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽനിന്ന് ശാസ്ത്രീയവും ആസൂത്രിതവുമായ കൃഷിയിലേക്കും വ്യവസായത്തിലേക്കുമുള്ള മാറ്റത്തിലൂടെയുള്ള സാമ്പത്തിക വിപ്ലവമാണ് മറ്റൊന്ന്.'**
**- കെ.സന്താനം**

ട്ടും ഭരണഘടന ഉയർത്തിപ്പിടിക്കുന്ന സെക്കുലറിസത്തെ തൊടാൻ സാധിക്കാതിരുന്നതും ഈ വിധിയുടെ കഴിവുകൊണ്ടാണ്. ഈയൊരു യാഥാർഥ്യത്തെ ജസ്റ്റിസ് ഹേമന്ദ് ഗുപ്ത അംഗീകരിക്കുന്നുവെങ്കിലും കേശവാനന്ദ ഭാരതി കേസിലൂടെ സുപ്രീം കോടതി സംരക്ഷിച്ച സെക്കുലറിസം പൊതുയിടങ്ങളിലെല്ലാം മതഅടയാളങ്ങളെ പ്രദർശിപ്പിക്കാം എന്നല്ല, പ്രത്യുത രാഷ്ട്രം നിർമിക്കുന്ന നിയമങ്ങൾക്ക് അവ വിധേയമാണ് എന്ന സംഘ്പരിവാർ നൽകുന്ന വ്യാഖ്യാനത്തെ ശരിവെക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. അതിനുവേണ്ടിയാണ് കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിൽ കെ.സന്താനം പറഞ്ഞ കാര്യങ്ങൾ അദ്ദേഹം ഉദ്ധരിക്കുന്നത്. വിവിധ മതങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള സെക്കുലറിസം മുഗളന്മാർ അടക്കമുള്ളവർ ഭരിച്ചിരുന്ന മധ്യകാലഘട്ടത്തിന്റെ സംഭാവനയായിരുന്ന കെ.സന്താനം കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിൽ നടത്തിയ പ്രസ്താവനയാണ്. അത് ഇപ്രകാരമാണ്:

'മൂന്ന് വിപ്ലവങ്ങളാണ് ഒരു രാജ്യത്തിന് ആവശ്യമായിട്ടുള്ളത്. സ്വാതന്ത്ര്യം ലഭിച്ചതോടെ രാഷ്ട്രീയ വിപ്ലവം അവസാനിച്ചിരിക്കുന്നു. ജനനം, മതം, ആചാരം, സമൂഹം തുടങ്ങിയ മധ്യകാലഘട്ട കാഴ്ചപ്പാടുകളിൽ (Medievalism) നിന്നും മാറി ശക്തമായ സാമൂഹിക നിയമങ്ങളിലൂടെയും വ്യക്തിഗത സ്വാതന്ത്ര്യത്തിലൂടെയും സെക്കുലർ വിദ്യാഭ്യാസത്തിലൂടെയുമുള്ള സാമൂഹിക വിപ്ലവമാണ് കാലം ആവശ്യപ്പെടുന്നത്. ആദിമ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽനിന്ന് ശാസ്ത്രീയവും ആസൂത്രിതവുമായ കൃഷിയിലേക്കും വ്യവസായത്തിലേക്കുമുള്ള മാറ്റത്തിലൂടെയുള്ള സാമ്പത്തിക വിപ്ലവമാണ് മറ്റൊന്ന്.'

**വിശദീകരണം**

കേശവാനന്ദ ഭാരതി കേസിന്റെ വിധിയാണ് ഇന്ത്യയുടെ മതേതരത്വം കാത്തുസംരക്ഷിച്ച വിധി. മതേതരത്വവുമായും ജനാധിപത്യവുമായും ബന്ധപ്പെട്ട അധ്യായങ്ങളും അനുച്ഛേദങ്ങളും ഭരണഘടനയിൽനിന്ന് നീക്കംചെയ്യാനോ ഭേദഗതി വരുത്താനോ പാടില്ലെന്നായിരുന്നു പ്രസ്തുത വിധിയിലെ ഹൈലൈറ്റ്. സംഘ്പരിവാർ പലവുരു ശ്രമിച്ചി



ണെന്നും ഇന്ത്യ സ്വതന്ത്രമായതോടെ ഇന്ത്യൻ സെക്കുലറിസത്തിന്റെ പഴയ വീക്ഷണങ്ങൾ മാറ്റി 'കാലത്തിനൊത്ത' വീക്ഷണങ്ങൾ നടപ്പാക്കണമെന്നാണ് അദ്ദേഹം പറയാൻ ശ്രമിക്കുന്നത്.

കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിൽ വന്നിട്ടുള്ള അഭിപ്രായങ്ങൾ റെഫറൻസിന് ഉപയോഗിക്കാമെന്നല്ലാതെ അവയെ അംഗീകൃത നിയമമായി സ്വീകരിക്കാൻ കഴിയില്ലെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അംഗീകൃത നിയമങ്ങളുടെ അടിസ്ഥാനം കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിലെ ചർച്ചകളല്ല, മറിച്ച് ഭരണഘടനയാണ്. ഭരണഘടനയുടെ അനുച്ഛേദം 25ന് നൽകിയ തലക്കെട്ട് തന്നെ 'മതസ്വാതന്ത്ര്യത്തിനുള്ള അവകാശം' (Right to Freedom of Religion) എന്നാണ്. അനുച്ഛേദം 26ന് നൽകിയ തലക്കെട്ട് 'മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം' (Freedom to manage religious affairs) എന്നാണ്. ഭരണഘടനയിൽ പറഞ്ഞിട്ടുള്ള 'Religion' എന്ന പദം 'കാലത്തിനൊത്ത ധാർമികത' എന്ന ആശയമല്ല നൽകുന്നത്. ദൈവവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ടിട്ടുള്ള വിശ്വാസപ്രമാണങ്ങളുടെ ഭാഗമായി ഉണ്ടായിട്ടുള്ള മതം എന്ന ആശയമാണ് അത് നൽകുന്നത്. മതങ്ങളുടെ ഭാഗമായിട്ടല്ലാതെ വരുന്ന കാര്യങ്ങൾ അനുസരിച്ച് ഒരാൾക്ക് ആശയങ്ങൾ രൂപപ്പെടുത്താം എന്ന് കരുതുന്നുണ്ടെങ്കിൽ അതിനുള്ള സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. അതാണ് അനുച്ഛേദം 25ന്റെ ഭാഗമായി പറഞ്ഞിട്ടുള്ള 'മനസാക്ഷി സ്വാതന്ത്ര്യത്തിനുള്ള അവകാശം' (Freedom of Conscience). ഇത്രയും വ്യക്തമായി ഭരണഘടന കാര്യങ്ങൾ വിശദീകരിക്കുമ്പോൾ കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിൽ ഒരാൾ പറഞ്ഞ അഭിപ്രായത്തെ പൊക്കിപ്പിടിച്ച് വളഞ്ഞു മൂക്കുപിടിക്കേണ്ട ആവശ്യമെന്താണ്?

**ഭരണഘടനയിൽ പറഞ്ഞിട്ടുള്ള 'Religion' എന്ന പദം 'കാലത്തിനൊത്ത ധാർമികത' എന്ന ആശയമല്ല നൽകുന്നത്. ദൈവവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ടിട്ടുള്ള വിശ്വാസപ്രമാണങ്ങളുടെ ഭാഗമായി ഉണ്ടായിട്ടുള്ള മതം എന്ന ആശയമാണ് അത് നൽകുന്നത്. മതങ്ങളുടെ ഭാഗമായിട്ടല്ലാതെ വരുന്ന കാര്യങ്ങൾ അനുസരിച്ച് ഒരാൾക്ക് ആശയങ്ങൾ രൂപപ്പെടുത്താം എന്ന് കരുതുന്നുണ്ടെങ്കിൽ അതിനുള്ള സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. അതാണ് അനുച്ഛേദം 25ന്റെ ഭാഗമായി പറഞ്ഞിട്ടുള്ള 'മനസാക്ഷി സ്വാതന്ത്ര്യത്തിനുള്ള അവകാശം' (Freedom of Conscience). ഇത്രയും വ്യക്തമായി ഭരണഘടന കാര്യങ്ങൾ വിശദീകരിക്കുമ്പോൾ കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിൽ ഒരാൾ പറഞ്ഞ അഭിപ്രായത്തെ പൊക്കിപ്പിടിച്ച് വളഞ്ഞു മൂക്കുപിടിക്കേണ്ട ആവശ്യമെന്താണ്?**

## ഗുപ്ത ഉദ്ധരിച്ച മറ്റു കേസുകൾ

കേശവാനന്ദ ഭാരതി കേസിന് പുറമെ ഹേമന്ത് ഗുപ്ത ഉദ്ധരിച്ച വിധികൾ ഇന്ദിരാഗാന്ധി v/s രാജ്നാരായണൻ കേസ് (1975), സിയാവുദ്ദീൻ ബുഖാരി കേസ് (1975), എസ്.ആർ.ബൊമ്മെ കേസ് (1994), സന്തോഷ്കുമാർ v/s ഐം.എച്ച്.ആർ.ഡി (1994), അരുണാ റോയ് v/s യൂണിയൻ ഓഫ് ഇന്ത്യ (2002) എന്നിവയാണ്.

## ഇന്ദിരാഗാന്ധി v/s രാജ്നാരായണൻ കേസ്

1975ലെ അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട കേസാണ് ഇന്ദിരാഗാന്ധി v/s രാജ്നാരായണൻ കേസ്. 1971ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ റായ്ബറേലിയിൽനിന്നും ഇന്ദിരാഗാന്ധി തെരഞ്ഞെടുക്കപ്പെട്ടത് തെരഞ്ഞെടുപ്പ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ടായിരുന്നു എന്നായിരുന്നു എതിർ സ്ഥാനാർഥി രാജ് നാരായണൻ നൽകിയ പരാതി. ഇതിനെ തുടർന്ന് 1975ൽ ഭരണഘടനയിൽ പ്രധാനമന്ത്രിയുടെയും സ്പീക്കറുടെയും തെരഞ്ഞെടുപ്പ് ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ല എന്ന ഭരണഘടനാ ഭേദഗതി കൊണ്ടുവന്നു. 39ാം ഭേദഗതി എന്നറിയ



പ്പെടുന്ന ഇത് ഭരണഘടനയിൽ അനുച്ഛേദം 329A ആയി ഇടംപിടിച്ചു. എന്നാൽ സുപ്രീംകോടതി ഈ ഭേദഗതി ഭരണഘടനയുടെ അടിസ്ഥാന സ്വഭാവത്തിന് എതിരാണെന്ന് കണ്ടെത്തുകയും തുടർന്ന് 1979ൽ പ്രസ്തുത ഭേദഗതി പിൻവലിക്കുകയും ചെയ്തു. ഈ കേസിൽ മതേതരത്വത്തിന് അടിവരയിടുന്ന പരാമർശങ്ങളാണ് കോടതി നടത്തിയത് എന്നിരിക്കെ അത് പൊതുയിടങ്ങളിൽ 'മതം' പാടില്ല എന്ന വാദത്തിന് ഒരിക്കലും തെളിവാവുകയില്ല.' 'the secular character of the State, according to which the State shall not discriminate against any citizen on the ground of religion...' (മതത്തിന്റെ പേരിൽ ഏതെങ്കിലും ഒരു പൗരനുമേൽ യാതൊരു വിവേചനവും കാണിക്കാതിരിക്കുക എന്നതാണ് ഒരു രാജ്യത്തിന്റെ സെക്കുലർ സ്വഭാവം) എന്ന ഇന്ദിരാഗാന്ധി കേസിലെ കോടതിവിധിയിലെ പരാമർശത്തെയാണ് ഗുപ്ത പിടികൂടിയിരിക്കികുന്നത്. അതായത് ഒരു വിഭാഗത്തിന് മാത്രം മതവേഷം അനുവദിക്കുക എന്നത് വിവേചനമാണ് എന്നാണ് അദ്ദേഹം പറയാൻ ശ്രമിച്ചത്. എന്നാൽ ഏതൊരു പൗരന്റെയും മതപരമായ സ്വാതന്ത്ര്യത്തിനുമേൽ വിവേചനം പാടില്ല എന്ന് അരക്കിട്ടുറപ്പിക്കുകയാണ് പ്രസ്തുത വിധി ചെയ്യുന്നത് എന്ന യാഥാർഥ്യത്തിനുമേൽ അദ്ദേഹം കണ്ണടയ്ക്കുകയാണ് ചെയ്യുന്നത്.

**സിയാവുദ്ദീൻ ബുഖാരി കേസ്**

1972ലെ മഹാരാഷ്ട്ര അസംബ്ലി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസാണ് സിയാവുദ്ദീൻ ബുഖാരി v/s ബ്രിജ്മോഹൻ രാംദാസ് മെഹ്റ കേസ്. കുംബർവാഡ നിയോജകമണ്ഡലത്തിൽ മത്സരിച്ച് വിജയിച്ച മുസ്‌ലിംലീഗ് നേതാവ് സിയാവുദ്ദീൻ ബുഖാരി മതവികാരങ്ങളെ ഉപയോഗിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് പ്രചാരണം നടത്തിയാണ് വിജയം നേടിയത് എന്നതിനാൽ അദ്ദേഹത്തിന്റെ വിജയം റദ്ദ് ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ട് മണ്ഡലത്തിലെ ഒരു വോട്ടറായ രാജ്മോഹൻ രാംദാസ് നൽകിയ അപ്പീലാണ് ഇത്. എതിർ സ്ഥാനാർഥിയായിരുന്ന കോൺഗ്രസിലെ ഛഗ്ല ഷൗക്കത്ത് കരിംഭായ് മുസ്‌ലിം വ്യക്തിനിയമം നിർവീര്യമാക്കണം എന്ന് പറയുന്നു എന്ന് ബുഖാരി തെരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ പ്രസംഗിച്ചു എന്നാണ് ഇതിന് തെളിവായി വോട്ടർ കോടതിയെ ധരിപ്പിച്ചത്. എന്നാൽ കോടതി പറഞ്ഞത് മുസ്‌ലിം വ്യക്തിനിയമം ഭരണഘടനാനുസൃതമായ നിയമമാണ്; അതിനെ മുസ്‌ലിം സമുദായവുമായി ബന്ധപ്പെടുത്തി പറയാൻ പാടില്ല എന്നായിരുന്നു. മാത്രവുമല്ല എതിർസ്ഥാനാർഥി പരാതി ഉന്നയിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഈ കേസ് കോടതി തള്ളുകയും പരാതിക്കാരനിൽനിന്ന് പിഴ ഈടാക്കുകയും ചെയ്തു. ഇനി ഈ കേസിൽ ബുഖാരി മതവികാരം ഇളക്കിവിട്ടു പ്രസംഗിച്ചാൽതന്നെയും അതൊരു തെരഞ്ഞെടുപ്പ് കേസാവുകയും അദ്ദേഹത്തിന്റെ നിയമസഭാ അംഗത്വം റദ്ദ് ചെയ്യപ്പെടുകയും ചെയ്യുക മാത്രമാണ് സംഭവിക്കുക. തെരഞ്ഞെടുപ്പിൽ മതപരമായ കാര്യങ്ങൾ പറഞ്ഞു വോട്ട് പിടിക്കാൻ പാടില്ല എന്ന ചട്ടവും ശിരോവസ്ത്രം പോലെയുള്ള തികച്ചും വ്യക്തിപരമായ കാര്യങ്ങളും കൂട്ടിക്കുഴച്ചുകൊണ്ടുള്ള ഗുപ്തയുടെ നിരീക്ഷണം സാമാന്യയുക്തിക്ക് നിരക്കുന്നതല്ല.

> **സുപ്രീംകോടതി ഒരു ദൈവാധിപത്യ രാഷ്ട്രം രൂപീകരിക്കുന്നതിനെയും ഏതെങ്കിലും പ്രത്യേക മതത്തിന് പ്രാമുഖ്യം നൽകുന്നതിനെയും ശക്തമായി വിമർശിച്ചിട്ടുണ്ട്. എല്ലാ മതങ്ങൾക്കും തുല്യ പരിഗണനയാണ് നൽകേണ്ടതെന്ന് അതിൽ ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്. രാജ്യത്തിന്റെ മതനിരപേക്ഷ പ്രവർത്തനങ്ങളിലേക്കുള്ള മതത്തിന്റെ കടന്നുകയറ്റം നിരോധിക്കണമെന്നും മതം രാഷ്ട്രകാര്യങ്ങളിൽ ഇടപെടാൻ പാടില്ലെന്നും വിധി ചൂണ്ടിക്കാണിക്കുന്നു. സെക്കുലർ എന്ന ആശയം കേവലം മതസഹിഷ്ണുതയുടെ പരിധിയിൽ നിൽക്കുന്ന നിഷ്ക്രിയമായ ആശയമല്ല. മറിച്ച് എല്ലാ മതങ്ങളോടും തുല്യ പരിഗണന എന്ന ക്രിയാത്മകമായ ആശയംകൂടി അതിൽ അടങ്ങുന്നുണ്ട് എന്ന ശക്തമായ പരാമർശവും അതിലുണ്ട്.**

**എസ്.ആർ.ബൊമ്മെ കേസ്**

1994ലെ എസ്.ആർ.ബൊമ്മെ v/s യൂണിയൻ ഓഫ് ഇന്ത്യ കേസ് സംസ്ഥാനങ്ങളിലെ രാഷ്ട്രപതി ഭരണവുമായിബന്ധപ്പെട്ട കേസാണ്. ഭരണഘടനയുടെ അനുച്ഛേദം 356 പ്രകാരം സംസ്ഥാന ഗവർണർ നൽകുന്ന റിപ്പോർട്ട് അനുസരിച്ച് ഏതൊരു സംസ്ഥാനത്തെയും സർക്കാരിനെ പിരിച്ചുവിട്ട് അവിടെ രാഷ്ട്രപതി ഭരണം ഏർപ്പെടുത്താമെന്നാണ്. 1994ൽ ജനതാദളിൽ ഉണ്ടായ ഭിന്നതയെ തുടർന്ന് എസ്.ആർ. ബൊമ്മെയുടെ നേതൃത്വത്തിലുള്ള അന്നത്തെ കർണാടക സർക്കാരിനെ പിരിച്ചുവിടുകയും രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുകയും ചെയ്ത സംഭവത്തെ തുടർന്ന് മുഖ്യമന്ത്രി എസ്.ആർ.ബൊമ്മെ നൽകിയ അപ്പീലാണ് ഇത്.

ഈ കേസിന്റെ വിധിന്യായത്തിൽ സെക്കുലറിസവുമായി ബന്ധപ്പെട്ട ശക്തമായ ചില നിരീക്ഷണങ്ങൾ കോടതി നടത്തിയിട്ടുണ്ട്. അതാണ് ഇവിടെ ഹേമന്ദ് ഗുപ്ത ഉദ്ധരിക്കുന്നത്. പ്രസ്തുത നിരീക്ഷണങ്ങൾ ഇങ്ങനെയാണ്: സുപ്രീം കോടതി ഒരു ദൈവാധിപത്യ രാഷ്ട്രം രൂപീകരിക്കുന്നതിനെയും ഏതെങ്കിലും പ്രത്യേക മതത്തിന് പ്രാമുഖ്യം നൽകുന്നതിനെയും ശക്തമായി വിമർശിച്ചിട്ടുണ്ട്. എല്ലാ

മതങ്ങൾക്കും തുല്യ പരിഗണനയാണ് നൽകേണ്ടതെന്ന് അതിൽ ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്. രാജ്യത്തിന്റെ മതനിരപേക്ഷ പ്രവർത്തനങ്ങളിലേക്കുള്ള മതത്തിന്റെ കടന്നുകയറ്റം നിരോധിക്കണമെന്നും മതം രാഷ്ട്രകാര്യങ്ങളിൽ ഇടപെടാൻ പാടില്ലെന്നും വിധി ചൂണ്ടിക്കാണിക്കുന്നു. സെക്കുലർ എന്ന ആശയം കേവലം മതസഹിഷ്ണുതയുടെ പരിധിയിൽ നിൽക്കുന്ന നിഷ്ക്രിയമായ ആശയമല്ല. മറിച്ച് എല്ലാ മതങ്ങളോടും തുല്യ പരിഗണന എന്ന ക്രിയാത്മകമായ ആശയംകൂടി അതിൽ അടങ്ങുന്നുണ്ട് എന്ന ശക്തമായ പരാമർശവും അതിലുണ്ട്.

എല്ലാ മതങ്ങൾക്കും തുല്യ പരിഗണന എന്നും മതം രാഷ്ട്രകാര്യങ്ങളിൽ ഇടപെടരുത് എന്നുമുള്ള പരാമർശങ്ങളെയാണ് ഗുപ്ത അടിവരയിടുന്നത്. അതുകൊണ്ട് മുസ്‌ലിം പെൺകുട്ടികൾക്ക് മാത്രം പ്രത്യേക പരിഗണന നൽകാൻ സാധിക്കില്ലെന്നും അങ്ങനെ അനുവദിക്കുന്നത് രാഷ്ട്രത്തിന്റെ പ്രതിരൂപമായ വിദ്യാലയങ്ങളിൽ മതത്തിന് ഇടപെടാൻ അവസരം നൽകാനുമാണ് എന്നാണ് ഗുപ്ത പറയാൻ ശ്രമിക്കുന്നത്. എന്നാൽ ജസ്റ്റിസ് ധൂലിയയുടെ വിധിന്യായത്തിൽ ഇതിനുള്ള കൃത്യമായ മറുപടി നൽകിയിട്ടുണ്ട്. ഒരു വ്യക്തിയുടെ മൗലികാവകാശത്തിൽ രാഷ്ട്രത്തിന് കൈവെക്കാനുള്ള പരിധി ഭരണഘടന നിർവചിച്ചിട്ടുണ്ട്. ക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയ്ക്ക് ഭംഗം വരുന്നുണ്ടെങ്കിൽ മാത്രമേ അതിൽ രാഷ്ട്രത്തിന് ഇടപെടാൻ സാധിക്കൂ എന്നാണ് ഭരണഘടന പറയുന്നത്.

**സന്തോഷ്കുമാർ v/s എം.എച്ച്.ആർ.ഡി**

സന്തോഷ് കുമാർ v/s മാനവ വിഭവശേഷി മന്ത്രാലയം കേസ് (1994) സി.ബി.എസ്.ഇ സിലബസിൽ സംസ്കൃതം ഒരു ഐച്ഛിക വിഷയമായി ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ടായിരുന്നു. ആ കേസിന്റെ വിധിന്യായത്തിലുള്ള കോടതി പരാമർശങ്ങളിൽ ഇങ്ങനെ കാണാം: 'ജസ്റ്റിസ് എച്ച്.ആർ.ഖന്നയുടെ അഭിപ്രായത്തിൽ മതേതരത്വം എന്ന ആശയം ദൈവവിരുദ്ധമോ ദൈവത്തിന് അനുകൂലമോ അല്ല. അത് ഈശ്വരഭക്തരെയും അജ്ഞേയവാദികളെയും നിരീശ്വരവാദികളെയും ഒരുപോലെ പരിഗണിക്കുന്നു.' ഈ പരാമർശത്തെയാണ് ജസ്റ്റിസ് ഗുപ്ത ഉയർത്തിക്കാണിക്കുന്നത്. ഇതിലെവിടെയാണ് മുസ്‌ലിം പെൺകുട്ടികളുടെ ശിരോവസ്ത്രം നിരോധിക്കാവുന്നതാണ് എന്ന പോയിന്റ് ഉള്ളത്?

**അരുണാ റോയ് v/s യൂണിയൻ ഓഫ് ഇന്ത്യ**

എൻ.സി.ഇ.ആർ.ടി പ്രസിദ്ധീകരിച്ച ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടായിരുന്നു 2002ലെ അരുണാ റോയ് v/s യൂണിയൻ ഓഫ് ഇന്ത്യ കേസിന് ആസ്പദം. വിധിപ്രസ്താവത്തിൽ കോടതി പ്രധാനമായും ആശ്രയിച്ചത് 1999ലെ എസ്.ബി.ചവാൻ റിപ്പോർട്ടായിരുന്നു. മതങ്ങളെ കുറിച്ചുള്ള പഠനം സ്കൂളുകളിൽ നടപ്പാക്കുന്നത് സാമൂഹിക ഐക്യത്തിനും മത സൗഹാർദത്തിനുമുള്ള ഉപകാരണമായിരിക്കുമെന്നായിരുന്നു കമ്മിറ്റി നിർദേശിച്ചത്. 'ഇവിടെ ഒരു ജാഗ്രത ആവശ്യമാണ്. മതങ്ങളെക്കുറിച്ചുള്ള വിദ്യാഭ്യാസം അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം. വ്യക്തിപരമായ മുൻവിധികളോ സങ്കുചിത ചിന്താഗതികളോ ഈ ഉദ്യമത്തിന്റെ യഥാർഥ ലക്ഷ്യത്തെ വളച്ചൊടിക്കാൻ പാടില്ല. മതങ്ങളെക്കുറിച്ചുള്ള വിദ്യാഭ്യാസത്തിന്റെ പേരിൽ ആചാരങ്ങളും പിടിവാശികളും അന്ധവിശ്വാസങ്ങളും പ്രചരിപ്പിക്കുന്നില്ലെന്നും ഉറപ്പാക്കാൻ എല്ലാ നടപടികളും മുൻകൂട്ടി സ്വീകരിക്കണം. എല്ലാ മതങ്ങളെയും തുല്യ ബഹുമാനത്തോടെ പരിഗണിക്കേണ്ടതുണ്ട്.'

മതങ്ങളുടെ ആചാരങ്ങളും വിശ്വാസങ്ങളും മറ്റും സർക്കാർ ചെലവിൽ നടത്തുന്നതിനെ കുറിച്ചാണ് വിധിയിൽ പരാമർശമുള്ളത്. ഒരിക്കലും ഒരു വ്യക്തി അയാളുടെ മനഃസാക്ഷിയുടെ അടിസ്ഥാനത്തിലോ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലോ നിർവഹിക്കുന്ന അയാളുടെ വ്യക്തിപരമായ കാര്യങ്ങളെ കുറിച്ചല്ല ഈ പരാമർശം. കാരണം ഭരണഘടന ഒരു പൗരന് നൽകിയിട്ടുള്ള ഏതൊരു അവകാശത്തിൻമേലും ഭരണഘടന നിർദേശിച്ച രൂപത്തിൽ അല്ലാതെയുള്ള നിയന്ത്രണം കൊണ്ടുവരാൻ കോടതികൾക്ക്സാധ്യമാവില്ല.

**മതങ്ങളുടെ ആചാരങ്ങളും വിശ്വാസങ്ങളും മറ്റും സർക്കാർ ചെലവിൽ നടത്തുന്നതിനെ കുറിച്ചാണ് വിധിയിൽ പരാമർശമുള്ളത്. ഒരിക്കലും ഒരു വ്യക്തി അയാളുടെ മനഃസാക്ഷിയുടെ അടിസ്ഥാനത്തിലോ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലോ നിർവഹിക്കുന്ന അയാളുടെ വ്യക്തിപരമായ കാര്യങ്ങളെ കുറിച്ചല്ല ഈ പരാമർശം. കാരണം ഭരണഘടന ഒരു പൗരന് നൽകിയിട്ടുള്ള ഏതൊരു അവകാശത്തിൻമേലും ഭരണഘടന നിർദേശിച്ച രൂപത്തിൽ അല്ലാതെയുള്ള നിയന്ത്രണം കൊണ്ടുവരാൻ കോടതികൾക്ക് സാധ്യമാവില്ല.**

# സൂറ: അസ്സുമർ

## (കൂട്ടങ്ങൾ)

(മക്കയിൽ അവതരിച്ചത്)

അധ്യായം 39

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

تَنزِيلُ ٱلۡكِتَٰبِ مِنَ ٱللَّهِ ٱلۡعَزِيزِ ٱلۡحَكِيمِ ١

إِنَّآ أَنزَلۡنَآ إِلَيۡكَ ٱلۡكِتَٰبَ بِٱلۡحَقِّ فَٱعۡبُدِ
ٱللَّهَ مُخۡلِصٗا لَّهُ ٱلدِّينَ ٢

أَلَا لِلَّهِ ٱلدِّينُ ٱلۡخَالِصُۚ وَٱلَّذِينَ ٱتَّخَذُواْ
مِن دُونِهِۦٓ أَوۡلِيَآءَ مَا نَعۡبُدُهُمۡ إِلَّا
لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ إِنَّ ٱللَّهَ يَحۡكُمُ بَيۡنَهُمۡ
فِي مَا هُمۡ فِيهِ يَخۡتَلِفُونَۗ إِنَّ ٱللَّهَ لَا يَهۡدِي
مَنۡ هُوَ كَٰذِبٞ كَفَّارٞ ٣

لَّوۡ أَرَادَ ٱللَّهُ أَن يَتَّخِذَ وَلَدٗا لَّٱصۡطَفَىٰ مِمَّا
يَخۡلُقُ مَا يَشَآءُۚ سُبۡحَٰنَهُۥۖ هُوَ ٱللَّهُ ٱلۡوَٰحِدُ
ٱلۡقَهَّارُ ٤

1. ഈ ഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു.
2. തീർച്ചയായും നിനക്ക് നാം ഈ ഗ്രന്ഥം അവതരിപ്പിച്ചു തന്നത് സത്യപ്രകാരമാകുന്നു. അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ നീ ആരാധിക്കുക.
3. അറിയുക; അല്ലാഹുവിനുമാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവനുപുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻവേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.
4. ഒരു സന്താനത്തെ സ്വീകരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ സൃഷ്ടിക്കുന്നതിൽനിന്ന് അവൻ ഇഷ്ടപ്പെടുന്നത് അവൻ തെരഞ്ഞെടുക്കുമായിരുന്നു. അവൻ എത്ര പരിശുദ്ധൻ! ഏകനും സർവാധിപതിയുമായ അല്ലാഹുവത്രെ അവൻ.

1) ഖുർആനിന്റെ മഹത്ത്വത്തെക്കുറിച്ചും അത് സംസാരിച്ചവന്റെയും അത് ഇറക്കിയവന്റെയും മഹത്ത്വത്തെക്കുറിച്ചും അല്ലാഹു ഇവിടെ പറയുന്നു. യുക്തിമാനും പ്രതാപിയുമായവന്റെ പക്കൽനിന്നിറങ്ങിയ ഗ്രന്ഥം. പടപ്പുകളുടെ ആരാധ്യനായവൻ, മനുഷ്യരാശിയോട് സ്നേഹമുള്ളവൻ, അവൻ ആരാധ്യനാകുന്നത് അവന്റെ മഹത്ത്വത്താലും പൂർണതയാലുമാണ്. എല്ലാ സൃഷ്ടികളുടെ മേലും അധിപതിയായ പ്രതാപശാലി. എല്ലാം അവന് കീഴൊതുങ്ങുന്നു. അവന്റെ സൃഷ്ടിപ്പിലും കൽപനാധികാരത്തിലും മഹത്തായ യുക്തികളുണ്ട്.

ഈ വിശേഷണങ്ങളുടെ ഉടമസ്ഥനിൽനിന്നിറങ്ങിയതാണ് ഖുർആൻ. സംസാരമെന്നത് സംസാരിക്കുന്നവന്റെ വിശേഷണമാണ്. അല്ലാഹു സമാനതകളില്ലാത്ത പരിപൂർണനനാണ്. എല്ലാ നിലയ്ക്കും അവൻ ഏകനാണ്. അതുപോലെ അവന്റെ വചനം എല്ലാവശങ്ങളിലും തികഞ്ഞതാണ്. അതിനു സമാനമായി ഒന്നുമില്ല. ഇതു മാത്രം മതി ഖുർആനിന്റെ മഹത്ത്വം തെളിയിക്കാൻ.

എന്നാൽ ഖുർആനിന്റെ മഹത്ത്വം വീണ്ടും വിശദീകരിക്കുന്നു. ഖുർആൻ ഇറക്കിയത് ആർക്കാണ്? മുഹമ്മദ് നബി(സ)ക്ക്. സൃഷ്ടികളിൽ അത്യുത്തമൻ. ഖുർആനാകട്ടെ ഗ്രന്ഥങ്ങളിൽ അത്യുത്തമമെന്നത് അംഗീകരിക്കപ്പെട്ടതും. അതിലുള്ളതാകട്ടെ പരിപൂർണ സത്യങ്ങളും. അതിൽ യാതൊരു സംശയവുമില്ല. പടപ്പുകളെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് എത്തിക്കലാണ് അതിന്റെ ലക്ഷ്യം. അതിലെ ശരിയായ വിവരങ്ങളും നീതിപൂർണമായ മതവിധികളും ആ സത്യതയെ സ്ഥാപിക്കുന്നു. അതിലുള്ളതെല്ലാം എല്ലാ മേഖലകളിലുമുള്ള സത്യത്തിന്റെ വിവിധ ഇനങ്ങളാണ്. സത്യമല്ലാത്തതെല്ലാം വഴികേട് മാത്രമാണ്.

2). സത്യമായിട്ടവതരിച്ചതിനാൽ മഹാനായ ഒരു വ്യക്തിയിലൂടെ മനുഷ്യർക്കെല്ലാം അത് സത്യത്തിന്റെ നേർവഴി കാണിക്കുന്നു എന്നൊരാശയവും അതിലുണ്ട്. അത് മനുഷ്യർക്ക് ലഭിച്ച മഹത്തായ ഒരനുഗ്രഹമാണ്. നന്ദി അനിവാര്യമാകുന്ന കാര്യം. ആ നന്ദിയാവട്ടെ കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കുക എന്നതാണ്. അതാണ് അല്ലാഹു പറഞ്ഞത്:(അതിനാൽ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ നീ ആരാധിക്കുക). കാര്യങ്ങളെല്ലാം, അത് പ്രത്യക്ഷമാകട്ടെ പരോക്ഷമാകട്ടെ അല്ലാഹുവിൽ മാത്രമായി സമർപ്പിക്കുക. അതിൽ ഇസ്‌ലാമും ഈമാനും ഇഹ്സാനും ഉൾപ്പെട്ടു. ഇതിലെല്ലാം അവന്റെ പ്രീതി മാത്രം ആഗ്രഹിക്കണം. അത് അവന് മാത്രമായിരിക്ക ണം. മറ്റു താൽപര്യങ്ങളൊന്നും ഉണ്ടായിക്കൂടാ.

3). (അറിയുക, അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്‌വണക്കം) ആരാധനകൾ അല്ലാഹുവിന് നിഷ്കളങ്കമാക്കുക എന്ന കൽപനയെ സ്ഥാപിക്കുകയാണിവിടെ. അല്ലാഹുവിന്റെ പരിപൂർണതയെക്കുറിച്ചും തന്റെ ദാസന്മാരിൽ എല്ലാ നിലയ്ക്കും അവനുള്ള മഹത്ത്വത്തെക്കുറിച്ചും നാം വിശദീകരിച്ചിട്ടുണ്ട്. അതുപോലെതന്നെയാണ് നിഷ്കളങ്കമായ കീഴ്‌വണക്കവും. ഒരു കലർപ്പുമില്ലാത്ത തെളിഞ്ഞ ഒരു മതമാണിത്. അല്ലാഹു അതിനെ സ്വയം തൃപ്തിപ്പെടുകയും തന്റെ പടപ്പുകൾക്ക് അതിനെ തൃപ്തിപ്പെട്ട് നൽകുകയും ചെയ്തു. അതനുസരിച്ച് ജീവിക്കാൻ അവരോട് കൽപിക്കുകയും ചെയ്തു. അവനോടുള്ള ഭയത്തിലും പ്രതീക്ഷയിലും സ്നേഹത്തിലും ഖേദത്തിലും ആവശ്യങ്ങൾ ചോദിക്കുന്നതിലുമെല്ലാമുള്ള ആരാധന അവനു മാത്രമായിരിക്കണം എന്നൊരാശയം അതുൾക്കൊള്ളുന്നു. ആരാധനയിൽ യാതൊരു ശിർക്കും സംഭവിക്കാതെ എല്ലാം അവനിലേക്കാകുന്നതിലൂടെ മനസ്സുകൾ സംസ്കരിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുക യും ചെയ്യുന്നു. എല്ലാ ശിർക്കിൽനിന്നും അല്ലാഹു ഒഴിവാണ്. അവൻ പങ്കാളികളെ സ്വീകരിക്കാൻ യാതൊരാവശ്യവുമില്ലാത്തവനാണ്. ശിർക്കാകട്ടെ ഹൃദയങ്ങളെ മലിനമാക്കും, ഇഹത്തിലും പരത്തിലും മനസ്സിനെ അത് വലിയ ദുരന്തങ്ങളിൽ എത്തിക്കും.

അതുകൊണ്ടാണ് തൗഹീദ് പരാമർശിച്ചപ്പോൾ തന്നെ ശിർക്കിനെ വിരോധിച്ചതും ശിർക്ക് വെക്കുന്നവരെ ആക്ഷേപിക്കുകയും കൂടി ചെയ്തത്. (അവനു പുറമെ രക്ഷാധികാരികളെ സ്വീകരിക്കുന്നവർ പറയുന്നു) ആരാധിക്കാനും പ്രാർഥിക്കാനുമുള്ള രക്ഷാധികാരികളാക്കിയവർ, തങ്ങളുടെ പ്രവൃത്തികളെ ന്യായീകരിച്ചുകൊണ്ട് പറയുന്നു: (അല്ലാഹുവിങ്കലേക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻവേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്) ഞങ്ങളുടെ ആവശ്യങ്ങൾ അല്ലാഹുവിലേക്ക് എത്തിക്കാനും അവന്റെയടുക്കൽ ഞങ്ങൾക്ക് ശുപാർശ ചെയ്യാനും വേണ്ടിയാണ്. ഞങ്ങൾക്കറിയാമല്ലോ അവർ സൃഷ്ടിക്കുകയോ ഭക്ഷണം നൽകുകയോ ഏതെങ്കിലും കാര്യം ഉടമപ്പെടുത്തുകയോ ചെയ്യുന്നില്ലെന്ന്.

ശരിയായ തൗഹീദിനെ ഇവർ ഉപേക്ഷിച്ചു. ഏറ്റവും വലിയ നിഷിദ്ധം പ്രവർത്തിക്കാൻ അവർ ധൈര്യപ്പെട്ടു. അതായത് ശിർക്ക് ചെയ്യാൻ. രാജാധിരാജന്, തുല്യരില്ലാത്തവന് അവർ തുല്യരെയുണ്ടാക്കി. പിഴച്ച ചിന്തയും ദുർബല അഭിപ്രായങ്ങളുംകൊണ്ട് അവർ ന്യായീകരിച്ചു. രാജാക്കന്മാരിലേക്ക് മന്ത്രിമാരും ശുപാർശകരും അടുപ്പക്കാരുമില്ലാതെ എത്താനാവില്ല. അവരാണ് പ്രജകളുടെ ആവശ്യം അവരിലേക്കെത്തിക്കുകയും അവരോട് ദയ ചോദിക്കുകയും അവർക്ക് ആവശ്യമുള്ളത് നേടാൻ ആളുകളെ സഹായിക്കുക

യും ചെയ്യുന്നത്. അല്ലാഹുവും അതുപോലെയാണെന്ന് അവർ വാദിച്ചു.

ഈ സമാനതപ്പെടുത്തൽ വളരെയേറെ അപകടകരമാണ്. അത് സൃഷ്ടിയെയും സ്രഷ്ടാവിനെയും തുല്യരാക്കുകയാണ്. അവ തമ്മിലാവട്ടെ, വലിയ അന്തരമുണ്ട്. ബുദ്ധിയും പ്രമാണവുമെല്ലാം അതിനെ ശരിവെക്കുന്നു. രാജാക്കന്മാർക്ക് പ്രജകൾക്കിടയിൽ മധ്യസ്ഥന്മാർ വേണം. കാരണം അവർക്ക് തങ്ങളുടെ പ്രജകളുടെ അവസ്ഥകൾ അറിയില്ല. അപ്പോൾ പറഞ്ഞുകൊടുക്കാൻ ആളുവേണം. അറിയുമെങ്കിൽ തന്നെ അവർ അവരോട് ദയ കാണിച്ചുകൊള്ളണമെന്നുമില്ല. അപ്പോൾ ദയ കാണിക്കാൻ പറയേണ്ടി വരും. അവർക്കത് നേരെ പറയാൻ ഭയമായിരിക്കും. അപ്പോൾ മധ്യസ്ഥരുടെ വാക്ക് സ്വീകരിച്ച് അവരുടെ ആവശ്യം നിർവഹിക്കപ്പെടും. തങ്ങളുടെ സമ്പത്ത് നഷ്ടപ്പെടുമെന്ന ഭയത്താൽ അവർ സഹായം തടഞ്ഞേക്കാം എന്നതിനാൽ അവർക്കും ആവശ്യമുണ്ട്.

എന്നാൽ അല്ലാഹു പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ കാര്യങ്ങളും അറിയുന്നവനാണ്. തന്റെ ദാസന്മാരെക്കുറിച്ചു പറഞ്ഞുകൊടുക്കുകയോ അറിയിച്ചുകൊടുക്കുകയോ ചെയ്യാൻ ആരും ആവശ്യമില്ല. അവൻ ഏറ്റവും വലിയ കാരുണ്യവാനും ഔദാര്യവാനുമാണ്. തന്റെ ദാസന്മാരോട് കരുണ ചെയ്യാൻ ആരും പറയേണ്ടതില്ല. അവർക്കും അവരുടെ മാതാപിതാക്കൾക്കും അവരോടുള്ളതിനെക്കാളും കരുണ അവന്റേതാണ്. അവർക്കവന്റെ കരുണ ലഭിക്കാനുള്ള മാർഗങ്ങൾ അവൻതന്നെ അവർക്ക് നിർദേശിച്ചുകൊടുക്കുന്നു. അവർ പോലും അവർക്ക് വിചാരിക്കാത്ത ഗുണങ്ങൾ അവൻ അവർക്ക് വിചാരിക്കുന്നു.

അവൻ ആവശ്യമില്ലാത്തവനും പൂർണമായും സ്വയം പര്യാപ്തനുമാണ്. അവന്റെ പടപ്പുകളിൽ ആദ്യത്തെ ആൾ മുതൽ അവസാനത്തെ ആൾവരെ ഒരു സ്ഥലത്ത് ഒരുമിച്ച് കൂടി ചോദിച്ചാലും അങ്ങനെ അവൻ ചോദിച്ചതും ആഗ്രഹിച്ചതും മുഴുവൻ നൽകിയാലും അവന് സ്വന്തമായുള്ളതിൽ യാതൊരു കുറവും വരികയില്ല. -എല്ലാ ശുപാർശകരും അവനെ പേടിക്കുന്നു. അവന്റെ അനുവാദമില്ലാതെ ഒരാളും അവന്റെയടുക്കൽ ശുപാർശ ചെയ്യില്ല. ശുപാർശയുടെ മുഴുവൻ അധികാരവും അവനത്രെ. ഈ വ്യതിരിക്തതകളിൽ നിന്നും അല്ലാഹുവിനെ കുറിച്ച് ബഹുദൈവ വിശ്വാസികൾക്കുള്ള അറിവില്ലായ്മയും ബുദ്ധിശൂന്യതയും മനസ്സിലാകും. അവനെതിരെ അവർക്കുള്ള ധൈര്യവും.

മറ്റൊരു കാര്യം എന്തുകൊണ്ടാണ് ശിർക്ക് പൊറുക്കപ്പെടാത്ത ഒരു പാപമായിത്തീരുന്നത് എന്നതാണ്. കാരണം, അവർ അവന്റെ മേൽ തെറ്റായ ആരോപണങ്ങൾ ഉന്നയിക്കുന്നു. അതിനാൽ മുശ്രിക്കുകൾക്കും ഏകദൈവ വിശ്വാസികൾക്കുമിടയിൽ വിധിപറഞ്ഞുകൊണ്ടും അവരെ താക്കീത് ചെയ്തുകൊണ്ടും അല്ലാഹു പറയുന്നു: (അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധി കൽപിക്കുകതന്നെ ചെയ്യും) അവന്റെ തീരുമാനം വ്യക്തമാണ്. അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന വിശ്വാസികൾ സുഖാനുഗ്രഹത്തിന്റെ സ്വർഗത്തിൽ, അല്ലാഹുവിൽ പങ്കുചേർക്കുന്നവർ നരകത്തിൽ. അവർക്ക് സ്വർഗം നിഷിദ്ധമാണ്.

(തീർച്ചയായും അല്ലാഹു സന്മാർഗത്തിൽ ആക്കില്ല) ശരിയായ മാർഗത്തിലെത്താൻ അല്ലാഹു അവർക്ക് വഴി കാണിക്കില്ല. (നുണയനും നന്ദികെട്ടവനുമായവനെ) അവനെ വിശേഷിപ്പിച്ചത് കളവും നിഷേധവും കൊണ്ടാണ്. അതായത്, ഉപദേശങ്ങളും തെളിവുകളും വന്നെത്തുമ്പോഴെല്ലാം അതിനെ കളവാക്കുകയും നിഷേധിക്കുകയും ചെയ്യുന്നു. അവർക്കെങ്ങനെ ഹിദായത്ത് കിട്ടും? ആ കവാടം അവന്റെ മേൽ അടക്കപ്പെട്ടു. അവന്റെ ഹൃദയത്തിന് അല്ലാഹു സീൽ വെച്ചു. അപ്പോൾ അവനെങ്ങനെ വിശ്വസിക്കും?

4). (ഒരു സന്താനത്തെ സ്വീകരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ) വിഡ്ഢികളായ ആളുകൾ വാദിക്കുന്നതുപോലെ. (അവൻ സൃഷ്ടിക്കുന്നതിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നത് അവൻ തെരഞ്ഞെടുക്കുമായിരുന്നു) തന്റെ സൃഷ്ടികളിൽനിന്ന് ഉദ്ദേശിക്കുന്നവരെ തെരഞ്ഞെടുക്കുകയും അവരെ തന്റെ സന്താനത്തിന്റെ സ്ഥാനത്ത് നിർത്തുകയും ചെയ്യുമായിരുന്നു. അവന് ഇണയെ സ്വീകരിക്കേണ്ട യാതൊരു ആവശ്യവുമില്ല. (അവൻ എത്ര പരിശുദ്ധൻ) അവിശ്വാസികൾ അവനെപ്പറ്റി വിചാരിക്കുന്നതിൽനിന്നും നിഷേധികൾ അവനിൽ ആരോപിക്കുന്നതിൽനിന്നുമെല്ലാം അവൻ പരമപരിശുദ്ധനായിരിക്കുന്നു.

(ഏകനും സർവാധിപതിയുമായ അല്ലാഹുവത്രെ അവൻ) സത്തയിലും നാമത്തിലും വിശേഷണത്തിലുമെല്ലാം ഏകനായവൻ, അവന്റെ പ്രവർത്തനത്തിലും അവന് തുല്യരാരുമില്ല. സമന്മാരും ഇല്ല. അവന് മകനുണ്ടായിരുന്നെങ്കിൽ അവന് സാദൃശ്യമായി. അപ്പോൾ അവൻ ഏകനായിരിക്കില്ല. കാരണം അത് അവനിൽ നിന്നുതന്നെയുള്ള ഒരു ഭാഗമാണ്. അവൻ ലോകത്തിന്റെ മുഴുവൻ അധിപതിയാണ്; മുഴുവൻ ലോകങ്ങളുടെയും. അവന് സന്താനമുണ്ടെങ്കിൽ അവന്റെമേൽ പൂർണ ആധിപത്യം ഉണ്ടാവില്ല. അവന് പിതാവിന്റെമേൽ സ്വാധീനം ഉണ്ടായിരിക്കും. അല്ലാഹുവിന്റെ ഏകത്വവും ആധിപത്യവും പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്നു. ഏകനാകുമ്പോൾ എല്ലാം അടക്കിഭരിക്കുന്നവനായിരിക്കും. എല്ലാം അടക്കിഭരിക്കുന്നവൻ ഏകനാവാതിരിക്കില്ല. ഇത് അവനിൽ പങ്കുചേർക്കപ്പെടുന്നതിനെയെല്ലാം നിരാകരിക്കുന്നു. ■



# സംസാരത്തിലും അമാനത്ത്!

സിയാദ് അൽഹികമി, വയനാട്
: 87142 53150

ജാബിറി(റ)ൽനിന്ന് നിവേദനം; റസൂൽ(സ്വ) പറഞ്ഞു: 'ഒരാൾ മറ്റൊരാളോട് സംസാരിക്കുകയും തുടർന്ന് അയാൾ ചുറ്റും തിരിഞ്ഞുനോക്കുകയും (മറ്റുള്ളവർ കേൾക്കുന്നുണ്ടോ എന്നറിയാൻ) ചെയ്താൽ അത് (അവരുടെ ആ സംസാരം) അമാനത്താണ്' (അബൂദാവൂദ്, തിർമിദി).

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണല്ലോ. മറ്റുള്ളവരുമായി ഇടപെടുമ്പോൾ പാലിക്കേണ്ട ഒരുപാട് മര്യാദകളും നിർദേശങ്ങളും ഇസ്‌ലാം നൽകുന്നുണ്ട്. അവ നല്ലൊരു സമൂഹനിർമിതിക്കും അതിന്റെ കെട്ടുറപ്പിനും സഹായകമാണ്. പകയും വിദ്വേഷവും ഐക്യമില്ലായ്മയും പോലുള്ള, സാമൂഹിക- വൈയക്തിക ബന്ധങ്ങൾക്ക് വിലങ്ങുതടിയാകുന്ന എല്ലാ ദുർഗുണങ്ങൾക്കും എതിരാണ് ഇങ്ങനെയുള്ള നിയമങ്ങളും നിർദേശങ്ങളും.

സംസാരത്തിൽപോലും അമാനത്ത് പാലിക്കണമെന്നാണ് ഉപരിസൂചിത നബിവചനം അറിയിക്കുന്നത്. മനുഷ്യർ തമ്മിലുള്ള വിശ്വാസം നിലനിർത്തുകയാണ് ഇതിലൂടെ സംഭവിക്കുന്നത്. ഈ ഹദീസിന്റെ വെളിച്ചത്തിൽ നമ്മൾ തിരുത്തേണ്ട ചില ധാരണകളുണ്ട്. അമാനത്ത് പാലിക്കുക എന്നത് വിശ്വസിച്ചേൽപിക്കുന്ന മൂല്യമുള്ള വസ്തുക്കളിലോ ജോലിയിലോ മറ്റു ഉത്തരവാദിത്തങ്ങളിലോ മാത്രമല്ല, സംസാരത്തിന്റെ വിഷയത്തിലും അനിവാര്യമാണ്.

രഹസ്യങ്ങളും മറ്റുള്ളവർ അറിയുന്നത് ഇഷ്ടപ്പെടാത്തതുമായ കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കുമ്പോൾ അത് മൂന്നാമതൊരാൾ അറിയാതിരിക്കുക എന്നത് അമാനത്താണ്. രഹസ്യസ്വഭാവമുള്ളതും മറ്റുള്ളവരോട് പറയരുത് എന്ന് പറഞ്ഞതുമായ കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കാനുള്ള ത്വര മനുഷ്യന്റെ പ്രകൃതമാണ്. ആരോടും പറയരുത് എന്ന് പറഞ്ഞ സംഗതിയാണ്, നിന്നോട് മാത്രം പറയുകയാണ് എന്ന് പറഞ്ഞുകൊണ്ടായിരിക്കും പങ്കുവെക്കുക.

ആരോടും പറയരുത് എന്ന് പറഞ്ഞുകൊണ്ട് ഒരാൾ നമ്മോട് വല്ലതും പറഞ്ഞാൽ അത് അമാനത്താണ്. അത് മറ്റുള്ളവരോട് പറഞ്ഞുകൂടാ.

അമാനത്ത് പാലിക്കുന്നതിലെ ഗൗരവം സൂചിപ്പിക്കുന്ന ക്വുർആൻ സൂക്തങ്ങളും ഹദീസുകളും ഏറെയുണ്ട്. 'തങ്ങളെ വിശ്വസിച്ചേൽപിച്ച കാര്യങ്ങളും തങ്ങളുടെ ഉടമ്പടികളും പാലിച്ചു പോരുന്നവരും (ആണ് സത്യവിശ്വാസികൾ)' (മആരിജ് 32).

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചന കാണിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങളിൽ അറിഞ്ഞുകൊണ്ട് വഞ്ചന കാണിക്കുകയും ചെയ്യരുത്' (അൻഫാൽ27).

അമാനത്ത് പാലിക്കാതിരിക്കൽ അന്ത്യനാളിന്റെ അടയാളമാണ്. അബൂഹുറയ്‌റ(റ)യിൽനിന്നും നിവേദനം; റസൂൽ(സ്വ) പറഞ്ഞു: 'അമാനത്ത് നഷ്ടപ്പെടുത്തുന്ന കാലം എത്തിയാൽ അന്ത്യദിനം പ്രതീക്ഷിച്ചുകൊള്ളുക.' അപ്പോൾ ചോദിക്കപ്പെട്ടു: 'എങ്ങനെയാണ് അമാനത്ത് നഷ്ടപ്പെടുത്തുക?' റസൂൽ(സ്വ) മറുപടി പറഞ്ഞു: 'അമാനത്ത് നിറവേറ്റാൻ കഴിവില്ലാത്ത ആളുകളിലേക്ക് അമാനത്ത് ഏൽപിക്കുക' (ബുഖാരി).

അമാനത്ത് പാലിക്കുന്നതിൽ വീഴ്ച വരുത്തുക എന്നത് വലിയ ഗൗരവമുള്ള വിഷയമാണ്. പരസ്പരമുള്ള വിശ്വാസം മുഖവിലക്കെടുത്തുകൊണ്ടാണ് വ്യക്തിപരമായ രഹസ്യങ്ങളും മറ്റുള്ളവർ അറിയുന്നത് ഇഷ്ടമില്ലാത്ത കാര്യങ്ങളും പലപ്പോഴും പങ്കുവെക്കുക. അതിൽ വഞ്ചന കാണിക്കുന്നത് സത്യവിശ്വാസികളുടെ ഭാഗത്ത് നിന്ന് ഒരിക്കലും ഉണ്ടാവാൻ പാടില്ലാത്തതാണ്.




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
07 October 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM BOOKS

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478
http://www.wisdombooksonline.com